# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 44

വാല്യം - 14 ലക്കം - 11 തുലാം- 1197 നവംബർ 2022



# എറണാകുളം കരയോഗം നവരാത്രി ആഘോഷം - 2022





# ഉള്ളടക്കം

വാല്യം 14 | ലക്കം 11 | 2022


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 6 |
| ബാലലോകം | 8 |
| വാസ്തു. | 9 |
| ക്ഷേത്രങ്ങളിലൂടെ. | 10 |
| ശ്രീമഹാഭാഗവതം | 14 |
| യോഗ ചതുഷ്ടയം | 17 |
| കേരളത്തിലെ കലകൾ | 19 |
| ന്യൂട്ടന്റെ പ്രപഞ്ച ചലച്ചിത്രം | 23 |
| കർമ്മോത്തേജനം | 27 |
| കൈകേയി | 29 |
| ജീവിതചിന്തകൾ | 31 |
| താപവർദ്ധനവും ആരോഗ്യപ്രശ്നങ്ങളും | 35 |
| ത്വക്ക് രോഗങ്ങൾ | 39 |
| മാസഫലം | 41 |
| മാട്രിമോണിയൽ. | 42 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**


## എഡിറ്റോറിയൽ

# ഇവിടെ മാനുഷികത മരിച്ചോ?

**ഇ**രട്ട നരബലി, മനുഷ്യമാംസം ഭക്ഷണത്തിൽ ഉപയോഗിച്ചതായി റിപ്പോർട്ട്, താൻ മടിയിലിരുത്തി ലാളി ച്ചു വളർത്തിയ കൊച്ചുമോൻ (മകളുടെ മകൻ) മുത്തശ്ശിയെ തലയ്ക്കടിച്ചുകൊന്നു, കണ്ണൂരിൽ 23 വയസ്സു മാത്രം പ്രായമുള്ള സ്ത്രീയെ കഴുത്ത റുത്ത് കൊന്നു, കാമുകി കാമുകനെ വിഷം കൊടുത്തു കൊന്നു. കഴിഞ്ഞ അഞ്ചാറു ദിവസമായി വന്ന വാർത്തകളിൽ ചിലതാണിത്. പൈശാചികവും ഹീനവുമായ ഇത്തരം വാർത്തകൾ കേട്ട് നടുങ്ങി നില്ക്കുകയാണ് കേരളം. രാജ്യത്തെ മുഴുവൻ, ലോകജനതയ്ക്കു മുമ്പിൽ അപമാനപ്പെടുത്തുന്ന ഇത്തരം പ്രവർത്തികൾ ഏന്തെ കേരളത്തിൽ തുടരെത്തുടരെ ഉണ്ടാ കുന്നു എന്ന ചോദ്യവുമായി മൂക്കത്ത് വിരൽ വെയ്ക്കുകയാണ് ബാക്കി ഭാരതീയർ. ലോക ജനത മുഴുവൻ നി ന്ദ്യവും നീചവുമായ ഈ പ്രവർത്തി കണ്ട്, ഈ പരിഷ്കൃത സമൂഹത്തിലും ഇപ്പോഴും ഇത്തരം കാടത്തം കാട്ടുന്നവരുണ്ടോ എന്ന ചോദ്യവുമായി അത്ഭുതം കൂറി നില്ക്കുന്നു. എന്തേ, എന്തു പറ്റി നമ്മുടെ നാടിന്? ഏറ്റവും കൂടുതൽ അഭ്യസ്ഥവിദ്യരുള്ള സംസ്ഥാനമെന്ന് മേനി നടിക്കുന്ന കേരളത്തിലാണ് ഇതെല്ലാം നടക്കുന്നത്. ഒപ്പം ഇതും കേൾക്കുന്നു. നിയമപരിപാലകരായ പോലീസുകാർ നിരപരാധികളെ പോലീസ് സ്റ്റേഷനിലിട്ട് തല്ലി

ചതയ്ക്കുന്നു; കള്ളക്കേസ്സിൽ പെടുത്തുന്നു. കൊല്ലത്തു നിന്നും ഇതാ മറ്റൊരു വാർത്ത അറബി മാന്ത്രികത്തിനായി ഒരു സ്ത്രീയെ ബലമായി നഗ്ന പൂജ ചെയ്യിക്കാൻ നിർബന്ധിച്ചതായി പരാതി. 2016ൽ നടന്ന ഈ സംഭവത്തിൽ അന്നേ പരാതികൊടുത്തിട്ടും അന്വേഷണം ഉണ്ടായില്ല. ഇന്നിപ്പോൾ അതേ അറബി മാന്ത്രികത്തിനായി രണ്ട് നരബലി പിടിക്കപ്പെട്ടപ്പോഴാണ് കൊല്ലത്തെ കേസും അന്വേഷണ വിധേയമാക്കുന്നത്. കേരളത്തിൽ 'ചിലർ' എന്തു നിയമലംഘനം നടത്തിയാലും ഒരു 'സോഫ്റ്റ് കോർണർ' സമീപനമാണ് ചില പോലീസുകാർ കാണിക്കുന്നത്. ഇതുകൊണ്ട് തന്നെയാണ് ഇവിടെ ഇത്രയധികം അതിക്രമങ്ങളും ക്രൂരതകളും നടമാടുന്നത്. പോലീസിന്റെയും, ചില രാഷ്ട്രീയക്കാരുടെയും ഒക്കെയുള്ള ഈ മൃദുസമീപനമാണ് കേരളത്തെ നരബലിയുടെ മാത്രമല്ല നരഭോജികളുടെയും നാടാക്കി മാറ്റിയത്. ഇതിന്റെയൊക്കെആസൂത്രകരെക്കുറിച്ച് അറിയുമ്പോൾ ഈ ക്രൂരവ്യവഹാരങ്ങളുടെയും ആഭിചാരവഞ്ചനകളുടേയും ഒക്കെ പിന്നിൽ ദേശവിരുദ്ധരുടെ തീവ്രവാദത്തിനു വേണ്ടിയുള്ള പണസമാഹരണലക്ഷ്യമുണ്ടോ എന്നുകൂടി അന്വേഷിക്കേണ്ടതാണ്. കാരണം അടുത്തിടെ നടക്കുന്ന കുറ്റകൃത്യങ്ങളിലെല്ലാം അവരുടെ പങ്ക് പലയിടത്തും തെളിഞ്ഞ് വരുന്നുണ്ട്.

ജീവനുള്ള സ്ത്രീകളെ കെട്ടിയിട്ട് പച്ചക്ക് അവരുടെ ശരീരഭാഗങ്ങൾ അറത്തെടുക്കുക, മനുഷ്യമാംസം ഫ്രിഡ്ജിൽ പിന്നീടുള്ള ഉപയോഗത്തിനായി സൂക്ഷിക്കുക, ഹൃദയമുള്ള ഒരു മനുഷ്യന് ചിന്തിക്കുവാൻ പോലും പറ്റാത്ത, മൃഗങ്ങളെ പോലും ലജ്ജിപ്പിക്കുന്ന ഈ ക്രൂരതകൾ ചില തീവ്രവാദ സംഘടനകളുടെ രീതിയിലല്ലേ നടപ്പാക്കിയിരിക്കുന്നത്. ഇരട്ട നരബലി കേസിലെ ഒന്നാം പ്രതിയുടെ പേരിൽ മറ്റ് 15 കേസുകളുണ്ടെന്നും ഇയാൾ 75 വയസുള്ള ഒരു വൃദ്ധസ്ത്രീയെ ക്രൂരമായി ബലാത്സംഗം ചെയ്ത ആളാണെന്നും കേൾക്കുന്നു. ഇതു ശരിയെങ്കിൽ, പേപ്പട്ടിയേയും ചെന്നായ്ക്കളേയും നാട്ടിൽ അഴിച്ചുവിട്ടാലും ഇമ്മാതിരിയുള്ള സ്ഥിരം കുറ്റവാളികളെ നാട്ടിൽ സൈര്യവിഹാരം നടത്തുവാൻ അനുവദിച്ചുകൂടാ. മനുഷ്യാവകാശമൊന്നും ഇത്തരം നരഭോജികൾക്ക് ബാധകമാക്കികൂടാ. ഇവരെ പേ പിടിച്ച നാല്ക്കാലികളായി കണ്ട് സ്ഥിരം അഴിക്കുള്ളിൽ അടക്കേണ്ടതാണ്. ഇതുപോലെയുള്ളവരെ കയറൂരിവിടുന്ന നിയമമാണ് നമ്മുടേതെങ്കിൽ അടിയന്തിരമായി അത് മാറ്റേണ്ടിയിരിക്കുന്നു. ബലാത്സംഗം ചെയ്ത കേസിലെ പ്രതി ഒരു വർഷത്തിനു ശേഷം ജയിൽ മോചിതനാകുമെങ്കിൽ പിന്നെ ആരാണ് നിയമത്തെ ഭയപ്പെടുക. നീതിപീഠത്തിന്റെയും നിയമപാലകരുടെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ലോകത്തെ മുഴുവൻ നടുക്കിയ കൊടും ക്രൂരതകൾ നടന്നിട്ടും ഉത്തരേന്ത്യയിലെങ്ങാനും ആരെങ്കിലും ഒന്ന് തുമ്മിയാൽ, മാസങ്ങളോളം വിപ്ലവവിഷം ചീറ്റി നടക്കുന്ന പ്രസംഗത്തൊഴിലാളികളുടെയും സ്വാർത്ഥമോഹികളായ ഏകപക്ഷീയ സംസ്ക്കാരികനായകന്മാരുടെയുമൊന്നും ശബ്ദം കേൾക്കാനില്ല. എന്തേ ആരുമില്ലേ ഇവിടെ? ഇലന്തൂരിലെ ഇരട്ടകൊലയുടെ അന്വേഷണം പുരോഗമിച്ചു വരുന്നതേയുള്ളൂ. വാർത്തകൾ വിശകലനം ചെയ്തു നോക്കുമ്പോൾ ഈ ക്രൂരതയുടെ പിന്നിൽ മറ്റേതൊക്കെയോ ശക്തികളുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പരിശോധനയിൽ കൊല്ലപ്പെട്ട, സ്ത്രീകളുടെ ആന്തരാവയവങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതായിട്ടാണ് റിപ്പോർട്ടുകൾ. മാത്രവുമല്ല കൃത്യനിർവ്വഹണത്തിലെ പ്രൊഫഷണലിസം കാണിക്കുന്നതും സ്ഥലത്തു നിന്നും കണ്ടെടുത്ത സർജിക്കൽ ഉപകരണങ്ങളും ഒക്കെ വിരൽ ചൂണ്ടുന്നത് അവയവ മാഫിയായിലേക്കല്ലേ? കൊല്ലപ്പെട്ട പത്മയുടെ ശരീരം മറവു ചെയ്യുന്നതിന് മുമ്പ് അവയവങ്ങൾ കഷണങ്ങളാക്കി മാറ്റിയിരിക്കുന്നത് വേഗം വേർപെടുത്താൻ പറ്റിയ

സന്ധി പ്രദേശങ്ങൾ മുറിച്ചിട്ടാണ്. സർജിക്കൽ ഉപകരണങ്ങളാണ് ഇതിനെല്ലാം ഉപയോഗിച്ചിരിക്കുന്നതെന്നുള്ളതും മറ്റ് പല സംശയങ്ങൾ ഉണ്ടാക്കുന്നു. മനുഷ്യന്റെ ശരീരഘടനയെ പറ്റി വ്യക്തമായ അറിവുള്ള ഒരാൾക്കു മാത്രമേ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. ഇതിനെല്ലാമുപരി ഞെട്ടിക്കുന്ന വാർത്ത മനുഷ്യമാംസം ഹോട്ടലിൽ എത്തിച്ചുവെന്നതാണ് (സ്ഥിരീകരിക്കാത്തതാണെങ്കിലും ഇതും അന്വേഷണപരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.)

ഇനി നമ്മുടെ എറണാകുളത്തേക്ക് വന്നാലോ? എത്ര ഭീകരമാണ് അവസ്ഥ എന്ന് അറിയുക. കഴിഞ്ഞ രണ്ടര മാസത്തിനുള്ളിൽ ഇവിടെ കൊല്ലപ്പെട്ടത് എട്ടുപേരാണ്. ആഗസ്റ്റ് 11ന് ടൗൺ ഹാളിന് സമീപം കൊല്ലം സ്വദേശി കൊല്ലപ്പെട്ടു. മൂന്നാമത്തെ ദിവസം സൗത്തിൽ വെച്ച് വരാപ്പുഴക്കാരൻ ശ്യാമിനെ കുത്തിക്കൊന്നു. 16-ാം തീയതി ഹോട്ടൽ ജീവനക്കാരനായ സജീവിനെ കൊലപ്പെടുത്തി പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ് ഒളിപ്പിച്ചു. ആഗസ്റ്റ് 28ന് നാലാമത്തെ കൊലപാതകം. പാലക്കാട് സ്വദേശിയെ നെട്ടൂരിലെ ഹോട്ടിൽ വിളിച്ചു വരുത്തി കൊലപ്പെടുത്തി സെപ്തംബർ 10ന് വെണ്ണല സ്വദേശി കലൂരിൽ വെച്ചു കൊല്ലപ്പെട്ടു. സെപ്തംബർ 18ന് ഉണ്ടായ കലഹത്തിൽ ചെമ്മനാട് ചൂരക്കളത്തിൽ പ്രവീൺ ഫ്രാൻസിസ് കൊല്ലപ്പെട്ടു 25-ാം തീയതി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിനടുത്ത് ഉണ്ടായ കത്തിക്കുത്തിൽ രാജേഷ് എന്ന ചെറുപ്പക്കാരൻ കൊല്ലപ്പെട്ടു. പിന്നീട് അതേ മാസം തന്നെയാണ് ഇളംകുളത്ത് യുവതിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയത്. ഈ കൊലകളുടെയൊക്കെ പിന്നാമ്പുറങ്ങളിൽ മദ്യത്തിന്റെയും മയക്കുവരുന്നിന്റെയും പങ്ക് എത്രയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നമ്മുടെ എറണാകുളത്ത് ശാന്തിയും സമാധാനവും നിലനില്ക്കണമെങ്കിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്ക്കരണമാണ് ആദ്യം നടത്തേണ്ടത്.

അന്ധവിശ്വാസങ്ങൾക്കെതിരെ പൊരുതിയ, യഥാർത്ഥ ആധ്യാത്മികജ്ഞാനജ്യോതിസ് ലോകം മുഴുവനും പരത്തി ജ്ഞാനപീഠ ജേതാവായ ആദിശങ്കരന്റെ നാട്ടിലാണ് ഈ അഥമന്മാരുടെ അഴിഞ്ഞാട്ടം. മാത്രമോ ജാതി മത ചിന്തകൾക്കതീതമായി മനുഷ്യനെ മനുഷ്യനായി കാണാൻ പഠിപ്പിച്ച ശ്രീനാരായണഗുരുദേവന്റെ മണ്ണിൽ, ഈ ലോകത്തെ സകല ജീവികൾക്കും തനിക്കും തുല്യത കല്പിച്ച് നായ്ക്കളെ തന്നോടൊപ്പം കൂട്ടിയ ചട്ടമ്പിസ്വാമികളുടെ മണ്ണിൽ, എന്തിന് സനാതനധർമ്മത്തിന്റെ മാഹാത്മ്യത്തെ ലോകം മുഴുവൻ വിളംബരം ചെയ്ത ശീതാചാര്യൻ ചിന്മയാനന്ദൻെറ മണ്ണിൽ, സ്നേഹവും ത്യാഗവും സാഹോദര്യവും വിളയാടിയിരുന്ന ഈ മണ്ണിൽ എന്തേ ഇതൊക്കെ സംഭവിക്കാൻ ? അവരെല്ലാം ഇവിടെ പോറ്റി വളർത്തിയ സ്നേഹസാഹോദര്യ സംസ്കാരത്തെഹനനം നടത്തി നേട്ടം കൊയ്യുന്ന രാഷ്ട്രീയ ഷൈലോക്കുമാരും ലോകോത്തരമായ ഭാരതീയ വിദ്യാഭ്യാസസമ്പ്രദായത്തെ തമസ്കരിച്ച് തല്സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട ഉപരിപ്ലവമായ വൈദേശിക വിദ്യാഭ്യാസവാക്താക്കളായ നവോത്ഥാന തുഗ്ലക്കുമാരും എല്ലാം ഇന്നത്തെ ഈ അപകടകരമായ അവസ്ഥയ്ക്ക് കാരണക്കാരാണ്. സ്വന്തം സ്വത്വം തിരിച്ചറിയുക. ഓരോ നാടിനും സ്വന്തം സാംസ്കാരിക മൂല്യങ്ങളുണ്ട്; പാരമ്പര്യമഹിമയുണ്ട്. വസുധൈവകുടുംബകം എന്ന് കണ്ട്, ലോകാസമസ്താ സുഖിനോ ഭവന്തു എന്ന് പഠിപ്പിക്കുന്നതാണ് ഈ നാടിന്റെ സംസ്ക്കാരം. അതിനെ മാറ്റി മറ്റു വല്ലതും പ്രതിഷ്ഠിക്കാനുള്ള വ്യഗ്രതയാണിതിന്റെയെല്ലാം പിന്നിലെങ്കിൽ നാം സൂക്ഷിക്കണം- ഏറെ കരുതലോടെ, സൂക്ഷ്മതയോടെ, ഈ നാടിനേയും നാടിന്റെ സംസ്കാരത്തേയും കാത്തു സൂക്ഷിക്കുവാനുള്ള കടമ നമുക്കുണ്ട് എന്ന ബോധത്തോടെ

ജയ് ഹിന്ദ് ജയ് ഭാരത്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

**എ**റണാകുളം കരയോഗം സാമൂഹിക സാംസ്കാരിക ജീവകാരുണ്യപ്രവർത്തനങ്ങളോടൊപ്പം തന്നെ സമുദായ താൽപര്യങ്ങളും വികസനപ്രവർത്തനങ്ങളും ഒരുമിച്ച് മുന്നോട്ട് കൊണ്ടു പോകുകയാണ്. നമുക്ക് ഏവർക്കും അറിയാവുന്നതു പോലെ സാമ്പത്തീക മാന്ദ്യത്തിൽ നിന്ന് ഒരു പരിധിവരെ കഷ്ടിച്ച് തരണം ചെയ്ത് നാം മുന്നോട്ട് പോകുകയുമാണ്. മുമ്പ് പല പംക്തികളിലും സൂചിപ്പിച്ചിട്ടുള്ളതു പോലെ എറണാകുളം കരയോഗത്തിന്റെ മുഖ്യ വരുമാനസ്രോതസ്സ് ഹാൾ വാടകയിൽ നിന്ന് ഉള്ള മിച്ച വരുമാനമാണ്. ഏകദേശം 10 ലക്ഷം മുതൽ 12 ലക്ഷം രൂപ വരെ പ്രതിമാസ ചിലവുകൾ നേരിടേണ്ടതുമുണ്ട്. ടി.ഡി.എം. ഹാളിൽ ഒരു വർഷം വിവാഹം, വിവാഹ നിശ്ചയം തുടങ്ങിയവയ്ക്ക് 100 മുഹൂർത്തങ്ങളിൽ കൂടുതൽ ലഭിക്കാറില്ല എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് വേണം ഇന്നത്തെ ഈ പ്രത്യേക സാഹചര്യം വിലയിരുത്തേണ്ടത്. മാതാപിതാക്കൾ സ്വന്തം മക്കളുടെ വിവാഹം വളരെ താൽപര്യപൂർവ്വം തീരുമാനിക്കുകയും അതിന്റെ ഒരുക്കങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും പതിവാണ്. എന്നാൽ ഇന്നത്തെ അണുകുടുംബവ്യവസ്ഥയിൽ പുതിയ ബന്ധത്തെക്കുറിച്ചുള്ള അന്വേഷണങ്ങളോ, കാര്യമായ വ്യക്തി വിവരശേഖരണമോ നടത്താറില്ല എന്നു മാത്രമല്ല അതിനു ശ്രമിക്കുവാനുള്ള താൽപര്യവും കുറഞ്ഞു വരുന്നതായി കാണുന്നു. ഇതിന്റെ ഫലം തിക്തവുമാണ്.

ഇങ്ങനെ നിശ്ചയിക്കപ്പെടുന്ന ബന്ധങ്ങൾ തുടർന്ന് കൈകാര്യം ചെയ്യുന്നത് പ്രതിശ്രുതവരനും, വധുവുമായിരിക്കും. പുരോഗമനത്തിന്റെ കാലമെന്നു പറയുന്ന ഇന്നത്തെ സ്ഥിതി വ്യത്യസ്ഥവുമാണ്. 2,3, തലമുറകൾക്ക് മുമ്പ്, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധങ്ങളിൽ പരസ്പരബഹുമാനവും അതിനനുസരിച്ചുള്ള സംബോധനകളുമായിരുന്നു മുൻതലമുറക്കാർ ചെയ്തിരുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി പ്രതിശ്രുതവരനെ/ഭർത്താവിനെ ചേട്ടാ എന്നു വിളിക്കുന്ന ഒരു സംബോധനാ രീതി ഉണ്ടായിരുന്നു. അത് ഭാഗീകമായി ഇപ്പോഴും ഉണ്ട്. അവിടെ നിന്ന് മാറി സ്ത്രീ പുരുഷ തുല്യതയുടെ, സമത്വത്തിന്റെ പേരിൽ പ്രായത്തെപ്പോലും പരിഗണിക്കാതെ എടാ/പോടാ സംസ്ക്കാരവും ഇന്ന് വളരെ അധികമായി കണ്ടു വരുന്നു. ഇത് ഇവിടെ സൂചിപ്പിച്ചത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. വിവാഹനിശ്ചയം കഴിഞ്ഞ് പ്രതിശ്രുതവരനും വധുവും നമ്മുടെ ആധുനിക ഓൺ ലൈൻ സംവിധാനം പരമാവധി ഉപയോഗപ്പെടുത്തുന്നതും അതിലൂടെ അവരുടെ ഊഷ്മളമായ ബന്ധം സ്ഥാപിക്കുവാനുള്ള ശ്രമവും വാട്ട്സാപ്പിലൂടേയും ഫോണിലൂടെയുമുള്ള സംഭാഷണങ്ങളും ഒരു പരിധിവരെ ഇവരുടെ യഥാർത്ഥ സ്വഭാവങ്ങളും താൽപര്യങ്ങളും പുറത്തു കൊണ്ടു വരികയും ചെയ്യുന്നതു മൂലം പലപ്പോഴും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഈ ബന്ധങ്ങൾ തുടരാൻ ആവാത്ത അവസ്ഥ സംജാതമാകുകയും ആ ബന്ധം അവിടെ വെച്ച് അതായത്

വിവാഹത്തിന് മുമ്പേ തന്നെ മുറിഞ്ഞു പോകുകയും ചെയ്യുന്നു എന്നതും ഒരു യഥാർത്ഥ വസ്തുതയാണ്. ഒരു പരിധി വരെ ഇതിനെ നല്ലതായി പരിഗണിക്കാമെങ്കിലും മറ്റൊരു കോണിലൂടെ വീക്ഷിക്കുകയാണെങ്കിൽ രക്ഷകർത്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും മാനസ്സിക സംഘർഷങ്ങളും ചെറുതല്ല.

മേൽ വിവരിച്ച വിഷയം ഇവിടെ പ്രതിപാദിക്കുവാനുള്ള കാരണം നിശ്ചയിച്ച വിവാഹങ്ങൾ നടത്താതിരിക്കുന്നത് മൂലം ടി.ഡി.എം. ഹാളിനും നമ്മുടെ സമുദായത്തിനും വളരെയധികം ബുദ്ധിമുട്ടും സാമ്പത്തീക നഷ്ടങ്ങളും ഉണ്ടാക്കുന്നു എന്നതു കൊണ്ടാണ്. കരയോഗത്തെ സംബന്ധിച്ച് വിവാഹം നിശ്ചയിച്ച് ഉറപ്പിച്ച് ടി.ഡി.എം. ഹാൾ ബുക്ക് ചെയ്യുന്നതു തന്നെ ബുക്കു ചെയ്യുന്നവർ അതിന്റെ ക്യാൻസലേഷനുമായി ബന്ധപ്പെട്ട എല്ലാ നിബന്ധങ്ങളും നിയമങ്ങളും ബോധ്യപ്പെട്ടും അംഗീകരിച്ചും കൊണ്ടുമാണ്. പക്ഷേ അടുത്തിടെയായി പലരും തങ്ങൾ അംഗീകരിച്ച നിബന്ധനകൾക്ക് വിരുദ്ധമായി, വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ ഹാൾ ബുക്കിങ്ങ് ക്യാൻസൽ ചെയ്യുന്നതു ഈ സ്ഥാപനത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. അതിനുമുപരി ഹാൾ ക്യാൻസൽ ചെയ്തവരുമായി അനാവശ്യ തർക്കങ്ങളും അതുവഴി വിരോധവും ഉണ്ടാകുന്നു എന്നത് വളരെ ദു:ഖത്തോടെ മാത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥാപനത്തിന്റെ നിലനിൽപ്പ് അത്യന്താപേക്ഷിതമാണ്. 'ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ.' എന്ന പൊതു ബോധം അനിവാര്യവുമാണ്. മാതാപിതാക്കളും രക്ഷകർത്താക്കളും മേൽപറഞ്ഞ വിഷയങ്ങളിൽ കൂടുതൽ ജാഗരൂകരായി നിരീക്ഷണ ബുദ്ധിയോടെ വേണം മക്കളുടെ ഭാവിയെ സംബന്ധിച്ച് തീരുമാനമെടുക്കുവാൻ. ഇത് മുഴുവനും പ്രായോഗികമാണെന്ന് പറയാൻ കഴിയില്ല. ഒരു പരിധി വരെ സാമൂഹിക ബന്ധങ്ങളും സുഹൃദ് ബന്ധങ്ങളും ഉപയോഗപ്പെടുത്തി കാര്യങ്ങൾക്ക് ശരിയായ ദിശയിൽ തീരുമാനമെടുക്കണം എന്നതാണ് പോംവഴി. എല്ലാ രക്ഷകർത്താക്കൾക്കും കൂടുതൽ കൂടുതൽ ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

2022 നവംബർ 13-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ടി.ഡി.എം. യമുന ഹാളിൽ വയലാർ അനുസ്മരണം.

നവംബർ 21-ാം തീയതി മുതൽ 23-ാം തീയതി വരെ, മണ്ഡലകാലത്തോടനുബന്ധിച്ച് അയ്യപ്പ ഭാഗവത പാരായണം രാവിലെ 7.30 മുതൽ ടി.ഡി.എം. ഹാളിൽ ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടി നവംബർ 26-ാം തീയതി വൈകിട്ട് 6.30ന് കലാമണ്ഡലം രാജീവും ടീമും മിഴാവ് ഡബിൾ തായമ്പക അവതരിപ്പിക്കുന്നു.

2022 ഡിസംബർ 1-ാം തീയതി മുതൽ 7-ാം തീയതി വരെ സംപൂജ്യ സ്വാമിജി ചിദാനന്ദ പുരി ഉപനിഷദ്വിചാര യജ്ഞം നടത്തുന്നു.

2022 ഡിസംബർ 14-ാം തീയതി നാരായണീയദിനത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7 മണി മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട്

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കണ്ണാടി പോലെ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**ക**ഥ കേൾക്കാൻ, വായിക്കാൻ കൊച്ചു കൂട്ടുകാർക്കിഷ്ടമല്ലേ? കഥകൾ കേട്ടു വളർന്നാൽ കഥയുള്ളവരാവും എന്നാണ്.

ഒരു കഥയാണ്

രാമുവും ശ്യാമുവും ഇരട്ടകളാണ്. അന്ന് പള്ളിക്കൂടത്തിൽ നിന്നു വരുമ്പോൾ രണ്ടുപേർക്കും പരിഭവം.

'ഞങ്ങളിനി പഠിക്കാൻ പോകുന്നില്ല'

മുഖം കനപ്പിച്ചിരുന്ന രണ്ടുപേർക്കും അമ്മയോടു പറയാൻ പരാതി മാത്രം.

'ഞങ്ങളെയാരും കളിക്കാൻ ചേർക്കുന്നില്ല.

രാമു പറഞ്ഞു.

'ഞങ്ങളോടാരും മിണ്ടുന്നില്ല. കൂട്ടുകൂടുന്നില്ല. ചിരിക്കുകയും വർത്തമാനം പറയുകയും ഒന്നും ചെയ്യുന്നില്ല. ശ്യാമു പറഞ്ഞു.

'ഇല്ല, ഞങ്ങളിനി പള്ളിക്കൂടത്തിലേയ്ക്കില്ല'. ഗൗരവത്തിൽ മുഖം വീർപ്പിച്ചുകൊണ്ട് രണ്ടു പേരും പറഞ്ഞു. അമ്മ അവർക്ക് ചായയും ചൂടുള്ള ഉഴുന്നുവടയും ചമ്മന്തിയുമൊക്കെ വിളമ്പി വെച്ചു.

'അതെന്തേ അങ്ങനെ' അമ്മ ചോദിച്ചു

'ആവോ' രണ്ടുപേരും കൈമലർത്തി

'ആട്ടെ നിങ്ങൾ മറ്റു കുട്ടികളോട് എങ്ങനെയാ പെരുമാറുന്നത്' ചിരിയും വർത്തമാവുമൊക്കെയുണ്ടോ' അമ്മ തിരക്കി, കുട്ടികൾ മിണ്ടാതിരുന്നു.

'അപ്പൊ എന്റെ മക്കള് ഇങ്ങനെ മുഖംവീർപ്പിച്ചു തന്നെയാ പള്ളിക്കൂടത്തില്... അല്ലേ' അമ്മ അവരെ സൂക്ഷിച്ചു നോക്കി.

അതമ്മേ ഒറ്റെണ്ണത്തിനേം കണ്ടാ മിണ്ടാൻ തോന്നില്ല. എല്ലാവർക്കും വല്യ ജാഡയാ രാമു പറഞ്ഞു.

'ജാഡയോ'

'ആഹ്...പത്രാസ്'...ശ്യാമു പറഞ്ഞു.

'എന്റെ മക്കളേ...ഇങ്ങനെ തന്നെയാവും മറ്റു കുട്ടികൾക്ക് നിങ്ങളെപ്പറ്റിയും അഭിപ്രായം. ങ് ഹാ. നിങ്ങള് എളുപ്പം ചായ കഴിച്ചിട്ട് വാ. അമ്മ മക്കൾക്ക് ഒരു കാര്യം കാണിച്ചു തരാം.'

ചായയൊക്കെ കഴിച്ച് തൊട്ടടുത്ത് വന്നു നിന്ന് മക്കളെ അമ്മ കണ്ണാടി കാണിച്ചു കൊടുത്തു.

'ഇത് കണ്ണാടി രാമുവും ശ്യാമുവും ഇതിൽ നോക്കി ഒന്നു ചിരിച്ചേ.' അമ്മ പറഞ്ഞു.

രണ്ടുപേരും കണ്ണാടിയിൽ നോക്കി ചിരിച്ചു. അത് അവർ കണ്ണാടിയിൽ കാണുകയും ചെയ്തു.

'ഇനി രണ്ടുപേരും കണ്ണാടിയിൽ നോക്കി മറ്റെന്തെങ്കിലും കാണിച്ചേ'

കുട്ടികൾ കണ്ണാടിയിൽ നോക്കി പല ഗോഷ്ഠികളും കാണിച്ചു. അതും അവർ കണ്ണാടിയിൽ കണ്ടു.

അപ്പോൾ അമ്മ പറഞ്ഞു.

'മക്കളേ ഈ ലോകം ഒരു കണ്ണാടി പോലെയാണ്. കണ്ണാടിയിൽ നോക്കി പുഞ്ചിരിച്ചാൽ അതിലെ പ്രതിബിംബവും നമ്മെ നോക്കി ചിരിക്കും. ഗോഷ്ഠി കാണിക്കുകയും ദേഷ്യപ്പെടുകയും ചെയ്താൽ അതാവും കണ്ണാടിയിലെ പ്രതിബിംബം.'

'നമ്മൾ ലോകത്തിനു നൽകുന്നതു മാത്രം നമുക്കു തിരികെ ലഭിക്കുന്നു.'

കുട്ടികൾക്ക് അമ്മ പറഞ്ഞതിന്റെ സാരം മനസ്സിലായി. അത് അവരുടെ ജീവിതത്തിൽ സാരമായ മാറ്റം വരുത്തി. പിന്നീട് അവർക്ക് ധാരാളം നല്ല സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമൊക്കെ ഉണ്ടായി.

ഈ കഥയിൽ നിന്ന് മക്കൾക്കും ചിലത് മനസ്സിലായിക്കാണുമല്ലോ? നല്ല പെരുമാറ്റം നല്ല സുഹൃദ്ബന്ധങ്ങൾ നമ്മളെ നല്ലവരാക്കും. മക്കളും നല്ല പെരുമാറ്റരീതികൾ കൊണ്ട് സുഹൃദ്സമ്പന്നരായി നല്ലവരായി തീരണം. അതിനൊരു ആഹ്വാനമാണ് ഈ കഥയും, പറഞ്ഞതത്രയും.

****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## അടുക്കളയുടെ പ്രാധാന്യം

(തുടർച്ച)

**മ**റ്റൊരു വീടു പരിശോധിച്ചപ്പോൾ വീടു പണി തുടങ്ങിയിട്ട് 6 കൊല്ലമായിട്ടും പണി കഴിഞ്ഞിട്ടില്ല. 16 വീടുകളുള്ള ഒരു കോളനിയിലാണ് വീടു പണിയുന്നത്. ഓരോ പ്ലോട്ടും 4 സെന്റിൽ താഴെ മാത്രം. ഞാൻ പരിശോധിച്ച വീട് രണ്ടു പ്ലോട്ടുകൾ വാങ്ങി ഒന്നാക്കി പണിയുന്ന വീടാണ്. കൊറോണ വന്നപ്പോൾ പണിക്കാരെല്ലാം നാട്ടിൽ പോയ കാരണം രണ്ടുകൊല്ലമായി ഒരു പണിയും നടന്നിട്ടില്ല. ഇപ്പോൾ പണികൾ വീണ്ടും തുടങ്ങിയിട്ടുണ്ട്.

വാസ്തു നോക്കുന്ന ഏതോ ഒരു പാതിരി വന്നു പരിശോധിച്ച ശേഷം താഴെ പറയുന്ന കാര്യങ്ങൾ ഉടനെ ചെയ്യണമെന്നു പറഞ്ഞു പോയി.

1 അടുക്കളയുടെ മുകളിൽ ബെഡ്സ് റൂം വന്നിട്ടുണ്ട്. അടുക്കളയുടെ മുകളിൽ ബെഡ്സ് റൂം പാടില്ല അതുകൊണ്ട് അതു പൊളിച്ചു മാറ്റണം.
2. വീടിന്റെ വടക്ക് മദ്ധ്യത്തിന്റെ കിഴക്ക് under ground water tank ന്റെ മുകളിലാണ് carporch. വാട്ടർ ടാങ്ക് അവിടെ നിന്നും മാറ്റണം.
3. liftന്റെ വാതിലിന്റെ നേരെ മറ്റൊരു മുറിയുടെ വാതിൽ വന്നിട്ടുണ്ട്. അതു മാറ്റണം.
4. വടക്കോട്ടു മുഖമുള്ള വീടിന്റെ പ്രധാന വാതിൽ വടക്കോട്ടാണ്. അതുമാറ്റി കിഴക്കോട്ടാക്കണം.

പരിശോധനയിൽ വടക്കോട്ടു മുഖമുള്ള വീടിന്റെ വടക്കുവശത്താണ് റോഡ്. വടക്ക് മദ്ധ്യത്തിന്റെ കിഴക്കാണ് പ്രധാന വാതിലും , വരാന്തയും. വലിയ ഒരു ഹോളിന്റെ വടക്കു കിഴക്കെ മൂലയിലാണ് വാതിൽ. കിഴക്കുതെക്കാണ് അടുക്കള. ഈ വീടിന് പറയത്തക്കയാതൊരു കുഴപ്പവുമില്ല. ഇതൊരു കോളനിയാണ്. ഇതിലേക്കു കടക്കുന്ന ഗേറ്റ് വടക്ക് കിഴക്കു വശത്ത് കിഴക്ക് മൂലയിൽ നിന്നും 3 മീറ്റർ പടിഞ്ഞാറോട്ടു മാറിയാണ്. വടക്കുകിഴക്കെ മൂലയിൽ സെക്യൂരിറ്റിക്ക് താമസിക്കുവാൻ വേണ്ടി ഒരു കെട്ടിടം പണിഞ്ഞിട്ടുണ്ട്. 15 വീടുകൾ ഒരേ സമയം പണി തുടങ്ങിയെങ്കിലും പണിതീരാത്ത കാരണം വടക്കുകിഴക്കെ മൂലയിൽ വടക്കും കിഴക്കും മതിലിൽ മുട്ടിച്ച് സെക്യൂരിറ്റിയ്ക്കു വേണ്ടി കെട്ടിടം പണിഞ്ഞതുകൊണ്ടാണ് വീടിന്റെ പണിപൂർത്തീകരിക്കുവാൻ താമസമുണ്ടായത് പണി പൂർത്തിയാക്കാൻ വൈകിയത്.

സെക്യൂരിട്ടി ഷെഡ് പൊളിച്ച് കിഴക്ക് മദ്ധ്യത്തിലേക്ക് മാറ്റാൻ പറഞ്ഞിട്ടുണ്ട്. ഞാൻ നോക്കിയ വീടിന്റെ ചുറ്റും 30 സെ.മീ. ഉയരത്തിൽ കൂട്ടി മതിൽ കെട്ടണം. വീടിന്റെ വടക്ക് കിഴക്കു ഭാഗത്ത് പണിക്കുവേണ്ടി സ്റ്റോർ ചെയ്തിരിക്കുന്ന എല്ലാസാധനങ്ങളും അവിടെ നിന്നും മാറ്റി വടക്കുകിഴക്കെ മൂല വൃത്തിയാക്കിയിടണം. പറമ്പിന്റെ തെക്കു പടിഞ്ഞാറെ മൂല ഇപ്പോൾ താഴ്ന്നു കിടക്കുന്നത് ഉയർത്തണം. അടുക്കളയുടെ മുകളിൽ ബെഡ് റൂം വരുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. പടിഞ്ഞാറുവശത്തേക്ക് വാതിൽ തുറക്കുന്ന ലിഫിറ്റ് പടിഞ്ഞാറുഭാഗത്തുള്ള മുറിയുടെ കിഴക്ക് വാതിൽ വരുന്നതു കൊണ്ട് കുഴപ്പമില്ല. വാതിൽ തുറന്നാൽ കിഴക്കുഭാഗത്ത് ലിഫിറ്റ് താഴേക്കു പോകുന്നതാണ് കാണുക. ഏതൊരു വാതിലിൻെറയും കിഴക്കും, വടക്കും ലിഫ്റ്റ് താഴത്തേക്കു പോകുന്നതു കാണുന്നത് കുഴപ്പമില്ല. വീടിന്റെ വടക്കു കിഴക്കെ മൂലയിൽ കാർപോർച്ചിന് അടിയിൽ covered water tank നിർമ്മിക്കുന്നതിലും കുഴപ്പമില്ല.

****

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# ചക്കുളത്തുകാവ് ശ്രീ ഭഗവതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പുണ്യസ്ഥലങ്ങളെപ്പോലെ സദാ ദേവീ ചൈതന്യം നിറഞ്ഞു നില്ക്കുന്ന ഒരു പുണ്യസ്ഥലമാണ് ചക്കുളത്തുകാവ്. പമ്പയാറും മണിമലയാറും സംഗമിക്കുന്ന പുണ്യഭൂമിയാണ് ചക്കുളത്തുകാവ്. പ്രകൃതിയുടെ സംപുഷ്ടിയാണ് പ്രപഞ്ച നിലനിൽപ്പിന്റെ ആധാരം. പ്രകൃതിയുടെ സമ്പന്നതയും സന്തുലിതാവസ്ഥയും നിലനിർത്തുന്നതിൽ കാവുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ദേവചൈതന്യ സങ്കല്പമുള്ള കാവുകളെ പ്രകൃതിദേവതയായും പ്രകൃതിമാതാവായും ജഗദംബയായും സങ്കല്പിക്കുന്നു. കാവുകളുടെ അധിദേവതകളെ പ്രീതരാക്കുമ്പോഴാണ് കാവുകൾ ദേശത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കു കാരണമാകുന്നത്. ദേവചൈതന്യം കുടികൊള്ളുന്ന സ്ഥലങ്ങളെല്ലാം ഭൂമിയിലെ പുണ്യസ്ഥലങ്ങളാണ്. ആലപ്പുഴ ജില്ലയുടെ ഭാഗമായ കുട്ടനാടിന്റെ സമീപപ്രദേശമായ തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്താണ് ചക്കുളത്തുകാവ് സ്ഥിതി ചെയ്യുന്നത്. പത്തനംതിട്ട ജില്ലയുടെയും ആലപ്പുഴ ജില്ലയുടെയും അതിർത്തി ഗ്രാമമാണിത്. ചെമ്പകശ്ശേരി രാജാക്കന്മാരുടെ കാലം മുതൽ തന്നെ പ്രസിദ്ധിയാർജ്ജിച്ച പ്രദേശമാണ് ചക്കുളത്ത്കാവ്. ഈ പ്രദേശവാസികളധികവും കുട്ടനാടിന്റെ കാർഷിക പാരമ്പര്യം നിലനിർത്തിയിരുന്ന കർഷകരുടെ പിൻതലമുറക്കാരാണ്. ഇന്നത്തെ ചക്കുളത്തുകാവു പ്രദേശത്തിന്റെ പണ്ടത്തെ അവസ്ഥ ഭയാനകമായിരുന്നു. കൊടും കാടായിരുന്നു ഇവിടം. നട്ടുച്ചയ്ക്കുപോലും സൂര്യരശ്മി കടന്നുവരാത്ത നിബിഡവനമായിരുന്നു. ഇവിടേയ്ക്ക് ആരും കടന്നു വരുമായിരുന്നില്ല. ഒരിക്കൽ ഒരു വേടൻ തന്റെ ഭാര്യയോടും കുട്ടികളോടുമൊപ്പം ഈ കാട്ടിൽ വിറകുശേഖരിക്കുവാനെത്തി. കാട്ടിലൂടെ നടന്ന വേടൻ തന്റെ നേരെ ഒരു സർപ്പം ചീറി അടുക്കുന്നതുകണ്ടു. വേടൻ തന്റെ ആയുധംകൊണ്ട് ആ സർപ്പത്തെ വെട്ടി. വെട്ടുകൊണ്ടു സർപ്പം ചത്തു പോകുമെന്നു വേടൻ കരുതി. എന്നാൽ സർപ്പം പെട്ടന്നവിടെ നിന്നും അപ്രത്യക്ഷമായി. ഇതുകണ്ട വേടൻ സർപ്പത്തെ അന്വേഷിച്ചു കണ്ടെത്തി അതിനെ കൊല്ലാൻ തന്നെ തീരുമാനിച്ചു. സർപ്പത്തെ അന്വേഷിച്ചു നടന്ന വേടൻ കാട്ടിനുള്ളിലായി ഒരു കുളവും കുളത്തിന്റെ കരയിൽ ഒരു പുറ്റും കണ്ടെത്തി. അടുത്തുചെന്നു നോക്കുമ്പോൾ വെട്ടുകൊണ്ട സർപ്പം ഈ പുറ്റിനു മുകളിൽ കിടക്കുന്നതും കണ്ടു വേടൻ വീണ്ടും സർപ്പത്തെ വെട്ടി. വേടന്റെ വെട്ടുകൊണ്ടു പുറ്റിൽ നിന്നും ജല പ്രവാഹമുണ്ടാവുകയും സർപ്പം വീണ്ടും അപ്രത്യക്ഷമാവുകയും ചെയ്തു. വെട്ടുകൊണ്ട സർപ്പം ഇരുന്ന ഭാഗത്ത് ഒരു ചോരപ്പാടുമാത്രമേ വേടന് കാണാൻ കഴിഞ്ഞുള്ളൂ. പെട്ടന്ന് ഒരു സന്യാസി വേടനു മുന്നിൽ പ്രത്യക്ഷപ്പെട്ടു വേടനോട് ആ സർപ്പത്തെ നിങ്ങൾ ഭയപ്പെടേണ്ട. ഇവിടം സാക്ഷാൽ പരാശക്തി കുടികൊള്ളുന്ന സ്ഥലമാണ്. ഇവിടെക്കാണുന്ന പുറ്റ് ഉടച്ചുനോക്കിക്കൊള്ളൂ. ഈ പുറ്റിനുള്ളിൽ ഒരു വിഗ്രഹം കാണാം. ആ വിഗ്രഹത്തെ ആരാധിച്ചാൽ നിങ്ങൾക്കും നാടിനും സർവ്വ ഐശ്വര്യങ്ങളും ലഭിക്കും എന്നറിയിച്ചു. സന്യാസി തന്നെ ചിതൽപ്പുറ്റുടച്ച് വിഗ്രഹം പുറത്തെടുത്ത് അവിടത്തന്നെ പ്രതിഷ്ഠിച്ചു. വേടനും കുടുംബവും ആ വിഗ്രഹത്തിനു മു

ന്നിൽ നമസ്കരിച്ചു. ഈ കുളത്തിലെ വെള്ളത്തിന് പാലും തേനും കലർന്ന നിറമുണ്ടാകുമ്പോൾ ഇവിടുത്തെ ജലപ്രവാഹം നിലക്കും. ഈ പുറ്റിനുള്ളിൽ വസിക്കുന്ന പരാശക്തി ജലശയനം നടത്തുന്നതുകൊണ്ടാണ് ജലത്തിന് ഈ നിറം ഉണ്ടാകുന്നത്. ഇത്രയും പറഞ്ഞ് സന്യാസി അവിടെ നിന്നും അപ്രത്യക്ഷനാകുകയും ചെയ്തു. വേടൻ വിഗ്രഹത്തിൽ പൂക്കളും മാലകളും ചാർത്തി. അന്നു രാത്രി അവർ അവിടെത്തന്നെ കഴിഞ്ഞു. രാത്രിയായപ്പോൾ വേടന് സ്വപ്നദർശനമുണ്ടായി. സന്യാ സിരൂപത്തിൽ തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടത് സാക്ഷാൽ നാരദമഹർഷിയായിരുന്നു എന്നും അദ്ദേഹം പറഞ്ഞതുപോലെ ദേവിയെ ആരാധിച്ചാൽ സർവ്വമംഗളങ്ങളും ഉണ്ടാകുമെന്നും കണ്ടു. പിന്നീട് അറിഞ്ഞും കേട്ടും ആളുകൾ ഇവിടേക്കെത്തുകയും ദേവിയെ ആരാധിക്കുകയും ചെയ്തു. വനത്തിനുള്ളിൽ സന്യാസി പ്രതിഷ്ഠ നടത്തിയ അന്നുമുതൽ വേടനും വേടത്തിയും നിത്യവും ദേവിക്കു നിവേദ്യങ്ങളും സമർപ്പിച്ചിരുന്നു. ഘോരവനത്തിൽ ക്ഷേത്രോത്ഭവത്തിനു കാരണക്കാരായ വേടനും വേടത്തിക്കും ഒരു ദിവസം ദേവിക്ക് നിവേദ്യങ്ങളൊന്നും തയ്യാറാക്കി നൽകുവാൻ സാധിച്ചില്ല. അന്ന് അവർ ദേവിയുടെ മുന്നിലെത്തി ക്ഷമാപണം നടത്തി പ്രാർത്ഥിച്ചു. പിന്നീട് ആഹാരം പാകം ചെയ്യുവാനായി ചെന്ന അവർക്ക് അത്ഭുതകരമായ അനുഭവമാണുണ്ടായത്. പാത്രങ്ങൾ നിറയെ ചോറും കറികളും ഇരിക്കുന്നതാണ് അവർ കണ്ടത്. ഇതുകണ്ട് അവർ അമ്മയെ പ്രാർത്ഥിച്ചു. ഈ സമയം ഞാൻ നിങ്ങൾക്കുവേണ്ടി തയ്യാറാക്കിയതാണ് ഈ ഭക്ഷണം. നിങ്ങളുടെ ഭക്തിയിൽ ഞാൻ സന്തുഷ്ടയാണ് എന്ന് ആരോ പറയുന്നതായി അവർക്ക് തോന്നുകയും ചെയ്തു. വേടനും കുടുംബവും കുറെക്കാലം അവിടത്തന്നെ ദേവിയെ ആരാധിച്ചുകൊണ്ട് കഴിഞ്ഞുപോന്നു. പിന്നീട് അവർ എങ്ങോട്ടു പോയി എന്ന് ആർക്കും ഒരു അറിവുമില്ലായിരുന്നു. നാരദമഹർഷി പ്രതിഷ്ഠിച്ച ദേവീചൈതന്യമാണ് ചക്കുളത്തുകാവിൽ കുടികൊള്ളുന്നത്.

ഈ മൂലസ്ഥാനത്തിനടുത്തു തന്നെയാണ് ചക്കുളത്തുകാവ് ദേവീക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കുളക്കരയിൽ പുറ്റിൽ കണ്ട വിഗ്രഹം കുളം നികത്തി ക്ഷേത്രം പണിതു പ്രതിഷ്ഠിച്ചതാണ് ഇന്നത്തെ ചക്കുളത്തുകാവ് ദേവീക്ഷേത്രം. പുറ്റിൽ നിന്നുത്ഭവിച്ച ചക്കുളത്തു കാവിലമ്മയുടെ പൂജാദികർമ്മങ്ങൾ നടത്തിപ്പോരുകയും ചെയ്തു. ദേവിയുടെ മൂലസ്ഥാനവും ക്ഷേത്രത്തിനു തൊട്ടടുത്തു തന്നെ കാണാവുന്നതാണ്. വേടനും വേടത്തിയും നിവേദ്യം സമർപ്പിച്ചു പ്രാർത്ഥിച്ചതിന്റെ അനുസ്മരണമെന്ന പോലെ ഭക്തജനങ്ങൾ അമ്മയെ പ്രാർത്ഥിച്ചു നിവേദ്യങ്ങൾ സമർപ്പിക്കുന്നു. വേടനും വേടത്തിയും നടത്തിയ നിവേദ്യസമർപ്പണമാണ് പ്രസിദ്ധമായ ചക്കുളത്തുകാവ് പൊങ്കാല സമർപ്പണം എന്നത്. നാടും നഗരവും യജ്ഞശാലയായി മാറുന്ന പുണ്യമുഹൂർത്തമാണ് ചക്കുളത്തുകാവ് പൊങ്കാല. ഭക്തിസാന്ദ്രമായ അന്തീരക്ഷത്തിൽ ദേവിക്കു നിവേദിക്കുവാനായി ഭക്തജനങ്ങൾ പൊങ്കാലക്കലങ്ങളിൽ അരിയിടുന്നു. ഈ അരി തിളച്ചു പൊന്തി കലത്തിനു പുറത്തേയ്ക്കു തൂവുന്നു. ഇതോടെ ഭക്തജനങ്ങളുടെ മനസ്സിലെ അഹം എന്ന ഭാവം ഇല്ലാതാകുന്നു എന്നു വിശ്വസിക്കുന്നു. അങ്ങനെ ശുദ്ധമനസ്സോടെ ദേവിക്കു നിവേദ്യം സമർപ്പിച്ച് അനുഗ്രഹം നേടുന്നു. സഹസ്രനാമങ്ങളുച്ചരിച്ച് ദേവിയെ പ്രാർത്ഥിക്കുന്നതിലൂടെ, അർത്ഥപൂർണ്ണമായ നാമങ്ങളുച്ചരിക്കുന്നതിലൂടെ ഭക്തരിൽ ദേവിയുടെ അനുഗ്രഹം രക്ഷാകവചമായി ഭവിക്കുന്നു.

3500 ഓളം വർഷങ്ങൾക്കു മുമ്പ് നാരദമഹർഷി പുറ്റടച്ച് പുറ്റിൽ കണ്ട ശിവലിംഗരൂപത്തിലുള്ള വിഗ്രഹം പ്രതിഷ്ഠിച്ച ദേവസ്ഥാനം ഇന്ന് ഒരു നാടിന്റെ പ്രമുഖ ആരാധനാലയമായി മാറി. ചിതൽപ്പുറ്റിൽ വിഗ്രഹത്തോ

ടൊപ്പം നീര് ഏറ്റി വരുന്ന സ്ഥലം നീരേറ്റു പുറം എന്നറിയപ്പെട്ടു. പുറ്റിൽ നിന്നും ഒഴുകി കുളത്തിലെത്തിയ വെള്ളത്തിന് പാലും തേനും കലർന്ന നിറവും ചക്കരയുടെ സ്വാദുമുണ്ടായിരുന്നു. ചക്കരയുടെ സ്വാദുള്ള ജലം നിറഞ്ഞകുളം ചക്കരക്കുളം എന്നറിയപ്പെട്ടു. പിന്നീട് ചക്കുളമായി. കരുണാമൃതരൂപിണിയായി അഷ്ടൈഐശ്വര്യരൂപിണിയായി, ശക്തിസ്വരൂപിണിയായി ദേവി ചക്കുളത്ത് കുടികൊള്ളുന്നു. വേടനും കുടുംബവും അപ്രത്യക്ഷമായ ശേഷം എങ്ങുനിന്നോ ഒരു ബ്രാഹ്മണ പൂജാരി ചക്കുളത്തുകാവിലെത്തി. അദ്ദേഹം ദേവിയ്ക്കു വേണ്ട പൂജാദികളെല്ലാം നടത്തുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ പൂജാവേളകളിലെല്ലാം വിദ്യയും ഭക്തിയും നൽകി അനുഗ്രഹിക്കേണമേ എന്നായിരുന്നു ദേവിയോടു പ്രാർത്ഥിച്ചിരുന്നത്. ഭക്തിയോടുകൂടി ദേവിയെ പൂജിച്ചു പ്രാർത്ഥിച്ചിരുന്ന അദ്ദേഹം ദേവിയുടെ പ്രഭാവലയത്തിൽ വിലയം പ്രാപിച്ചു. അദ്ദേഹത്തെ പിന്നീട് ആരും കണ്ടിട്ടില്ല. ചക്കുളത്തുകാവിലമ്മയുടെ ആദ്യ പൂജാരിയാകുവാൻ ഭാഗ്യം സിദ്ധിച്ച ആ ബ്രാഹ്മണശ്രേഷ്ഠനെ സാളഗ്രാമത്തിലാവാഹിച്ചു ബ്രഹ്മരക്ഷസ്സായി ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. മന്ദസ്മിതത്തോടെ ചക്കുളത്തമ്മ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുമായിരുന്നു എന്നും പറയപ്പെടുന്നു.

1981-ൽ പുനരുദ്ധാരണം നടത്തിയ ഈ ക്ഷേത്രത്തിൽ വനദുർഗ്ഗാസ്വരൂപിണിയായ മൂലവിഗ്രഹത്തോടൊപ്പം അഷ്ടബാഹുക്കളോടുകൂടിയ ദേവീ വിഗ്രഹം പ്രതി്,ഠിച്ചിരിക്കുന്നു. ശിവൻ, ശാസ്താവ്, ഗണപതി, നാഗദേവതകൾ, നവഗ്രഹങ്ങൾ എന്നീ ഉപദേവതാപ്രതിഷ്ഠകളും ഈ ക്ഷേത്രത്തിലുണ്ട്. ദേവിയുടെ ശ്രീകോവിൽ സ്ഥാനത്തു നിന്നും അല്പം അകലെയായി പ്രത്യേക ശ്രീകോവിലിൽ സാമാന്യം വലിയ ഒരു ഹനമാൻ വിഗ്രഹപതിഷ്ഠയും കാണുന്നുണ്ട്. സരസ്വതി, ലക്ഷ്മി, ദുർഗ്ഗ, പാർവ്വതി, ചണ്ഡിക, ഭദ്ര എന്നീ ആറു ഭാവങ്ങളിലാണ് ദേവി ചക്കുളത്തുകാവിൽ കുടികൊള്ളുന്നത്. സർവ്വാഭീഷ്ഠവരദായിനി യായ അമ്മയുടെ തിരുസന്നിധിയിൽ സ്ത്രീകളെ ദേവിയായി സങ്കല്പിച്ച് നാരീപൂജ നടത്തപ്പെടുന്നു. നാരി നാരായണിയാകുന്ന തിരുസന്നിധിയാണ് നീരേറ്റുപുറം ചക്കുളത്തുകാവു ഭഗവതി ക്ഷേത്രം. സ്ത്രീയിൽ ഈശ്വരാംശം കല്പിക്കുന്ന വിശ്വാസപ്രമാണം നിലനില്ക്കുന്ന ഒരു ക്ഷേത്രസങ്കേതമാണിത്. സ്ത്രീയെ ആദരിച്ചാൽ ശാന്തിയും അനാദരിച്ചാൽ അശ്ശാന്തിയുമാണ് ഫലം എന്ന ഭാരതീയ സംസ്ക്കാരത്തിന്റെ മഹത്സന്ദേശം ഉയർത്തിക്കാട്ടുന്നതാണ് നാരീപൂജ എന്നത്.

ദേവേന്ദ്രനു പോലും സത്യസാക്ഷാത്കാരത്തിനു മാർഗ്ഗദർശിയായത് ദേവീരൂപമായിരുന്നു എന്നത് നാരീസങ്കല്പത്തിന്റെ മഹത്വമാണ് കാട്ടുന്നത്. നാരീപൂജയിലൂടെ ശക്തിസ്വരൂപിണിയും ഐശ്വര്യദായിനിയുമായ ദേവിയുടെ സാന്നിദ്ധ്യത്തെ വണങ്ങുന്ന ഈ കർമ്മം സമൂഹനന്മയെ ലക്ഷ്യമാക്കിയാണ് നടത്തുന്നത്.

വൃശ്ചികത്തിലെ കാർത്തിക ദിവസമാണ് ചക്കുളത്തുകാവിൽ പൊങ്കാല നടക്കുന്നത്. കാർത്തിക ദിവസം വൈകിട്ട് കാർത്തിക സ്തംഭം കത്തിക്കും. വളരെ ഉയരമുള്ള ഒരു തൂണിൽ ഉണങ്ങിയ വാഴയിലയും കമുകിന്റെ ഓലകളും തെങ്ങിന്റെ ഓലകളും ഇലഞ്ഞി മരത്തിന്റെ ചില്ലകളും പടക്കവും ദേവിയുടെ പഴയ ഉടയാടകളും കെട്ടിത്തയ്യാറാക്കുന്നതാണ് കാർത്തികസ്തഭം. കാർത്തികസ്തംഭത്തിലേയ്ക്ക്, തിന്മയുടെ പ്രതീകമായ ഈ തൂണിലേക്ക് സർവ്വപാപങ്ങളേയും സർവ്വദോഷങ്ങളേയും ആവാഹിക്കുന്നു. അതിനുശ്ശേഷം ദേവിയെ പുറത്തേക്കെഴുന്നള്ളിച്ച് കാർത്തിക സ്തംഭത്തെ അഗ്നിക്കിരയാക്കുന്നു. ഈ സമയം ക്ഷേത്രത്തിലും ക്ഷേത്രപരിസരങ്ങളിലും എല്ലാവിളക്കുകളും തെളിയിക്കുന്നു. തിന്മയുടെ മേൽ നന്മ ആധിപത്യം സ്ഥാപിക്കുന്നു

എന്നാണ് ഇതിനു പിന്നിലെ സങ്കല്പം. ജാതിയുടേയോ മതത്തിന്റെയോ വർഗ്ഗവർണ്ണ വ്യത്യാസങ്ങളുടേയോ വേലിക്കെട്ടുകളൊന്നും ഈ ക്ഷേത്രത്തിലില്ല. ദേവീഭക്തരായ എല്ലാ ഭക്തജനങ്ങളേയും ഇവിടേയ്ക്കു സ്വാഗതം ചെയ്യുന്നു. ചക്കുളത്തുകാവിലമ്മയുടെ മുന്നിൽ സന്താന സൗഭാഗ്യത്തിനായി പ്രാർത്ഥിച്ചാൽ അതിശയകരമായ ഫലമാണ് ലഭിക്കുക എന്നാണ് ഭക്തജനവിശ്വാസം.

ചക്കുളത്തുകാവിലമ്മയുടെ തിരുനടയിൽ മദ്യലഹരിക്കടിമപ്പെട്ടവരെ രക്ഷിക്കുന്നതിനായി ആദ്ധ്യാത്മികതലത്തിൽ ഒരു വലിയ പോരാട്ടം തന്നെ നടക്കുന്നുണ്ട്. ലഹരി പദാർത്ഥങ്ങൾക്കടിപ്പെട്ട് വഴിയാധാരമാകുന്ന നിരവധി ആളുകളും നരകതുല്യജീവിതം നയിക്കുന്ന അവരുടെ കുടുംബങ്ങളും അമ്മയുടെ തിരുനടയിൽ വന്നു പ്രാർത്ഥിക്കാറുണ്ട്. മലയാളമാസത്തിലെ ആദ്യ വെള്ളിയാഴ്ചകളിലാണ് ഈ ദേവീസന്നിധിയിൽ ലഹരി വിമുക്തിക്കുള്ള പ്രത്യേക പ്രാർത്ഥനകളും മറ്റും നടക്കുന്നത്. ആ ദിവസം ദേവിയെ പുറത്തേക്കെഴുന്നള്ളിച്ചിരുത്തും. ലഹരിക്കടിമപ്പെട്ടവർ ഈ സമയം ദേവിയുടെ തിരുവായുധം തൊട്ട് പ്രാർത്ഥിച്ചു പ്രതിജ്ഞയെടുക്കുന്നു. അമ്മയുടെ അനുഗ്രഹത്താൽ എത്രയോ കുടുംബങ്ങൾ ഇങ്ങനെ രക്ഷപെട്ടിട്ടുണ്ട്.

ഭക്തിയുടെ പര്യായമായ നാരദമഹർഷിയാൽ പ്രതിഷ്ഠിതമായ ഈ ക്ഷേത്രത്തിലെ ദേവീചൈതന്യം നാടിന് ഐശ്വര്യം വാരിതൂകി ഭക്തജനങ്ങളെ സംരക്ഷിക്കുന്നു. ചക്കുളത്തുകാവിലമ്മയുടെ അനുഗ്രഹങ്ങൾക്കായി ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് ഈ ലേഖനം അമ്മയുടെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

****

# അഭിനന്ദനങ്ങൾ



യൂണിവേഴ്സിറ്റി ഓഫ് ടൂർസ്, ഫ്രാൻസ്, ഓട്ടോണമസ് യൂണിവേഴ്സിറ്റി ഓഫ് ബാർസിലോണ, സ്പെയിൻ, ഹാനോവർ മെഡിക്കൽ സ്കൂൾ, ജർമ്മനി എന്നിവിടങ്ങളിലായി, ഇൻഫെക്ഷ്യസ് ഡിസീസ് ആൻഡ് വൺ ഹെൽത്ത് എന്ന വിഷയത്തിൽ മാസ്റ്റേഴ്സ് പ്രോഗാം ചെയ്യുന്നതിന് യൂറോപ്യൻയൂണിയന്റെ പ്രശസ്തമായ ഇറാസ്മസ് മുണ്ടസ് സ്ക്കോളർഷിപ്പ് നേടിയ ശ്രീഹരി. ജി. ഹൈക്കോടതി സീനിയർ ഗവൺമെന്റ് പ്ലീഡറും, കരയോഗം മെമ്പറുമായ എസ്. ഗോപിനാഥൻെറയും മഹാരാജാസ് കോളേജ് സുവോളജി വിഭാഗം മേധാവി അസോസിയേറ്റ് പ്രൊഫസ്സർ ഡോ. എൽ.പി. രമയുടേയും മകനാണ്. ഈ വിഷയത്തിൽ ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഏക വിദ്യാർത്ഥിയാണ് ശ്രീഹരി.



# ശ്രീമഹാഭാഗവതം

## ഭാഗവതം ആധുനിക യുഗത്തിന്റെ ദിവ്യ ഔഷധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

മനുഷ്യജീവിതം പൂർണ്ണത തേടിയുള്ള ഒരു യാത്രയാണ്. ഈ യാത്രയിൽ ഭാരതമഹാനദിയിൽ മുങ്ങിത്തപ്പുമ്പോൾ നമുക്കു വേദാന്ത സാരാംശങ്ങളും തത്ത്വോപദേശ സംഹിതകളും നിറഞ്ഞ പലതും കാണാൻ കഴിയും. ഇന്നത്തെ സാഹചര്യങ്ങളിൽ നിന്നു നോക്കിക്കാണുന്ന മനുഷ്യന് ഇവയെല്ലാം എങ്ങനെ അവന്റെ യാത്രയിൽ സഹായകമാകും പ്രക്ഷുബ്ധമായ ഏതു രംഗത്തും അവനെ എങ്ങനെ സഹായിക്കാൻ, ഉത്തേജിപ്പിക്കാൻ കഴിയും എന്ന് അറിയേണ്ടതുണ്ട്. മഹാപുരാണങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ മുക്തിയും ശാന്തിയും ലഭിക്കാൻ എന്താണുപകരിക്കുകയെന്ന ചോദ്യമുയരുന്നു. അങ്ങനെ വരുമ്പോൾ അഷ്ടാദശാപുരാണങ്ങളിൽ സർവ്വശ്രേഷ്ഠമെന്നു കരുതുന്നത് ഭാഗവതമാണ്. ഭാഗവതം എന്ന പദത്തിന് പല അർത്ഥങ്ങളുമുണ്ട്. ഭഗവദ് സ്വരൂപം കാണിക്കുന്നത്, ആര് ഭഗവാന്റേതാകുന്നുവോ അത് ഭാഗവതം. വേറൊരർത്ഥം പറയുന്നത് പ്രകാശമാകുന്ന ചൈതന്യസ്വരൂപത്തെ അറിയണമെങ്കിൽ സംസാരസാഗരം കടന്നവിടെയെത്തണം. ഇങ്ങനെ കടക്കുവാനുള്ള മാദ്ധ്യമം ദൃഢവുമായിരിക്കണം. ഇതിൽ 12 സ്കന്ധങ്ങളും പതിനെണ്ണായിരം ശ്ലോകങ്ങളു മുണ്ട്. ഈ വർണ്ണന നടക്കുന്നത് നൈമിഷാരണ്യത്തിലാണ്. ഈ വാക്കിനെ പല വിധത്തിൽ വ്യഖ്യാനിക്കാം. ശാന്തമായ സ്ഥലം അതിനെ നൈമിഷാരണ്യമെന്നു പറയാം. നമുക്ക് ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ വരുമ്പോഴോ സത്യമറിയണമെന്ന ത്വര അലട്ടുമ്പോഴോ നമ്മൾ ശാന്തമായിരിക്കാൻ ഉപയോഗിക്കുന്നിടം നൈമിഷാരണ്യം. എവിടെ മനസ് നിശ്ചലമാകുന്നുവോ അത് നൈമിഷാരണ്യം. ഇവിടെയാണ് സുതൻ പറയുന്ന കാര്യങ്ങൾ.

നമ്മൾ സാധാരണ സംസാരിക്കുന്നത് ദുഃഖത്തെപ്പറ്റിയോ സുഖത്തെപറ്റിയോ നേട്ടങ്ങളെ പറ്റിയോ ഒക്കെ ആയിരിക്കും. അതിൽ നിന്ന് വ്യത്യസ്ഥമായി ഭാഗവതം കേൾക്കാനുള്ള സുവർണ്ണാവസരമാണ് ഇവിടെ ലഭിക്കുന്നത്.

ജന്മാന്തരേ ഭവേത് പുണ്യം
തദാ ഭാഗവതം ലഭേത്

ഭാഗവതത്തിൽ പ്രത്യേകമായെന്തെങ്കിലും ഉണ്ടോ? ഒരു മാവിൽ നിറയെ മാങ്ങ പഴുത്തു നിൽക്കുന്നു. മാങ്ങയുടെ മാധുര്യം മാവിനില്ല. മാങ്ങയിൽ മാത്രമാണ് മാങ്ങയുടെ സ്വാദ്. ഭാഗവതത്തെ നിഗമ കൽപ്പതരോൾ ഗളിതം ഫലം എന്നാണ് പറയുന്നത്. വേദം വൃക്ഷ വും ഫലം ഭാഗവതവുമാണ്. ഭാഗവതത്തെക്കുറിച്ചു പറയുന്നത് ജനിച്ചതിനു ശേഷം ഒരു പ്രാവശ്യമെങ്കിലും ഭാഗവതം കേൾക്കാത്തവർ അമ്മയെ വേദനിപ്പിക്കുന്നവരാണെന്നാണ്.

ധിക്തം നരം പശു സമം ഭൂവി ഭാരരൂപ
മേവം വദന്തി ദിവി ദേവ സമാജമുഖ്യാ

കൊമ്പും വാലുമില്ല എന്നൊരു വ്യത്യാസമേ അവർക്കു മൃഗങ്ങളിൽ നിന്നുമുള്ളൂ.

ഈ ലോകം ജനനമരണങ്ങളിൽ നിന്നും എങ്ങനെ മുക്തമാകും, ഇതാണ് അറിയേണ്ടത്. സർപ്പദംശനമേറ്റു മരിക്കും എന്ന ശാപം ലഭിച്ച പരീക്ഷിത് മഹാരാജാവിന്റെ മരണഭയം മാറി എങ്ങനെ മുക്തനായി എന്നതാണിവിടെ നമുക്കു കാണാൻ കഴിയുന്നത്. കർത്തവ്യത്തിന്റെ സ്വരൂപവും പ്രയോജനവുമെന്താണ്?.

ഇന്ന് ആളുകൾ ധർമ്മം എന്ന പേരിൽ ചെയ്യുന്ന കർമ്മങ്ങൾ നമ്മുടെ ഉയർച്ചയെ ലാക്കാക്കിയാണ്. അതിന് തടസ്സം വന്നാൽ ന

മുക്കു ദേഷ്യം വരും. എന്നാൽ ധർമ്മം ശരിയായ രീതിയിലാണ് നിർവ്വഹിക്കുന്നതെങ്കിൽ നമുക്കു സന്തോഷമാണുണ്ടാവുക. സ്നേഹവും അതുമൂലമുണ്ടാകുന്ന ആനന്ദാനുഭൂതിയും ഉണ്ടാകുന്നില്ലെങ്കിൽ അത് ധർമ്മമല്ല. നമ്മെ ആര് വളർത്തുന്നുവോ, ഉയരാൻ സഹായിക്കുന്നുവോ അവരെ തിരിച്ച് സേവിക്കേണ്ടത് നമ്മുടെ ധർമ്മമാണ്. എല്ലാത്തിനുമുള്ള കഴിവ് നമുക്കുണ്ടാക്കി തന്നവരോട് സ്നേഹവും ഭക്തിയും കാണിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ഇവിടെ പരീക്ഷിത്തിനെ മുനി ശപിച്ച കഥ പ്രഥമസ്കന്ധത്തിൽ തന്നെ പറയുന്നുണ്ട്. രാജാ വിനെ ശപിച്ച മുനി കുമാരനോട് പിതാവ് പറഞ്ഞതെന്താണ്? രാജാവിനെ ശിക്ഷിച്ചാൽ രാജാവില്ലാതാകും. സദാചാരം ഇല്ലാതാകും. ഇവിടെ നാം മനസ്സിലാക്കേണ്ടത് നിന്ദിച്ചാലും വഞ്ചിച്ചാലും ഭാഗവദ്ഭക്തിയിൽ മുഴുകിയ നന്മ നിറഞ്ഞ ഭക്തർ പ്രതികാരം ചെയ്യുകയില്ല. രാജാവ് അപമാനിച്ചെങ്കിലും അതു കുററമായി മുനി കണുന്നില്ല. എന്നാൽ മുനിപുത്രന്റെ തെററിന് പശ്ചാത്തപിക്കുന്നു. മററുള്ളവരുടെ പ്രവർത്തിമൂലം തനിക്കുണ്ടായ ദുഃഖം ദുഃഖമല്ല. പക്ഷെ താൻമൂലം ആരും വേദനിക്കരുതെന്നാണ് ഇവിടെ വിവരിക്കുന്നത്. ഇന്ന് മനുഷ്യൻ ധനസമ്പാദനത്തിനും സ്വന്തം ഇഷ്ടത്തിനു മനുസരിച്ച് പ്രവർത്തികൾ ചെയ്യുന്നു. എന്റെ ശരീരം എന്റെ ദേഹം ഇങ്ങനെ പോകുന്നു. ലോകത്തിലെല്ലാം നശിച്ചിട്ടും അവർ അനശ്വരരാണെന്നു വിശ്വസിക്കുന്നു. ഇത്തരം വിശ്വാസങ്ങൾ നാശത്തിനാണെന്നു ധരിക്കണം. ഇവിടെ പരമതത്ത്വത്തെ മനസ്സിലാക്കിയാൽ ഒരു പരിധി വരെ രക്ഷ പെടാം. മനസ്സല്ലേ ഒരു ചൈതന്യതത്ത്വം. ഈ മനസ്സ് പല രൂപത്തിലറിയപ്പെടുന്നുവെന്നു മാത്രം. അിറവ് മാത്രമാണ് നമുക്ക് ആർജ്ജിക്കേണ്ടത്. ഈശ്വരൻ അവിടെ ആകാശത്തിലിരുന്ന് നമ്മളെ ശിക്ഷിക്കുകയാണെന്നൊക്കെ അ ബന്ധജടിലമായ ചിന്തകൾ മനുഷ്യനെ അന്ധവി ശ്വാസത്തിലേക്കു നയിക്കുന്നു. എന്നാൽ ഈശ്വരൻ നമ്മുടെ ഹൃദയത്തിലാണ്. ആദ്യസ്കന്ധത്തിൽ രണ്ടാമദ്ധ്യായത്തിൽ മഹത് തത്ത്വങ്ങളെല്ലാം തന്നെ വിവരിക്കുന്നുണ്ട്. നാലാമത്തെ സ്കന്ധത്തിൽ ധ്രുവൻ, ദക്ഷൻ, പുരഞ്ജനൻ തുടങ്ങിയവരുടെ വിവരണം നൽകുക വഴി ധർമ്മാർത്ഥകാ മമോക്ഷങ്ങളെ വർണ്ണിക്കുന്നു. ഭാഗവതം മുഴുവൻ മനസ്സിലാക്കുമ്പോൾ ഓരോ കഥ യും എന്തിനു വേണ്ടിയായിരുന്നുവെന്നു മനസ്സിലാകും. ഭാഗവതത്തിൽ മുഴുനീളം നമുക്കു ദർശിക്കാൻ കഴിയുന്നത് മനസ്സും അതിന്റെ പ്രതിപ്രവർത്തനങ്ങളുമാണ്. മനശാസ്ത്രപണ്ഡിതന്മാർ മനുഷ്യമനസ്സിന്റെ നിഗൂഢതകൾ കണ്ടുപിടിക്കുവാനായി അക്ഷീണം യജ്ഞിച്ചിട്ടുണ്ട്. തത്ത്വജിജ്ഞാസ അതായത് പരമാർത്ഥതത്ത്വത്തെ മനസ്സിലാക്കുമ്പോൾ ജീവിതലക്ഷ്യം അിറയാൻ കഴിയും. മനസ്സ് വിവധ രൂപത്തിൽ വിഹരിക്കുമ്പോൾ അതെല്ലാം പലതായി നമുക്കു തോന്നുന്നുവെന്നു മാത്രം. ആ പരമസത്യത്തെ ഈശ്വരൻ എന്നു നമുക്കു കാണാം. ഇവിടെ സാധാരണക്കാർ കാര്യസാദ്ധ്യത്തിനുള്ള മാർഗ്ഗമായി അതിനെ കാണുന്നു. പക്ഷെ വ്യാസൻ പറയുന്നു അവനവന്റെ ഹൃദയത്തിൽ തന്നെയാണ് ഈശ്വരൻ. ഇവിടെ താത്ത്വികമായി ഈ സംഗതി മനസ്സിലാക്കാൻ പലയിടത്തും അന്വേഷിക്കണം. നമ്മളെ ദുഃഖത്തിൽ നിന്നും മാററി മറുകര എത്തിക്കാൻ സഹായിക്കുന്നതാണ് അത്. ആരിൽ നിന്നു തുടങ്ങണം, ദുഷ്ചിന്തകളെ എങ്ങനെ മാററിയെടുക്കാം. ഇവിടെ വ്യാസൻ പറയുന്നു:

ശൃണ്വതാം സ്വകഥാം കൃഷ്ണഃ പുണ്യശ്ര
വണ കീർത്തനഃ
ഹൃദ്യന്തഃ സ്വേഥാ ഹൃദഭ്രാണി വിധുനോ
തി സുഹൃത് സതാം

ഭഗവത് കഥകൾ കേൾക്കാൻ തുടങ്ങുമ്പോൾ ഭഗവാൻ നമ്മുടെ ഹൃദയത്തിന്റെ പൂജാമുറിയിൽ കയറി മാലിന്യങ്ങളെ കളഞ്ഞു വൃത്തിയാക്കുന്നു. നമ്മുടെ ചുറ്റുപാടും ഉള്ള ദുഷിച്ച ആളുകൾ പറയുന്നത് കേട്ട് നമ്മുടെ മനസ്സ്

വ്യാകുലപ്പെടും. ഇതു മാറുമ്പോൾ

നഷ്ടപ്രായേഷ ഭദ്രേഷു നിത്യം
ഭാഗവത സേവയാ
ഭഗവത്യുത്തമ ശ്ലോകേ ഭക്തിർ
ഭവതി നൈഷ്ഠികി

നമ്മുടെ മനസ്സിൽ നിന്നും മാലിന്യം അകലുമ്പോൾ പരിശുദ്ധി അഥവാ ഭക്തി യുണ്ടാകുന്നു.

മുനികുമാരൻ ശപിച്ചതനുസരിച്ച് തക്ഷകൻ ഏഴാംദിവസം കടിക്കുമെന്നും മരിക്കുമെന്നും സൂചന ലഭിച്ചിട്ടും അദ്ദേഹം താൻ ചെയ്തത് തെററാണെന്നു പറയുകയല്ല, മറിച്ച് അനശ്വരമായ തത്ത്വം ഗ്രഹിക്കണമെന്നാണ് ആഗ്രഹിച്ചത്. ഒരിക്കൽ ചെയ്ത തെററിന് കുറ്റബോധം ഉണ്ടായി. അദ്ദേഹം പറഞ്ഞതെന്താണെന്നോ?

അഹോ വയം ധന്യത മാ നൃപാണാം
അഹത്തമാനുഗ്രഹണീയശീലാ
രാജ്ഞാം കുലം ബ്രാഹ്മണ പാദശൗചാദ്
വുതദ്വി സൃഷ്ടം ബത ഗാർഹ്വകർമ്മ

ഞാൻ സദാ രാജാക്കന്മാരിലും വെച്ച് ധന്യനാണ്. എന്നേപ്പോലെ ഇത്രയും പാപം ചെയ്ത ഒരാളെ കാണാൻ നിങ്ങൾ വന്നു. നിങ്ങൾ ഈ ദിവസം കൊണ്ട് ഭഗവദ് കഥ പറഞ്ഞാലുമെന്നാണ്. മരണം അടുത്താൽ പോലും വൈരാഗ്യവും പ്രതികാരവും കാണിക്കുന്ന ഇന്നത്തെ ജനങ്ങൾക്ക് ഈ പരീക്ഷിത്തിന്റെ വാക്കുകൾ ചിന്തനീയമാകേണ്ടതല്ലേ.? ആസന്നമരണനായിരിക്കുന്നവന്റെ ജോലി സ്വത്ത് വീതിക്കലല്ല. ഭഗവാനെ സ്മരിക്കാനും നല്ല മാർഗ്ഗങ്ങൾ ലഭിക്കുകയെന്നുമാണ്. ഇവിടെയാണ് ശ്രീശുകനും പരീക്ഷിത്തും തമ്മിൽ നടന്ന മഹത് വചനങ്ങളുടെ പ്രസക്തി. ഭഗവദ്ഗീതയുടെ പശ്ചാത്തലം പോലെ തന്നെ ഭാഗവതത്തിന്റേയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേൾക്കുന്നയാളും പറയുന്നയാളും പ്രാധാന്യമർഹിക്കുന്നു. തവളയെ നീർക്കോലി പിടിച്ചാൽ കഷ്ടമാണ്. എന്നാൽ പെരുമ്പാമ്പിനെയാണെങ്കിലോ? ഭഗവദ്ഗീതയുടെ അവസാനം സഞ്ജയൻ പറയുന്നു:

ഇത്യഹം വാസുദേവസ്യ പാർത്ഥസ്യ
ച മഹാത്മനഃ
സംവാദമിമ ശ്രൗഷം അത്ഭുതം
രോമഹർഷണം

ശ്രീകൃഷ്ണന്റേയും അർജ്ജുനന്റേയും അത്ഭുതകരവും രോമാഞ്ചജനകവുമായ സംവാദം ഞാൻ കേട്ടുവെന്നാണ്. അതുപോലെ തന്നെ സുതൻ പറയുന്നു കാലമാകുന്ന സർപ്പത്തിൽ നിന്നും മോചനം കിട്ടാനായി പ്രശീശുകൻപരീക്ഷിത്തിനെ കേൾപ്പിച്ചതാണ് ശ്രീമദ്ഭാഗവതം. സർവവേദാന്തസാരമായ ഈ കൃതി പുണ്യാത്മാക്കൾക്കു വേണ്ടിയുള്ളതാണ്.

മനുഷ്യൻ പഞ്ചഭൂത സൃഷ്ടിയാണ്. നമ്മളെല്ലാവരും ഭഗവാന്റെ ഓരോ അംശം മാത്രമാണ്. ഇവിടെ മനസ്സ് ശുദ്ധമായിരിക്കുവാനുള്ള വിദ്യകളാണ് ഉപദേശിക്കുന്നത്. മനസ്സിൽ ആവശ്യമില്ലാതെയുള്ള ആഗ്രഹങ്ങളുണ്ടായാൽ അത്യാഗ്രഹിയായി മാറുന്നു.

കസ്മാദ് ഭജന്തി കവയോ ധന
ദുർമ്മദാ ന്ധാൻ

പണക്കാരനായാൽ പോലും അന്യരുടെ മുൻപിൽ തരിക തരിക എന്നു പറഞ്ഞു യാചിക്കുകയാണ്. അചഞ്ചലമായ വിശ്വാസം, അതാണ് ശ്രേയസ്സ്. നല്ല കാര്യങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ ദുഷ്ചിന്ത മാറും. ഇത് സ്വയം സാധിക്കുന്നില്ലെങ്കിൽ ഗുരുവിലൂടെയോ സജ്ജനങ്ങളുമായുള്ള സമ്പർക്കത്തിലൂടെയോ സാധിക്കണം.

മനുഷ്യൻ സ്വപ്നജീവിയാണ്. നൂറു നൂറു സ്വപ്നങ്ങൾ നെയ്തു കൂട്ടും. ആവശ്യമുള്ളതും സാധിക്കാൻ ഒരിക്കലും അവസരമില്ലാത്ത കാര്യങ്ങളും ഇക്കൂട്ടത്തിൽ പെടും. ഇവിടെ വിദുരമൈത്രേയ സംവാദത്തിൽ വിദുരരുടെ ചോദ്യം ശ്രദ്ധിക്കുക.

സുഖായ കർമ്മാണി കരോതി ലോകോ
ന തൈഃ സുഖം വാന്യദുപാരമംവാ
വിന്ദേത ഭൂയസ്ത ഏവ ദുഃഖം
യദത്ര യുക്തം ഭഗവാൻ വദേനഃ

*(തുടരും)*

****

# യോഗ ചതുഷ്ടയം

**എം.ആർ.എസ് മേനോൻ**

*ഭാഗം . 4*

**രാ**ജയോഗം*. യോഗ ചതുഷ്ടയത്തിന്റെ നാലു പാഠങ്ങൾ നാം പൂർത്തിയാക്കി. നിരന്തരമായ അഭ്യാസത്തിൽ കൂടി നേടേണ്ടതാണ് രാജയോഗം. മനസും ശരീരവും ഒരേ പോലെ രാജയോഗ പരിശീലനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരീരത്തിനെയും മനസ്സിനെയും സ്വാധീനിക്കാൻ നിരന്തരശ്രമം കൊണ്ടേ സാധിക്കൂ. പ്രകൃതി നിയമങ്ങളെ യോഗി തനിക്കധീനമാക്കുന്നു. മനോവൃത്തികളുടെ നിയന്ത്രണത്തിന് ആഹാര നിയന്ത്രണം പ്രധാന ഘടകമാണ്. രാജയോഗത്തിന് എട്ട് ഘടകങ്ങൾ ഉണ്ട്. പടിപടിയായ ഈ ഘട്ടങ്ങൾ കടന്നാലേ ലക്ഷ്യത്തിൽ എത്തിച്ചേരൂ.
1. യമം. യമമെന്നാൽ 5 ഘടകങ്ങൾ ചേർന്നതാണ്. അഹിംസ, സത്യം, അസ്തേയം (മോഷ്ടിക്കാതിരിക്കുക) ബ്രഹ്മചര്യം, അപരിഗ്രഹം (ആരോടും ഒന്നും സ്വീകരിക്കാതിരിക്കുക) ഇവ ഓരോന്നും പ്രത്യേകം പഠിക്കേണ്ടതാണ്. ഇവിടെ വിസ്തരിച്ച പഠനം ഉദ്ദേശിക്കുന്നില്ല. പൊതു ധാരണകൾ മാത്രം.

2. നിയമം. നിയമത്തിലെ ഘടകങ്ങൾ 5 എണ്ണം. ഒന്ന് ശൌചം അതായത് ശുചിത്വം. ആന്തരികവും ബാഹ്യവുമായ ശുചിത്വം ഇതിൽപ്പെടുന്നു. രണ്ട് സന്തോഷം മൂന്ന് തപസ്സ് നാലു സ്വാദ്ധ്യായം (വേദശാസ്ത്രങ്ങളുടെ പഠനം ജപം സ്വാധ്യായം) അടുത്തത് ഈശ്വര പ്രണിധാനം. ( ഈശ്വരങ്കൽ സമർപ്പണം )

3. ആസനം. മനോനിയന്തണത്തിന്റെ ആദ്യ ഭാഗമാണ് ശരീരത്തെ നിയന്ത്രിക്കൽ. ആദ്യമായി ഉറച്ചിരിക്കാൻ ഒരാസനം വേണം. ആസനത്തിൽ പ്രധാനം നട്ടെല്ല് നിവർന്ന് ഉടലും കഴുത്തും തലയും ഒരേ നിലയിൽ നിർത്താൻ കഴിയണം എന്നതാണ്. ഇതിൽ നിന്ന് വികസിച്ചവയാണ് യോഗാസനങ്ങൾ. യോഗ ചതുഷ്ടയത്തിന്റെ ഒരു ഭാഗം മാത്രമാണ് യോഗ. ഇന്ന് യോഗ വെറും വ്യായാമ പദ്ധതി മാത്രമായി അധപതിച്ചിരിക്കുന്നു

4. പ്രാണായാമം. അടുത്തതായ പ്രാണായാമത്തിന്റെ കൂടെ നാഡി ശുദ്ധി ശീലിക്കണം. പ്രാണൻ നമുക്ക് അനുഭവപ്പെടുന്നത് ശ്വാസത്തിലൂടെയാണ്. ശ്വാസത്തെ നിയന്ത്രിച്ചാൽ പ്രാണനെ നിയന്ത്രിക്കാൻ കഴിയും. പ്രാണായാമം വാസ്തവത്തിൽ ശ്വാസവുമായല്ല പ്രാണനുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇത് വെറും ശ്വസനക്രിയ മാത്രമല്ല എന്ന് നാം മനസ്സിലാക്കണം. പ്രാണായാമപരിശീലനം ആരോഗ്യത്തെ ബലപ്പെടുത്തുമെന്നതും ശരീരത്തിൽ ധാരാളം ഓക്സിജൻ എത്തിക്കുമെന്നതും രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കും എന്നതും അതിന്റെ ഒരു ചെറിയ പ്രയോജന മാത്രം. പ്രാണനെ നിയന്ത്രിക്കുന്നവന് പ്രപഞ്ചം മുഴുവൻ നിയന്ത്രണാധീനമാകും. പ്രാണായാമത്തിന്റെ മാർഗ്ഗങ്ങളെ ഈ പഠനത്തിൽ ഉൾക്കൊള്ളിക്കുന്നില്ല. കാരണം ശ്വാസനിയന്ത്രണം ഗുരുവിൽ നിന്ന് നേരിട്ട് അഭ്യസിക്കേണ്ടതാണ് . ആർക്കും ചെയ്യാവുന്ന ലളിതമായ രീതികൾ നിത്യേന പരിശീലിക്കാം. വളരെ ഉയർന്ന തലത്തിലുള്ള ഉപരി പാഠങ്ങൾ അനുഭവസിദ്ധനായ ഗുരുവിൽ നിന്ന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ ശീലിക്കാവൂ. പ്രാണായാമം ഏതൊരു വ്യക്തിക്കും അനുഭവവേദ്യമാകുന്ന ഒരു ശാസ്ത്രം തന്നെയാണ്. സൂക്ഷ്മ ശരീരത്തിൽ നട്ടെല്ലിനുള്ളിൽ സുഷുമ്നാ നാഡിയും ആ സുഷുമ്നാ നാഡിയോട് ബന്ധപ്പെട്ട്

മൂലാധാരം, സ്വാധിഷ്ഠാനം മണിപൂരകം, അനാഹതം വിശുദ്ധി ചക്രം, ആജ്ഞാചക്രം, സഹസ്രാര ചക്രം എന്നീ ആറു ശക്തി സ്പന്ദ കേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്നു. സുഷുമ്നയുടെ ഇരുവശവും ഇഡയെന്നും പിംഗളയെന്നും രണ്ടു നാഡികളും സൂക്ഷ്മ ശരീരത്തിൽ സ്ഥിതി ചെയ്യുന്നു. മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന സൂക്ഷ്മ ശക്തിയായ കുണ്ഡലിനി ഉയർന്ന് ആറ് ആധാരങ്ങളും കടന്ന് ശിരസിലെ സഹസ്രാരത്തിലെത്തുന്നതാണ് യോഗി എത്തിച്ചേരുന്ന പരമമായ തലം. വ്യക്തിസത്ത പ്രപഞ്ച സത്തയുടെ തലത്തിൽ എത്തിച്ചേരുന്ന അവസ്ഥയാണിത്.

5. പ്രത്യാഹാരം. ഇന്ദിയങ്ങളും മനസ്സും ചേർന്നാണ് നമുക്ക് ബാഹ്യ വസ്തുവിനെപ്പറ്റി ജ്ഞാനം ഉണ്ടാക്കുന്നത്. ഇന്ദ്രിയങ്ങളുടെ പിന്നാലെ പോകുന്നതാണ് ദു:ഖ കാരണം. ഇന്ദ്രിയങ്ങളുടെ നിയന്ത്രണത്തെ സ്വന്തം ഇച്ഛാശക്തി കൊണ്ട് നിയന്ത്രിക്കലാണ് പ്രത്യാഹാരം. അഴിച്ചു വിട്ടിരിക്കുന്ന മനസ്സിനെ അഭ്യാസം കൊണ്ട് നിയന്ത്രിക്കുക നിരന്തര പരിശീലനം കൊണ്ട് സാധിക്കും. ഇന്ദ്രിയങ്ങളെ നശിപ്പിക്കലല്ല വശപ്പെടുത്തലാണ് ആവശ്യം.

6. ധാരണ. പ്രത്യാഹാരം അഭ്യസിച്ച് മനസ്സിനെ പൂർണ്ണമായി നിയന്ത്രിച്ചാൽ അടുത്തത് മനസ്സിനെ ചില പ്രത്യേക ഭാഗങ്ങളിൽ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നു. ധാരണകൾ അഞ്ചു തരമെന്ന് പറയപ്പെടുന്നു. നാം ഭക്ഷണം കഴിക്കുന്നത് ബോധപൂർവ്വം ആണെങ്കിലും ഭക്ഷണം ദഹിക്കുന്നത് ഉൾപ്പെടെ ആന്തരികമായ പ്രവർത്തനങ്ങൾക്കുമേൽ നമുക്ക് യാതൊരു നിയന്ത്രണവും ഇല്ല . ഹൃദയം സ്പന്ദിക്കുന്നത് ഉൾപ്പെടെയുള്ള ആന്തരിക പ്രവർത്തനങ്ങൾ ബോധതലത്തിലല്ല നടക്കുന്നത്. എന്നാൽ അഭ്യാസം കൊണ്ട് ആന്തരിക പ്രവർത്തനങ്ങളെയും നിയന്ത്രിക്കാനൊക്കും. അത്ഭുതകരമായ മാറ്റം ഇത് ജീവിതത്തിൽ ഉണ്ടാക്കും. അതിശയകരമായ അനുഭവങ്ങൾ ബോധ്യമാകും. ബാഹ്യ വിക്ഷേപങ്ങൾ വിട്ടു തന്റെ ഉള്ളിലെ പരമസത്യത്തെ അറിയാനുള്ള യജ്ഞത്തിലാണ് ഇപ്പോൾ. ഇടക്ക് ഉണ്ടാവുന്ന പ്രത്യക്ഷാനുഭവങ്ങളുടെ പിന്നാലെ പോകുന്നത് അപകടകരമാണ്.

7 – 8 ധ്യാനം സമാധി. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ധ്യാനത്തിലൂടെ സമാധിയിൽ എത്തുന്നു. മറ്റു ചിത്തവൃത്തികളെ മനസ്സിൽ പ്രവേശിക്കാൻ അനുവദിക്കാത്ത അവസ്ഥയാണ് ധ്യാനം. ഈ രണ്ടു വിഷയങ്ങളെപ്പറ്റി നമുക്ക് അടുത്ത ലക്കം കൂടുതൽ ആശയങ്ങൾ പങ്ക് വയ്കാം...

*(തുടരും ....)*

*****

## അയ്യപ്പ ഭാഗവത പാരായണം

2022 നവംബർ മാസം 21-ാം തീയതി മുതൽ 23-ാം തീയതി വരെ മണ്ഡലകാലത്തോടനുബന്ധിച്ച് ശ്രീമതിമാർ പി.പി. വത്സലയുടെയും ഇന്ദിരാഭായിയുടെയും നേതൃത്വത്തിൽ, ടി.ഡി.എം. ഹാളിൽ രാവിലെ 7.30 മുതൽ അയ്യപ്പ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഭക്തജനങ്ങളേയും സ്വാഗതം ചെയ്യുന്നു.

ജനറൽ സെക്രട്ടറി

# കേരളത്തിലെ കലകൾ

വിദ്വാൻപ്രഭ. ജെ. എസ്

(തുടർച്ച)

നമ്പ്യാർ പല വിധത്തിലും അസാധാരണ കഴിവുകളും അതുല്യമായ പ്രതിഭാപ്രഭാവവും തികഞ്ഞ ഒരു കവിയാണെന്നതിൽ തർക്കമില്ല. ഇത്ര സാമൂഹ്യബോധമുള്ള കവികൾ പൗരസ്ത്യ സാഹിത്യത്തിൽ വിരളമാണ്. ആദ്യന്തം അവയൊക്കെ സാമൂഹ്യ വിമർശന പ്രധാനമാണ്. ആ വിമർശനം തികച്ചും പരിഹാസം തുളുമ്പുന്നവയുമാണ്. മലയാളത്തിൽ അതു പുത്തരിയല്ല. ചാക്യാരുടെ കൂത്തു പറച്ചിലിനോട് ഏറെ സാമ്യമുണ്ട്.

സാമൂഹ്യവിമർശനത്തിന് അനുയോജ്യമായ ഒരു നൂതന കവിതാപ്രസ്ഥാനം തന്നെ ഉത്ഘാടനം ചെയ്തുകൊണ്ടാണ് നമ്പ്യാർ മുന്നോട്ടു വന്നത്. അപൂർണ്ണങ്ങളായ ജനകീയ ഗാനരീതിയിൽ നിന്ന് സമുചിതമെന്നു തോന്നിയവയെ തിരഞ്ഞെടുത്തു പരിഷ്ക്കരിച്ച് നവ്യവും ചൈതന്യവത്തുമായ ഒരു കവനകലാശില്പം തന്നെ മെനഞ്ഞെടുത്തു. അതാണ് 'തുള്ളൽ'.

നമ്പ്യാരുടെ തുള്ളലുകൾ അതുവരെയുണ്ടായ കാവ്യശൈലികളിൽ വച്ച് ഏറ്റവും ലളിതവും, ശുദ്ധവുമായ മലയാളശൈലിയിലുള്ളതാണ്. അത്തരമൊരു ശൈലി മനപ്പൂർവ്വം സ്വീകരിച്ചതാണെന്നു അദ്ദേഹം തന്നെ സമ്മതിച്ചിട്ടുണ്ട്. താൻ സാമാന്യ ജനത്തിനുവേണ്ടിയാണ് എഴുതുന്നതെന്നും, അവരുടെ ഭാഷയിൽ അവർക്കു രസിക്കുന്ന രീതിയിൽ അവർക്കുവേണ്ടി എഴുതാനാണ് താൻ ഇഷ്ടപ്പെടുന്നതെന്നും അദ്ദേഹം പല ആവർത്തി പറഞ്ഞിട്ടുമുണ്ട്.

കുഞ്ചൻനമ്പ്യാർ മൂന്നു തരം തുള്ളൽ പ്രചരിപ്പിച്ചിട്ടുണ്ട്. ഓട്ടൻ തുള്ളൽ, ശീതങ്കൽ തുള്ളൽ, പറയൻ തുള്ളൽ. നൃത്തകലയുടെ പ്രാധാന്യത്തെയാണ് തുള്ളൽ എന്ന പദം സൂചിപ്പിക്കുന്നത്. ആദ്യാവസാനം നൃത്തം കാണാം. ഗീതവും വാദ്യവും അതിനകമ്പടി സേവിയ്ക്കുന്നു. ഒപ്പം അഭിനയവും സർവ്വഥാ തുടരണം.

തുള്ളൽക്കാരന്റെ വേഷം ഒരു പ്രത്യേക കഥാപാത്രത്തിന്റേതല്ല. എന്നാൽ എല്ലാ കഥാപാത്രങ്ങളും ആ വേഷത്തിലാടണം. കൂടിയാട്ടം, കഥകളി എന്നിവയിലെ നാട്യാംശം ചേർത്തിണക്കി സൃഷ്ടിച്ചിട്ടുള്ള ഒരു കലാരൂപമാണ് തുള്ളൽ.

പത്താം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് തുള്ളൽ പ്രസ്ഥാനത്തിന്റെ ഉത്ഭവം. അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിൽ കൂത്തിനു മിഴാവുകൊട്ടുമ്പോൾ ഒരിക്കൽ കുഞ്ചൻ നമ്പ്യാർ ഉറങ്ങിപ്പോയി. അതുകണ്ട പരിഹാസപ്രിയനായ ചാക്യാർ അരങ്ങത്തുവച്ചു തന്നെ നമ്പ്യാരെ പരിഹസിച്ചുവെന്നും അതിന്റെ പകവീട്ടാൻ അദ്ദേഹം അടുത്ത ദിവസം അവതരിപ്പിച്ച കലയാണ് തുള്ളലെന്നും ഒരു ഐതിഹ്യമുണ്ട്. ഇത്തരം നിസ്സാരസംഭവങ്ങൾ ലോകശ്രേയസ്സിനു നിദാനമായ വലിയ കാര്യങ്ങളുടെ ഉത്ഭവത്തിനു കാരണമാകാറുണ്ട്. തുള്ളൽക്കാർക്ക് ആ രൂപത്തിൽ അരങ്ങേറുവാൻ വേണ്ടുന്ന പ്രേരണ നല്കിയതും വളരെയധികം കൃതികൾ നിർമ്മിച്ച് തുള്ളൽ പ്രസ്ഥാനത്തിനു സ്ഥിരപ്രതിഷ്ഠനേടിക്കൊടുത്തതും കുഞ്ചൻ നമ്പ്യാരാണെന്ന സംഗതി നിസ്തർക്കമാണ്. കല്യാണസൗഗന്ധികം ശീതങ്കൽ തുള്ളലാണ് ആദ്യ കൃതിയെന്നാണ് അഭിപ്രായം. മറ്റു പലരും തുള്ളൽക്കഥകൾ രചിച്ചുവെങ്കിലും അവയൊന്നും നമ്പ്യാരുടെ കൃതികളോളം ശ്ലാഘനീയമാകാനായില്ല. സംഗീത ഭംഗിയോടും താളമേളക്കൊഴുപ്പോടും നൃത്താഭിനയപുഷ്ടിയോടും കുഞ്ചൻനമ്പ്യാർ പുരാണകഥകളെ സാമാന്യം നാടകകഥക

ളെപോലെ പറഞ്ഞു പോയി. പുരാണപുരുഷന്മാരേയും, സ്ത്രീകളേയും കേരളീയപുരുഷന്മാരും സ്ത്രീകളുമായി ചിത്രീകരിച്ചു. ഹസ്തിനപുരവും ഇന്ദ്രപ്രസ്ഥവും, ദ്വാരകയും, ദേവേന്ദ്രസദസ്സുമെല്ലാം തികച്ചും കേരളീയ മാതൃകയിലാണ് വർണ്ണിക്കുന്നത്. തിരുവനന്തപുരത്തെയോ, ചെമ്പകശ്ശേരിയിലേയോ രാജധാനിയുടേയും രാജസദസ്സുകളുടേയും പ്രതീതിയുളവാക്കുന്നവയാണവ. ദുര്യോധനനെയും, രാവണനെയും അക്കാലത്തെ വങ്കപ്രഭുക്കന്മാരുടെ തൽസ്വരൂപത്തിൽ നമ്പ്യാർ സൃഷ്ടിച്ചിരിക്കുന്നു. ധർമ്മപുത്രരും, ശ്രീരാമനും കേരളത്തിലെ ധർമ്മിഷ്ഠരായ പുരുഷന്മാരും സീതയും ദമയന്തിയും മലയാളിത്തനിമയുള്ള വനിതാരത്നങ്ങളുമാണ്. നമ്പ്യാർ വർണ്ണിയ്ക്കുന്ന ഘോഷയാത്രകൾ, സദ്യമേളങ്ങൾ, കാര്യാലോചനകൾ ഇവയൊക്കെ മലയാളികൾ നടത്തിയതും കണ്ടതുമാണ്.

കാർത്തവീര്യാർജ്ജുനവിജയത്തിൽ രാവണൻ തന്റെ മന്ത്രി മുഖാന്തരം കാർത്തവീര്യാർജ്ജുനന് നലകുന്ന ആജ്ഞാപനത്തിൽ

വിളവിൽ പാതിനമുക്കുതരേണം
മുളകു സമസ്തവുമർപ്പിയ്ക്കേണം
തെങ്ങുകവുങ്ങുകൾ മാവുംപ്ലാവും
എങ്ങുമെനിക്കിഹകണ്ടെഴുതേണം.

നമ്പ്യാരുടെ കാലത്തെ ഒരു കേരള രാജാവ് ഒരു സാമന്തകനോടോ, കീഴടങ്ങിയ മറ്റൊരു രാജാവിനോടോ പറയുന്നതായേ തോന്നുകയുള്ളൂ. അന്നത്തെ ജനസമൂഹത്തിന്റെ ജീവിതരീതികളിൽ നിന്ന് അടർത്തിയെടുത്ത കഥാഖണ്ഡങ്ങൾ മാത്രമേ തുള്ളലിലൂടെ അവതരിപ്പിച്ചിട്ടുള്ളൂ. വർണ്ണനയിൽ വാസ്തവികതയുടെ ബോധമുണ്ടാക്കാൻ നമ്പ്യാർക്കുണ്ടായിരുന്ന പാടവം അനന്യസാധാരണമായിരുന്നു.

വെള്ളപ്പൊക്കത്തിൽ അകപ്പെട്ടു കരകയറാൻ ശ്രമിക്കുന്ന രാവണൻ 'ഇരുപതു തണ്ടുകൾ വച്ചുമുറുക്കിയ പെരിയൊരു വഞ്ചികണ'ക്കെയാണ് പോകുന്നത്. തടിയനായ ഭീമസേനനെ വണ്ണൻവാഴകണക്കു വളർന്നൊരു പൊണ്ണത്തടിയനായിട്ടാണ് ദുര്യോധനൻ പരിഹസിയ്ക്കുന്നത്.

പഞ്ചേന്ദ്രോപാഖ്യാനം തുള്ളലിൽ ശിവന്റെ കോപാഗ്നി മൂലം കാലനില്ലാതായിത്തീർന്ന ഒരു കാലം വർണ്ണിയ്ക്കുന്നത് മനോധർമ്മകുശലമായ ഒരു ചിത്രീകരണമാണ്.

നമ്പ്യാരുടെ കവനമണ്ഡലം സാമാന്യം വിപുലമാണ് തുള്ളലുകൾ. ശീതങ്കൻ രീതിയിലും ഓട്ടൻരീതിയിലും എഴുതിക്കാണുന്നു. തകഴിയിലും മാത്തൂരിലുമായി രണ്ടു ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായിരുന്നെന്നും അവർക്കുവേണ്ടി 64 തുള്ളലുകൾ ഉണ്ടാക്കിയെന്നും ഐതിഹ്യം കാണുന്നു.

തുള്ളലിന് മൂന്നാളുകളേ വേണ്ടതുള്ളൂ. കൊട്ടാനും പാടാനുമായി രണ്ടാൾ ആടാൻ തുള്ളൽക്കാരനും ചെറിയൊരു മദ്ദളവും കുഴിതാളവുമാണ് വാദ്യം.

പാട്ടിനും, ആട്ടത്തിനും നേരിയൊരു മേളക്കൊഴുപ്പുണ്ടാക്കുകമാത്രമാണ് ചെയ്യുന്നത്. ശരിയ്ക്കും ഒരു താളമിട്ടുകൊടുക്കുകയാണ് വാദ്യത്തിന്റെ പ്രധാനലക്ഷ്യം.

ഓരോ ശീലും തുള്ളൻക്കാരൻ ചൊല്ലിക്കഴിഞ്ഞാൽ വാദ്യക്കാർ അതേറ്റുപാടണം. ആ സമയത്ത് തുള്ളൽക്കാരൻ സാമാന്യം വേഗത്തിൽ കഥകളി രീതിയിൽ അതിലെ പദാർത്ഥങ്ങൾ അഭിനയിച്ചു കാണിക്കുന്നു. നല്ല നാടൻപാട്ടും അതിനിണങ്ങുന്ന അഭിനയവും കോർത്തിണക്കുമ്പോൾ പണ്ഡിതപാമരഭേദമന്യേ ഏവരേയും ഹഠാദാകർഷിയ്ക്കും.

അമ്പലപ്പുഴയ്ക്കടുത്തുള്ള തകഴി ശാസ്താവിന്റെ ക്ഷേത്രത്തിൽ പടയണി എന്നൊരു ചടങ്ങുണ്ട്. പന്ത്രണ്ടു ദിവസംകൊണ്ട് ഒന്നാം കളം രണ്ടാം കളം എന്ന രീതിയിൽ നടത്തിവരുന്ന ആ പടയണിയിൽ ശീതങ്കൻ പറയൻ തുള്ളൽ തുടങ്ങിയവയാണ് അവതരിപ്പിക്കുന്നത്.

ഭടജനങ്ങടെ സഭയിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള
ഭാഷതന്നെ ചിതംവരൂ

എന്ന് നമ്പ്യാർ സഭാ പ്രവേശം തുള്ളലിൽ

പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും തുള്ളൽ പാട്ടുകൾ തകഴി പടയണിയിലാണ് ആദ്യം രംഗപ്രവേശം ചെയ്തതെന്നും പിന്നെ അതു മാത്തൂർ ക്ഷേത്രത്തിലേയ്ക്കും വ്യാപിച്ചു വെന്നുമാണ് വിലയിരുത്തുന്നത്.

വേഷഭേദവും നൃത്തഭേദവും വൃത്തഭേദവും ആണ് മൂന്നു തള്ളലിന്റെയും അടിസ്ഥാനം. ശീതങ്കൻ തുള്ളലിൽ കുരുത്തോലയാണ് പ്രധാന വേഷസാമഗ്രി. മുടിയും കങ്കണാദികളും മറ്റും നിർമ്മിയ്ക്കുന്നത് കുരുത്തോല കൊണ്ടാണ്. മുഖത്തു പ്രത്യേകിച്ച് തേപ്പൊന്നുമില്ല. വാലിട്ട് കണ്ണെഴുതിയിരിയ്ക്കും.

പറയൻതുള്ളലിൽ ശിവന്റെ വേഷമാണ്. പാക്കനാരുടെ വംശത്തിൽ ജനിച്ച ശിവഭക്തനായ ഒരു പറയനാണ് താനെന്നു പല പറയൻ തുള്ളലിലും വ്യക്തമാക്കിയിട്ടുണ്ട്. പറയൻ എന്ന ശബ്ദത്തിനു പറയുന്നവൻ എന്നാണർത്ഥമെന്ന് ഈ വരികൾ ചൂണ്ടിക്കാണിക്കുന്നു.

'നാക്കുകൊണ്ടു പറയുന്ന ജനത്തിൻ
ശ്രേഷ്ഠതകൊണ്ടു
നാന്മുഖനിജ്ജനങ്ങൾക്കു പറയനെന്നു
പേരിട്ടു'

മുഖത്തു പഴുക്ക നിറത്തിൽ തേച്ച് കണ്ണും പുരികവുമെഴുതി കിരീടം ധരിച്ചുകൊണ്ടുള്ള ഒരു തരം വേഷവിധാനം പറയന്റെ പ്രത്യേകതയാണ്. ശിവസാരൂപ്യത്തിനൊത്തവണ്ണം നാഗപണാലകൃതമാണ് കിരീടം. പാമ്പിൻപടത്തിന്റെ ആകൃതിയിലാണ് മുടി. മുഖം പച്ചയാണ്. വള തോൾവള, മാർച്ചട്ട, കച്ചമണി മുതലായതെല്ലാമുണ്ട്. വെള്ളനാട കോർത്തിണക്കിയ അരമുണ്ട്. ഇടയ്ക്കു ചുവന്ന നാടയും കലർത്തിയിരിക്കും. ശീതങ്കനും ഓട്ടന്റെ അരമുണ്ടാണ്. പറയൻ മാത്രം വെള്ളവസ്ത്രമുടുത്തു മീതേ ചുവന്ന പട്ടു ധരിക്കുന്നു. ഇങ്ങനെയാണ് തുള്ളലുകളുടെ വേഷഭേദം.

തുടരും.

***

## 97-ാമത് സ്ഥാപകദിനവും, 2022-ലെ കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 97-ാമത് സ്ഥാപകദിനവും, 2022ലെ കുടുംബസംഗമവും ഡിസംബർ 25 ഞായറാഴ്ച രാവിലെ 10 മണിക്ക് ടി.ഡി. എം ഹാളിൽ സമുചിതമായി ആഘോഷിക്കുന്നു.

അന്നേ ദിവസം രാവിലെ 5 മണിക്ക് അഷ്ടദ്രവ്യഗണപതിഹോമം, നവകം, പഞ്ചഗവ്യം, എന്നീ ചടങ്ങുകൾ ക്ഷേത്രതന്ത്രി പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തുന്നു. അതോടൊപ്പം എറണാകുളം ശിവക്ഷേത്രം, വളഞ്ഞമ്പലം ദേവിക്ഷേത്രം, രവിപുരം ശ്രീകൃഷ്ണക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ വഴിപാടുകളും നടത്തപ്പെടുന്നതാണ്.

കുടുംബസംഗമത്തോടനുബന്ധിച്ച് രാവിലെ മുതൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കരയോഗം അംഗങ്ങൾ ഡിസംബർ 15ന് മുമ്പ് പ്രൊഫ. സുമംഗലാദേവിയെയോ, ശ്രീമതി ശുഭാ വിജയനേയോ ഫോണിൽ ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9447785214, 9446357315.

കുടുംബസംഗമത്തോടനുബന്ധിച്ച് കരയോഗം ഒരുക്കുന്ന സൽക്കാരത്തിൽ പങ്കെടുക്കുന്നതിനുള്ള കൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-2361160 Extn: 111, 112

| | | |
|---|---|---|
| **10.00 മണി മുതൽ** | : | **വിവിധ കലാപരിപാടികൾ** |
| **ഉച്ചയ്ക്ക് 1 മണിക്ക്** | : | **ഉച്ചഭക്ഷണം** |
| **വൈകുന്നേരം 5.30 ന്** | : | **അയ്യപ്പൻ പാട്ട്** |

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## നവംബർ – ഡിസംബർ

| | | | | |
|---|---|---|---|---|
| 1 | 13-11-2022 | ഞായർ | സാംസ്കാരിക വേദി – സംഗീതം | 4.00 pm |
| 2 | 21-11-2022 മുതൽ<br>23-11-2022 വരെ | തിങ്കൾ മുതൽ<br>ബുധൻ വരെ | അയ്യപ്പഭാഗവതപാരായണം | 7.30 am |
| 3 | 26-11-2022 | ശനി | ബീം – മിഴാവ്– ഡബിൾ തായമ്പക | 6.15 pm |
| 4. | 12-11-2022<br>19-11-2022<br>26-11-2022<br>03-12-2022 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത<br>– ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 5. | 16-11-2022<br>23-11-2022<br>30-11-2022<br>07-12-2022 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 6. | 17-11-2022<br>24-11-2022<br>01-12-2022<br>08-12-2022 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 pm - 6.00 pm |
| 7 | 01-12-2022 മുതൽ<br>07-12-2022 വരെ | വ്യാഴം മുതൽ<br>ബുധൻ വരെ | ഉപനിഷദ് വിചാരയജ്ഞം<br>ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി | 6.00 pm to 8.00 pm |
| 8 | 14-12-2022 | ബുധൻ | നാരായണീയപാരായണം | 7.00 am |

### 2022 ഒക്ടോബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**എം. ശിവശങ്കരൻ**
(L/1508)
തുഷാരം, അശോക റോഡ്,
പാവക്കുളം ലെയിൻ, കൊച്ചി – 17



**പി. ബാലചന്ദ്രൻ നായർ**
(L/4502)
പത്മാലയം, മൊണാസ്ട്രി റോഡ്,
കാരിക്കാമുറി, കൊച്ചി – 11



**സി. ലക്ഷ്മികുട്ടി**
(L/0895)
ഇളമന, രാജാജി റോഡ്
കൊച്ചി – 35

### 05–ാം ചരമവാർഷികം
### 25.11.2022



**വിമല കൃഷ്ണൻ**
**എഴുത്തുള്ളിൽ**
**രവിപുരം**

# ന്യൂട്ടന്റെ പ്രപഞ്ച ചലച്ചിത്രം

## സി. രാമചന്ദ്രൻ – 9995820684

**ഭൂ**മി ഒരു ഭയങ്കര സംഭവമാണെന്നു ധരിക്കത്തക്കവിധം മാത്രം അറിവുകൾ വികസിച്ചുനിന്ന, അല്ലെങ്കിൽ അറിവുകൾ മരവിച്ചുനിന്ന ഒരു കാലഘട്ടത്തിലാണ് കോപ്പർനിക്കസ് - ഗലീലിയോ - ന്യൂട്ടൻ പ്രഭൃതികൾ ജീവിക്കുന്നത്. അതുകൊണ്ടുതന്നെയാണ്, ഭൂമിയെ ഇത്തരത്തിൽ വേഗതയിൽ അച്ചുതണ്ടിൽ തിരിക്കുവാനും അതിവേഗതയിൽ സൂര്യനുചുറ്റും കറക്കുവാനുമുള്ള ഊർജ്ജം എവിടെനിന്ന് എന്ന പ്രസക്തമായ ചോദ്യം ശക്തമാകുന്നത്. മാത്രമല്ല വസ്തുക്കൾ ഭൂമിയിലേയ്ക്കു വീഴുന്നത് ഭൂമി പ്രപഞ്ചകേന്ദ്രത്തിലാണ് എന്നതുകൊണ്ടാണ് എന്ന വാദവും അന്നത്തെ പുതിയ അറിവുകളുടെ വെളിച്ചത്തിൽ നിലനില്ക്കുന്നതല്ലാത്ത ഒന്നായി മാറി. ഉയർന്നുവന്ന പല ചോദ്യങ്ങൾക്കും ന്യൂട്ടൻ ബോധ്യപ്പെടുംവിധം ഉത്തരം നൽകുകയും ചെയ്തു. 1687-ൽ ന്യൂട്ടന്റെ ഉത്തരങ്ങളടങ്ങിയ 'പ്രിൻസിപ്പിയമാത്തമാറ്റിക്ക' പുറത്തിറങ്ങി. 'മനുഷ്യൻ എത്ര അറിവില്ലാത്തവൻ' എന്ന സോക്രട്ടീസിന്റെ നിരീക്ഷണത്തിന്റെ സാധുത അരക്കിട്ടുറപ്പിക്കുന്ന ഒരു കാലഘട്ടത്തിലേയ്ക്കുള്ള പ്രവേശനം കൂടിയായിരുന്നു അത്.

ട്രിനിറ്റി കോളേജിൽ പഠിക്കുമ്പോൾ, പ്ലേഗ് നാട്ടിൽ പടരുകമൂലം, കോളേജടച്ച് വീട്ടിൽ ക്വാറന്റൈനിൽ കഴിയുന്ന കാലത്താണ് ന്യൂട്ടൻ അദ്ദേഹത്തിന്റെ സുപ്രധാന കണ്ടുപിടുത്തങ്ങൾ നടത്തുന്നത്. പഠനവും അനുബന്ധ ഗവേഷണവും പൂർത്തിയാകുംമുമ്പുതന്നെ അദ്ദേഹം വിപ്ലവകരമായ കണ്ടുപിടുത്തങ്ങൾ നടത്തിക്കഴിഞ്ഞിരുന്നു. അന്ന് അദ്ദേഹത്തിന് വയസ്സ് ഇരുപത്തിനാലു തികഞ്ഞിരുന്നില്ല.

1669-ൽ മാസ്റ്റർ ഡിഗ്രി എടുത്ത ഉടനെതന്നെ ന്യൂട്ടൻ പ്രൊഫസ്സറായി നിയമിതനായി. പ്രകാശവുമായി ബന്ധപ്പെട്ട പ്രതിഫലനം, പ്രതിപതനം, അപവർത്തനം തുടങ്ങിയ പ്രതിഭാസങ്ങളെക്കുറിച്ചായിരുന്നു ആദ്യകാല പഠനങ്ങൾ. കണികാസിദ്ധാന്തത്തിലേയ്ക്കാണ് അത് അദ്ദേഹത്തെ എത്തിച്ചത്. പ്രകാശത്തിന്റെ പ്രായോഗികസൂത്രമായി ഗലീലിയോയുടെ ടെലസ്കോപ്പിനെ അദ്ദേഹം ക്രിയാത്മകമായി പരിഷ്കരിച്ചു. ന്യൂട്ടോണിയൻ ടെലസ്കോപ്പ് എന്നറിയപ്പെടുന്ന അതിനെ അടിസ്ഥാനമാക്കിയാണ് ടെലസ്കോപ്പുകളുടെ പിന്നീടുള്ള വളർച്ച.

ന്യൂട്ടനും അന്നത്തെ പ്രഗത്ഭ ശാസ്ത്രജ്ഞൻ റോബർട്ട് ഹുക്കും തമ്മിൽ ഇതിനിടെയുണ്ടായ തർക്കങ്ങളും സംവാദങ്ങളും യഥാർത്ഥത്തിൽ സിദ്ധാന്തങ്ങളുടെ ശുദ്ധീകരണത്തിനു സഹായകമായി. എഡ്മണ്ട് ഹാലിയുമായി ന്യൂട്ടൻ സന്ധിക്കുന്നതാണ് ശാസ്ത്രത്തിന്റെ മറ്റൊരു വഴിത്തിരിവ്. അദ്ദേഹമാണ് ന്യൂട്ടൻ, പ്രസിദ്ധീകരിക്കാൻ മടിച്ച് വച്ചുകൊണ്ടിരുന്ന സിദ്ധാന്തത്തിന്റെ മൂല്യം തിരിച്ചറിയുകയും 'മാത്തമാറ്റിക്കൽ പ്രിൻസിപ്പിൾ ഓഫ് നാച്ചുറൽ ഫിലോസഫി' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ മുൻകൈയെടുക്കുകയും ചെയ്യുന്നത്. ഇന്നും ന്യൂട്ടൻ കാലങ്ങളെ അതിജീവിച്ച് നമ്മോടൊപ്പം കഴിയുന്നു. ന്യൂട്ടൻ കാണാത്ത ഉപകരണങ്ങൾ പലതും പിന്നീടുണ്ടാകുകയും കാണാത്ത കാഴ്ചകൾ പലതും പിൽക്കാലത്തു കാണുകയും ചെയ്തുവെങ്കിലും വലിയ പരിക്കുകളില്ലാതെ അദ്ദേഹം ഇന്നും നിലനിൽക്കുന്നു. ഐൻസ്റ്റൈന്റെ പുതിയ സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റേതിനെ മുന്നോട്ടു നയിക്കുകയാണു ചെയ്തത്; കാലഹരണപ്പെടുത്തുകയല്ല. ഇരുപതാംനൂറ്റാണ്ടിന്റെ പടിവാതിൽ കടന്ന്

ശാസ്ത്രം കുതിച്ചു ചാടിയപ്പോഴും ന്യൂട്ടന്റെ പ്രസക്തി കുറഞ്ഞില്ല. ഭൂമിയെ സംബന്ധിച്ച് അതുമതി.

ഇക്കാലത്ത് ന്യൂട്ടന്റെ ശ്രദ്ധ ബൈബിൾ വിഷയങ്ങളിലേയ്ക്കു തിരിഞ്ഞു എന്നതും അദ്ദേഹം ബ്രിട്ടീഷ് പാർലമെന്റ് അംഗമായി എന്നതും നാണയക്കമ്മട്ടത്തിന്റെ അധിപനായി എന്നതും പ്രത്യേകം ശ്രദ്ധിക്കണം. കള്ളനാണയങ്ങൾക്കെതിരെ അദ്ദേഹം ശക്തമായ നടപടികളെടുത്തു. ചെയ്ത സേവനങ്ങൾക്ക് ബ്രിട്ടീഷ് രാജ്ഞി 'സർ' സ്ഥാനം നൽകി ആദരിച്ചു. ബ്രിട്ടീഷ് റോയൽ സൊസൈറ്റിയുടെ അധ്യക്ഷപദവി അലങ്കരിക്കുവാനും ഇടയായി.

ഇനി വരാനിരിക്കുന്ന നൂറ്റാണ്ടുകളുടെ ശാസ്ത്രചിന്തകളുടേയും പ്രവർത്തനങ്ങളുടേയും പശ്ചാത്തലത്തിൽ ന്യൂട്ടന്റെ സിദ്ധാന്തങ്ങളുടെ അന്തർധാര അഗോചരമായി പ്രവഹിക്കുന്നുണ്ടായിരുന്നു. മാനവചരിത്രത്തിന്റെ ഭാഗമാണ് ശാസ്ത്രസാങ്കേതികവിദ്യ എന്നതുപോലെ അതുതന്നെയാണ് ചരിത്രത്തെ സൃഷ്ടിച്ചതും. ചക്രവർത്തിമാരും രാജാക്കന്മാരും യോദ്ധാക്കളുമാണ് ചരിത്രം സൃഷ്ടിച്ചതെന്ന സങ്കല്പം ഇന്ന് കാലഹരണപ്പെട്ടുകഴിഞ്ഞു. അതതു കാലഘട്ടത്തിലെ ശാസ്ത്രസാങ്കേതിക പ്രായോഗികജ്ഞാനവും ജനങ്ങളും ചേർന്നാണ് ചരിത്രം സൃഷ്ടിക്കുന്നത്. അതിന്റെ ലിഖിത രൂപം ഉരുത്തിരിച്ചെടുക്കുന്നത് ഇന്ന് പുരാവസ്തു ഗവേഷണം, നരവംശശാസ്ത്രം തുടങ്ങിയ ശാസ്ത്രവിഷയങ്ങളുടെ സഹായത്തോടെയാണ്. ശാസ്ത്രത്തിന്റെ വളർച്ചക്കനുസരിച്ച് ജനറ്റിക്സ്, ജീനോമിക്സ്, ആർക്കിയോജിനോമിക്സ് തുടങ്ങിയ ശാസ്ത്രശാഖകളും ചരിത്രത്തെ സമ്പുഷ്ടമാക്കുന്നു. ഇന്ന് അത് മനുഷ്യചരിത്രത്തിൽ നിന്നുപോലും പിറകോട്ടു സഞ്ചരിച്ച്, പ്രപഞ്ചത്തിന്റെ ഭൂതകാല ചരിത്രമെന്ന നിലയിലേയ്ക്ക് അതിനെ വികസിപ്പിച്ചിട്ടുണ്ട്.

സമുദ്രമാർഗങ്ങളിലെ ആധിപത്യവും പുതിയ ലോകങ്ങളുടെ കണ്ടുപിടിത്തവും മറ്റും യൂറോപ്പിന് സാമ്പത്തികവും രാഷ്ട്രീയവുമായ ആധിപത്യത്തിന്റെ അടിത്തറപാകി. അതോടെ ശാസ്ത്രം നവമുതലാളിത്തത്തിന്റെ ഒരു അനുബന്ധമായി മാറുകയായിരുന്നു. ശാസ്ത്രത്തിനും മുതലാളിത്തത്തിനും ഇത് പരസ്പര ബന്ധിതമായ ഒരന്തസ്സു നൽകി. പ്രാചീന നദീതട സംസ്കാരങ്ങളുടെ പൈതൃകം തുടർന്നുവന്ന മറ്റു ഭൂവിഭാഗങ്ങൾക്കുമേൽ യൂറോപ്പിന് മേൽക്കൈ ലഭിക്കാനിടയായത് ഈയൊരു ആനുകൂല്യത്തിന്റെ ബലത്തിലും കൂടിയാണ്.

പതിനാറാം നൂറ്റാണ്ടിനുശേഷം ലോകത്തിൽ ആവിർഭവിച്ചുവന്ന ഉത്പാദന രീതികളും ഉത്പാദനബന്ധങ്ങളും യുദ്ധോപകരണങ്ങളും, സാമൂഹ്യവ്യവസ്ഥയെ നാടുവാഴിത്തത്തിൽ നിന്ന് മുതലാളിത്തത്തിലേയ്ക്കു നയിച്ചു. ഉത്പാദനത്തിന്റെ തോതും ഉത്പന്നങ്ങളുടെ അളവും വർദ്ധിക്കുന്നതിനനുസരിച്ച് കമ്പോളവും വികസിക്കേണ്ടതുണ്ടായിരുന്നു. ഭൂപ്രഭുക്കന്മാരിൽ നിന്ന് അധികാരം കൊയ്യാൻ പുതിയതായി ഉയർന്നുവന്ന വ്യാവസായിക മുതലാളിമാർ തയ്യാറായി നിന്നു. ഉല്പന്നങ്ങൾ തുടർന്നും വർദ്ധിച്ചപ്പോൾ കമ്പോളം രാജ്യാന്തരമായി വർദ്ധിപ്പിക്കേണ്ടതായും വന്നുചേർന്നു. ചരക്കുനീക്കഗതാഗതത്തിന് കുതിരവണ്ടികളും കാളവണ്ടികളും അപര്യാപ്തവുമായി നദികളിലൂടെയുള്ള ഗതാഗതം ആഭ്യന്തര ഗതാഗതത്തിനുതകുമായിരുന്നതുപോലെ തന്നെയായിരുന്നു തോടുകളുടെ സ്ഥിതിയും. സ്വാഭാവികമായും കടൽഗതാഗതത്തിന്റെ പ്രാധാന്യത്തിലേയ്ക്കാണ് അത് ചരിത്രത്തെ നയിച്ചത്. ജലഗതാഗതവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാനുള്ള സന്ദർഭം ഇതുണ്ടാക്കിതീർത്തു.

പായക്കപ്പലുകളും, കാലികമായിട്ടുണ്ടാകുന്ന സമുദ്രവാതങ്ങളും കടലൊഴുക്കുക

ളുമായി ബന്ധപ്പെടുത്തി, യാത്രകൾ ക്രമീക രിക്കേണ്ടതുണ്ടായിരുന്നു. കപ്പലിന്റെ ഗതി നിർണയിക്കുവാൻ ആകാശത്തെ ആശ്രയി ക്കേണ്ടിവരികയും അതിൽ കൃത്യത വര ത്തക്കവണ്ണം ആകാശത്തെ ശാസ്ത്രീയമാ യി വിഭജിക്കേണ്ടതുണ്ടായിരുന്നു. ഭൂമിയെ അക്ഷാംശരേഖകൊണ്ടും രേഖാംശരേഖ കൊണ്ടും അടയാളപ്പെടുത്തുന്നതുപോലെ അതിനു സമാന്തരമായി ആകാശത്തെയും ഡെക്ലിനേഷൻ എന്ന് അപക്രമമായും റൈറ്റ് അസൻഷൻ എന്ന് വിഷുവാംശമായും വി ഭജിച്ചു കൃത്യ മാക്കി. തുടർന്ന് അത് നക്ഷത്ര രാശികളുമായി പൊരുത്തപ്പെടുത്തി, ഉൾ ക്കൊള്ളേണ്ടതുമുണ്ടായിരുന്നു. മാത്രമല്ല ഭൂമിയേയും ആകാശത്തേയും സ്ഥലകാല പ്പൊരുത്തത്തോടെ കാണുകയും വേണമാ യിരുന്നു സമുദ്രയാത്രയ്ക്ക്. ഇന്നത്തെ ജി. പി.എസ്. സംവിധാനം അതിനെ എത്രമേൽ കിറുകൃത്യവും ലളിതവും ജനകീയവുമാക്കി മാറ്റിയിട്ടുണ്ടെന്ന് നമുക്കിന്നനുഭവിച്ചറിയാം.

വ്യവസായവും, ഗതാഗതവും വർദ്ധിക്കു ന്നതിനനുസരിച്ച് ലോഹങ്ങളുടെ, പ്രത്യേകി ച്ച് ഇരുമ്പിന്റെയും ചെമ്പിന്റെയും ആവശ്യക തയും വർദ്ധിച്ചുവന്നു. ഖനിയും ഖനന വും പ്രധാനമായി. ഖനികൾ കുഴിച്ചു കുഴി ച്ചു പോകുന്നതിനുള്ള സാങ്കേതികജ്ഞാ നത്തോടൊപ്പം ഖനിയിൽ ഊറിനിറയുന്ന വെള്ളം പമ്പുചെയ്യുന്നതിനുള്ള വിദ്യയും പ്രധാനമാണ്. തുടർന്നു നടക്കാനുള്ള ലോഹ സംസ്കരണ പ്രക്രിയയും മെറ്റലർജി എന്ന ശാസ്ത്രശാഖയുടെ ആദ്യകിരണങ്ങളാണ്.

പതിനേഴാം നൂറ്റാണ്ടിന്റെ പരിധി ഭേദിച്ച്, ചരിത്രം തുടർന്നുവരുന്ന നൂറ്റാണ്ടുകളിലേയ് ക്ക് അപ്രതിരോധ്യമായി പ്രവഹിക്കാനൊരു ങ്ങുന്നതിന്റെ പശ്ചാത്തലമാണ് നാം കാ ണുവാൻ ശ്രമിച്ചത്. സാങ്കല്പികമായ ഒരു ബൗദ്ധിക പരിസരത്തുനിന്ന് മനുഷ്യൻ യാ ഥാർത്ഥ്യങ്ങളുടെ ചിന്താപദ്ധതി കളിലേയ്ക്കു പ്രവേശിക്കുകയാണ്. ജ്ഞാനികൾ എന്ന വകാശപ്പെട്ടിരുന്നവരാരും യഥാർത്ഥത്തിൽ ജ്ഞാനികളായിരുന്നില്ല എന്ന തിരിച്ചറിവാണ് ജ്ഞാനോദയത്താലുണ്ടായത്. യൂറോപ്പിനെ പുരോഗതിയിലേയ്ക്കു നയിച്ചതും അതാണ്. ഏതോ അദൃശ്യശക്തിയുടെ ഇച്ഛാനുസര ണമാണ് പ്രപഞ്ചചലനം എന്ന നിലവിലു ണ്ടായിരുന്ന കാല്പനികതയെയാണ് ന്യൂട്ടൻ പിഴുതെറിഞ്ഞത്. ഇതിന്റെ മറ്റൊരു ആവർത്ത നമാണ് ഇനി വരുന്ന കാലത്ത് പരിണാമസി ദ്ധാന്തത്തിലൂടെ ഡാർവിൻ നിർവഹിക്കുന്നത്. ന്യൂട്ടന്റെ നിഗമനങ്ങൾക്ക് അനുസരിച്ചുനോ ക്കിയാൽ വസ്തുക്കളെ ചലിപ്പിക്കുവാനല്ല, ചലനങ്ങളെ നിയന്ത്രിക്കുവാനാണ് ശക്തി യും ബലവും ആവശ്യമായി വരുന്നത്. അതായത് എല്ലാം ചലനവിധേയമാണ്; ചലി പ്പിക്കുവാനല്ല, വ്യതിചലിപ്പിക്കുവാനാണ് ഊർ ജ്ജമാവശ്യമായി വരുന്നത്. പ്രപഞ്ചത്തിൽ ഉണ്ട് എന്നു കരുതപ്പെട്ടിരിക്കുന്ന അദൃശ്യശ ക്തി യഥാർത്ഥത്തിൽ ഗുരുത്വാകർഷണത്തി ന്റേതാണ്. അതിപുരാതന തത്ത്വ ചിന്തക ളിൽ ഉറങ്ങിക്കിടന്നിരുന്ന ഭൗതികവാദം ഉണർന്നെഴുന്നേല്ക്കുകയായി. ല്യൂസിപ്പസും ഡെമോക്രാറ്റിസ്സും, കണാദനും പുനരവത രിച്ചതുപോലെ. ഇതിങ്ങനെയങ്ങനെ എഴു തിപോകാം. എന്നാൽ സാധാരണ മനുഷ്യന് ഇതു ദഹിക്കുവാൻ എളുപ്പമല്ല. അവർക്കിട യിൽ നിന്നും യുക്തമായ ഒരു ചോദ്യമുയരും. ആരാണ് ആദ്യം ഈ ബ്രഹ്മാണ്ഡത്തെ ഉന്തി ത്തള്ളിക്കറക്കി വിട്ടത്? സജീവമായ ചോ ദ്യം. അതിങ്ങനെയാണ് ഇന്നത്തെ ഫ്രാൻ സിസ് മാർപ്പാപ്പ വിശദീകരിക്കുന്നത്; 'ദൈവം പ്രപഞ്ചം സൃഷ്ടിച്ചശേഷം അതിനെ നിയമാനുസരണം പ്രവർത്തിക്കുവാൻ അനു വദിക്കുകയാണുണ്ടായത്. അതല്ലാതെ പിന്നീ ട് അത്ഭുതങ്ങളൊന്നുമില്ല. ദൈവവിശ്വാസി യായിരുന്നതിനാലും, പള്ളിയുമായി അലോ സരപ്പെടുവാൻ താല്പര്യമില്ലാത്തതിനാലും ഇതു തന്നെയായിരുന്നിരിക്കണം ന്യൂട്ടന്റെ അ പ്രഖ്യാപിത നിലപാടും. പത്തൊമ്പതാം നൂറ്റാ ണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും ചലിച്ചു കൊണ്ടല്ലാതെ ദൈവത്തിനു പോലും നില

നില്പില്ല എന്ന് ദൈവവിശ്വാസികൾക്കുപോലും ബോധ്യപ്പെടാതെ വയ്യ എന്ന സ്ഥിതിലേയ്ക്ക് ശാസ്ത്രം വളർന്നു. ചലനത്തോടെയാണ് പദാർത്ഥവും, പദാർത്ഥത്തോടെയാണ് ചലനവും, ചലനത്തിന്റെയും പദാർത്ഥത്തിന്റെയുമൊപ്പമാണ് സമയവും തുടങ്ങുന്നത്.

സങ്കല്പലോകത്തിൽ നാം പ്രപഞ്ചത്തെ സൃഷ്ടിക്കുകയാണെങ്കിൽ അത് ഭീമാകാരമായ ഒരു ഘടികാരമാണ്. കൃത്യമായ സമയക്രമങ്ങൾ പാലിച്ചുകൊണ്ടുതിരിയുന്ന ഒരു യന്ത്രം. യാന്ത്രിക ഭൗതിക വാദമെന്ന ചിന്താധാരയുടെ ഉറവിടമാണിവിടം. മാത്രമല്ല ആധുനിക ബൗദ്ധിക ചിന്തയുടെ മുഖ്യധാരയിലേയ്ക്ക് യാന്ത്രിക ഭൗതികവാദത്തിന്റെ കടന്നുവരവ് അന്ന് ഏതാണ്ട് പൂർത്തിയാകുകയായിരുന്നു.

*****

# നാരായണീയ ദിനാഘോഷം

2022 ഡിസംബർ 14-ാം തീയതി നാരായണീയദിനത്തിൽ ശ്രീമതിമാർ പി.പി. വത്സലയുടെയും ഇന്ദിരാഭായിയുടെയും നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7 മണി മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു. എല്ലാവർക്കും സ്വാഗതം

ജനറൽ സെക്രട്ടറി

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.

താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.

ഫോൺ : 04842361160

# കർമ്മോത്തേജനം

ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച)

ശുഭാശുഭങ്ങളായ കർമ്മങ്ങൾക്ക് അവയ്ക്കനുയോജ്യങ്ങളായ ഫലങ്ങൾ നമുക്ക് ആവശ്യം അനുഭവസിദ്ധമാകും എന്നതാണ് കർമ്മനിയമം. കായികവും വാചികവും മാനസികവും ആയ വ്യാപനങ്ങളെല്ലാം കർമ്മങ്ങളാണെന്നും അവയ്ക്ക് അവയുടെ സ്വഭാവത്തിനും ശക്തിക്കും അനുസരിച്ചുള്ള ഫലങ്ങൾ ഉണ്ടാകുമെന്നും ഭഗവദ്ഗീതയിൽ ഉദ്ധരിച്ചു കാണുന്നു. മനുഷ്യൻ സാമാന്യമായ മൂന്നുവിധകർമ്മങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബാഹേന്ദ്രിയ വ്യാപാരങ്ങൾ, മനോവികാരങ്ങൾ, വിചാരങ്ങൾ എന്നിവ. പ്രായേണ ഇവ മൂന്നും ഇടകലർന്നിരിക്കും. കൈകൊണ്ടു ദാനം കൊടുക്കുന്നത് ബാഹ്യകർമ്മമാണ്. ആ ദാനം കൊടുക്കാൻ പ്രേരിപ്പിച്ച മനസ്സലിവ് വികാര കർമ്മം, ദാനം മേടിക്കുന്നവന്റെ കഷ്ട സ്ഥിതികളെപ്പറ്റിയുള്ള ആലോചന മാനസികകർമ്മം. ഈ കലർപ്പു പ്രകടമല്ലാത്ത കർമ്മങ്ങളുമുണ്ട്. സാധാരണ കർമ്മങ്ങളിൽ എല്ലാം വികാരം, വിചാരം, ബാഹ്യചേഷ്ട ഇവ മൂന്നും കലർന്നിരിക്കുക പതിവാണ്. അവയുടെ കലർപ്പനുസരിച്ചു തന്നെയാണ് അവയുടെ ഫലം. ഉദാഹരമായി അദ്ധ്യാപനം എന്ന മഹത്കർമ്മത്തെയെടുക്കാം. വിദ്യ അർത്ഥിച്ചുവരുന്ന ഒരു കുട്ടിക്ക് വിദ്യ പകർന്നു കൊടുക്കുക എന്നു മാത്രമാകാം ഈ കർമ്മം, അല്ലെങ്കിൽ അറിവില്ലായ്മയെപ്പറ്റിയുള്ള മനസ്സലിവോടുകൂടിയാകാം അത്. മനസ്സലിവോടും, അവന്റെ അറിവു നേടാനുള്ള മാർഗ്ഗത്തെപ്പറ്റിയുള്ള ചിന്തയോടുകൂടിയുമാകാം. ബാഹ്യ ദൃഷ്ടിയിൽ ഇവ മൂന്നും വെറും അദ്ധ്യാപനം മാത്രമാണ്. എന്നാൽ മൂന്നിന്റേയും ഫലം മൂന്നു തരത്തിലായിരിക്കും. ആദ്യത്തേതിന് അറിവില്ലായ്മ അകറ്റാനുള്ള ജ്ഞാനം മാത്രമായിരിക്കും ഫലം. രണ്ടാമത്തേതിന് അതോടുകൂടി മനസ്സമാധാനം തരുന്നതായ പരിതസ്ഥിതികൾ കൂടി ഉണ്ടായിരിക്കും. മൂന്നാമത്തേതിന് ഇത് രണ്ടിനും പുറമെ തന്റെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ കണ്ടു പിടിക്കാനുള്ള മനശ്ശക്തി കൂടി കിട്ടും.

മന ഏവ മനുഷ്യാണാം
കാരണം ബന്ധമോക്ഷയോ

മനുഷ്യന്റെ കർമ്മങ്ങളിൽ മുഖ്യമായത് മാനസ്സിക കർമ്മമാണ്. അവന്റെ ബന്ധത്തിനും മോക്ഷത്തിനും കാരണം മനസ്സാകുന്നു. ഏതു കർമ്മത്തിനും അതിന്റെ ശക്തിക്കും സ്വഭാവത്തിനും അനുരൂപമായ ഫലം അനുഭവിക്കുക എന്നുള്ളത് ഒരു പ്രകൃതി നിയമമാണ്. ഒരു ചുമരിൽ ഒരു പന്തെറിഞ്ഞാൽ ആ ഏറിന്റെ ശക്തിയനുസരിച്ച് അത് തിരിച്ചടിക്കും. ഈ പ്രകൃതി നിയമം പോലെ അത്ര കൃത്യമായും നടക്കുന്ന ഒന്നാണ് കർമ്മം.

കർമ്മത്തിന്റെ മൂലകാരണത്തെപ്പറ്റി പാതജ്ഞലസൂത്ര വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു.

കർമ്മ വാസനകളുടെ ഉത്പത്തി രാഗദ്വേഷരൂപമാകുന്ന ക്ലേശത്തിൽ നിന്നാകുന്നു. വാസ്തവത്തിൽ കർമ്മം എന്നു പറയുന്നതിൽ ജീവാത്മാവിന്റെ ഇച്ഛാജ്ഞാന ക്രിയാശക്തികൾ മൂന്നിന്റേയും പ്രവൃത്തിയും അതിന്റെ ഫലവും അടങ്ങിയിരിക്കുന്നു. കർമ്മപാശം ആശ, ചിന്ത, ക്രിയ എന്നീ മൂന്നു ചരടുകൾ ചേർന്നിട്ടുള്ളതാണ്. സുഖജനകങ്ങളാകുന്ന വസ്തുക്കളുടെ സംശ്രയത്തിനു വേണ്ടിയും ദുഖ ജനകങ്ങളാകുന്ന വസ്തുക്കളുടെ സംശ്രയത്തിനു വേണ്ടിയും ദുഖ ജനകങ്ങളാകുന്ന വസ്തുക്കളുടെ പരിഹരണത്തിനുവേണ്ടിയും ഉള്ള, ഇച്ഛയും, ആശയും, സുഖപ്രാപ്തിയും ദുഖവൃത്തിക്കുള്ള ഉപായങ്ങളേയും മാർഗ്ഗങ്ങ

ളേയും കുറിച്ചുള്ള ആലോചനയും ചിന്തയും അതിനനുസരിച്ചുള്ള പ്രവൃത്തിക്രിയയുമാകുന്നു. ഇവ മൂന്നും കൂടിയതാണ് കർമ്മം.

ഇവയിൽ നിന്നുണ്ടാകുന്ന സുഖദുഖാനുഭവങ്ങളിൽ നിന്നു പിന്നെയും ഉണ്ടാകുന്ന രാഗാദ്വേഷങ്ങൾ ക്ലേശങ്ങൾ ഇപ്രകാരം നിരന്തരമായി പിന്നെയും പിന്നെയും കർമ്മ പരിവർത്തനത്തെ ആവർത്തിപ്പിക്കുന്നതിനു കാരണമായി ഭവിക്കുന്നു. ശരീരങ്ങളുടെ ശീലം കർമ്മാശയമെന്നു പറയപ്പെടുന്നു.

കർമ്മം ചെയ്യണം, കർമ്മം ചെയ്യാതെ മനുഷ്യന് ഒരു നിമിഷം പോലും ജീവിച്ചിരിക്കാൻ സാദ്ധ്യമല്ല. മനുഷ്യൻ വിവിധോദ്ദേശങ്ങളാൽ പ്രേരിതനായി കർമ്മം ചെയ്യുന്നു. നിരുദ്ദേശ്യമായ ഒരു കർമ്മവും ഉണ്ടാവാൻ നിവൃത്തിയില്ല. നാം കർമ്മം ചെയ്യുകയും എന്നാൽ ആ കർമ്മം ചെയ്യാനുള്ള പ്രേരണ അഥവ ഉദ്ദേശ്യം എന്താണെന്ന് അറിയുകയും വേണം. ചില മനുഷ്യർക്ക് കീർത്തി വേണം അവർ അതിനായി കർമ്മം ചെയ്യുന്നു. മറ്റു ചിലർക്ക് പണം വേണം, അവർ അതിന് വേണ്ടി പ്രവർത്തിക്കുന്നു. മറ്റു ചിലർക്ക് അധികാര ശക്തിയാണവാശ്യം, അവർ അത് കിട്ടാനായി പ്രവൃത്തിക്കുന്നു. അങ്ങനെ വൈവിദ്ധ്യങ്ങളായ ആവശ്യങ്ങളാണ് മനുഷ്യർക്കുള്ളത്. സംസ്കൃതത്തിൽ ഇങ്ങനെ രണ്ടു വാക്കുകളുണ്ട്. ഒന്ന് പ്രവൃത്തി ഇതിന്റെ അർത്ഥം വിഷയങ്ങളിലേയ്ക്ക് അടുക്കുക എന്നാണ് മറ്റേത് നിവൃത്തി ഇതിന്റെ അർത്ഥം വിഷയങ്ങളിൽ നിന്നും അകലുക എന്നുമാണ്. പ്രവൃത്തിയെയാണ് നാം സംസാരമെന്നും ഞാൻ ഏന്റേത് എന്നും പറയുന്നത്. സമ്പത്ത്, പണം, പ്രതാപം, പേര്, പ്രശസ്തി ഇത്യാദികളെക്കൊണ്ട് ആ എന്നെ (അഹംബുദ്ധിയെ) എപ്പോഴും കൊഴിപ്പിക്കുന്നതും, മുറുകെ പിടിക്കുന്ന സ്വഭാവത്തോടു കൂടിയതുമായ സകല കാര്യങ്ങളും പ്രവൃത്തി എന്ന വാക്കിൽ കേന്ദ്രീകരിക്കുന്നു. എല്ലാറ്റിനേയും ഞാൻ എന്ന കേന്ദ്രത്തിലേയ്ക്ക് ആകർഷിച്ചെടുക്കാനാണ് അതിന്റെ പ്രവണത. ഓരോ മനുഷ്യന്റേയും സഹജവാസനയായ ഇതാണ് പ്രവൃത്തി. എല്ലായിടത്തു നിന്നും എല്ലാം പിടിച്ചെടുത്ത് ഒരു കേന്ദ്രത്തിനു ചുറ്റും മനുഷ്യന് ഏറ്റവും പ്രിയമുള്ള അഹത്തിന് ചുറ്റും സംഗ്രഹിക്കുന്നതാണ് പ്രവൃത്തി. കർമ്മം എന്ന പദത്തിൽ പ്രവൃത്തി (ചെയ്യപ്പെടുന്നത്) എന്നർത്ഥത്തിനു പുറമേ, മനശ്ശാസ്ത്രപരമായ കാരണത്വം (നിമിത്തം) എന്നർത്ഥം കൂടി അന്തർഭവിച്ചിട്ടുണ്ട്. ഫലത്തെ ജനിപ്പിക്കുന്ന ഏത് പ്രവൃത്തിയും, വിചാരവും കർമ്മമാകുന്നു. അങ്ങനെ കർമ്മ നിയമം എന്നുള്ളതിന് നിമിത്ത നിയമം അനിവാര്യമായ കാര്യകാരണ പാരമ്പര്യനിയമം എന്നർത്ഥമാകുന്നു. എവിടെയെങ്കിലും കാരണമുണ്ടായാൽ അവിടെ കാര്യവും ഉണ്ടായേ തീരൂ. ഇത് തടുക്കാവുന്നതല്ല. കർമ്മത്തെ സംബന്ധിച്ചിടത്തോളം ഈ നിയമം തത്ത്വശാസ്ത്ര പ്രകാരം ജഗത്ത് മുഴുവൻ വ്യാപിച്ചിരിക്കുന്നു. കർമ്മത്തിന്റെ ഉപേയത്തിനെന്ന പോലെ ഉപായത്തിനും തുല്യപ്രാധാന്യം കല്പി ക്കണം. വിജയത്തിന്റെ സമസ്തരഹസ്യവും ഉപേയത്തിലോളം ഉപായത്തിലും ശ്രദ്ധിക്കപ്പെടണം. ലക്ഷ്യം നമ്മെ വളരെ ആകർഷിക്കുന്നു. അത് അത്രയധികം മനോജ്ഞവും വ്യാമോഹവുമായി നമുക്കു തോന്നും. നമ്മുടെ മനശ്ചക്രവാളത്തിൽ അത് അത്ര വലിപ്പം വെയ്ക്കുന്നു എന്ന കാരണത്താൽ നാം വിശദാംശങ്ങളെ പാടെ വിസ്മരിച്ച് പോകുന്നു. ഇതാണ് ജീവിതത്തിലെ വലിയ വൈകല്യം. പരാജയം പിണയുമ്പോൾ നാം അതിനെക്കുറിച്ച് നിരൂപണ ബുദ്ധ്യാ വിശകലനം ചെയ്ത് നോക്കിയാൽ സർവ്വ ദൃഷ്ടാന്തങ്ങളിലും ഉപായത്തെ ശ്രദ്ധിക്കാതിരിക്കുന്നതാണ് കാരണമെന്നു കാണാം. ഉപായത്തിന് വെടിപ്പും ഉറപ്പും വരുത്തുന്നതിൽ തക്ക ശ്രദ്ധ പതിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. ഉപായം ശരിയായാൽ ഉപേയം താനേ വന്നു കൊള്ളും. കാരണമാണ് കാര്യത്തെ ജനിപ്പിക്കുന്നത് എന്ന് നാം മനസ്സിലാക്കണം. കാര്യം താനേ ഉണ്ടാകാൻ നിവൃത്തിയില്ല.

(തുടരും)

*****

# കൈകേയി

അംബുജാക്ഷി. പി. – 9447577652

*(തുടർച്ച)*

"കൈകേയീ, തൃപ്തിയായില്ലേ നിനക്കിനി നാടുഭരിക്കാം. രാമൻ പോയി. ഇപ്പോൾ നാഥനും പോയി. ഞാനും എന്റെ ഭർത്താവിനെ പിന്തുടരുന്നു. എന്റെ നാഥനെ നിഷ്ക്കരുണം നശിപ്പിച്ച നീ മഹാറാണിയായി വാഴട്ടെ."

സുമിത്രയുടെ നോട്ടത്തിൽത്തന്നെ ഞാൻ ദഹിച്ചുപോയി. പക്ഷെ, എനിക്കിനിയും അഭിനയിച്ചേ തീരൂ. എന്റെ മകൻ രാജാവാകുന്നതുവരെ ഈ അഭിനയം തുടരണം. അതുവരെ ഞാൻ വജ്രഹസ്ത മാത്രമല്ല, വജ്രമനസ്കയും ആയിരിക്കും. അയോദ്ധ്യ അരാജകമാവരുത്. രാമനുപേക്ഷിച്ച രാജ്യം രാജാവ് മരിച്ച രാജ്യം ഇനി ഇത് ഭരതൻ സ്വീകരിച്ചാലേ സരാജകമാവുകയുള്ളൂ, അതു വരെ എനിക്ക് വിശ്രമമില്ല. ഭർത്താവിന്റെ ജഡം കെട്ടിപ്പിടിച്ചു കരയുന്ന രാജ്ഞിമാരെ വളരെ പ്രയാസപ്പെട്ട് അടർത്തിയെടുത്തുകൊണ്ടുപോയി. വജ്രകഠിനമായ മനസ്സോടെ ഞാൻ അവിടെത്തന്നെ നിന്നു. കുറച്ചുനേരം അങ്ങനെ നോക്കിനിന്നശേഷം നിശ്ശബ്ദയായി ഞാൻ പിൻവാങ്ങി. പിന്നെ പതുക്കെപ്പതുക്കെ എന്റെ അന്തപ്പുരത്തിലേക്ക് ഒതുങ്ങി. എന്റെ മകൻ വരുന്നതുവരെ എനിക്കിങ്ങനെ പിടിച്ചു നിൽക്കണം.

രാജാവിന്റെ ശരീരം തൈലത്തോണിയിൽ കിടത്തിയശേഷം ആചാര്യന്മാരും മന്ത്രിമാരും ബന്ധുജനങ്ങളും താൽക്കാലിക ക്രിയകൾക്ക് തുടക്കമിട്ടു. എണ്ണത്തോണിയിൽ കിടക്കുന്ന രാജാവിന്റെ ദേഹം കണ്ട് രാജസ്ത്രീകളും പ്രജകളും വാവിട്ടു കരയുന്നുണ്ടായിരുന്നു. ഇടക്കിടെ എന്നെ കുറ്റപ്പെടുത്തുന്ന ശാപവാക്കുകളും അതൊക്കെയായിരിക്കാം എന്റെ ഈ ശനിക്കു കാരണം എന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു.

പുത്രന്മാരാരെങ്കിലും ഉണ്ടെങ്കിലേ സംസ്ക്കാരച്ചടങ്ങുകൾ തുടങ്ങാൻ പറ്റൂ. അതിനാൽത്തന്നെ സംസ്കാര കർമ്മവും രാജ്യാഭിഷേകവും നടത്താനുള്ള ഒരുക്കങ്ങൾ ഉടൻ ആരംഭിക്കണം..................

രാജാവില്ലാത്ത രാജ്യം ശത്രുക്കളുടെ താവളമായിരിക്കും. ശത്രുപ്പടയെ എതിർക്കാൻ സൈന്യത്തിന്ന് സാധിക്കില്ല. വെള്ളമില്ലാത്ത പുഴപോലെ, ഇടയനില്ലാത്ത പശുക്കൂട്ടം പോലെ, വൃക്ഷങ്ങളില്ലാത്ത കാടുപോലെയാണ് രാജാവില്ലാത്ത രാജ്യം, അതുകൊണ്ട് വസിഷ്ഠമുനി തന്നെ മുൻകൈയ്യെടുത്തു ബന്ധുക്കളോടും അമാത്യന്മാരോടും ബ്രാഹ്മണ ശ്രേഷ്ഠരോടും അരുളിച്ചെയ്തു.

അയോദ്ധ്യയുടെ അധികാരി ഇപ്പോൾ അമ്മയുടെ അരമനയിലാണ് അനുജനും അവിടെ കൂടെയുണ്ട്. ഇനി ഉടൻ തന്നെ രാജകുമാരൻമാരെ വരുത്തണം. മറ്റൊന്നും ആലോചിക്കാനില്ല. തുടർന്നു അദ്ദേഹം തന്നെ വിശ്വസ്തരായ നാലു ദൂതന്മരെ കേകയത്തിലേക്ക് അയച്ചു,

അയോദ്ധ്യയിലെ ഇപ്പോഴത്തെ അവസ്ഥ മുഖഭാവംകൊണ്ടു പോലും പ്രകാശിപ്പിക്കരുത് എന്ന താക്കീതോടെ.

എത്രയും വേഗം അവരോട് അയോദ്ധ്യയിലെത്തണം എന്ന് ഞാൻ നിർദ്ദേശിച്ചതായി പറയുക. എളുപ്പവഴിയിലൂടെ പോകണം. കേകയരാജാവിനും ബന്ധുക്കൾക്കും വേണ്ടത്ര ഉപഹാരങ്ങൾ കൊണ്ടുപോകാൻ അമാന്തിക്കരുത്.

ആചാര്യന്റെ നിർദ്ദേശപ്രകാരം ദൂതന്മാർ യാത്രയായി. മാലിനിയുടേയും ഗംഗാനദിയുടേയും ശരദണ്ഡപ്പുഴയുടേയും കുളിരോ ഭംഗിയോ പോലും ആസ്വദിക്കാതെ അവർ കേകയത്തിലെത്തി, കേകയാധിപനും മകനും അവരെ യഥോചിതം സൽക്കരിച്ചു. രാജാവിനെ നമസ്ക്കരിച്ചുകൊണ്ട് അവർ ഭരതനോട് ഉണർത്തിച്ചു.

'കുമാരാ ഗുരുവര്യനും അമാത്യന്മാരും മാതുലനോടും മുത്തച്ഛനോടും അങ്ങയോടും കുശലം ചോദിക്കുന്നു. അവിടെയും എല്ലാ വർക്കും കുശലം തന്നെ. ഗുരുവര്യർ അങ്ങ യോട് ഉടനെ അയോദ്ധ്യയിലെത്താൻ ആ വശ്യപ്പെടുന്നു.'

ദൂതന്മാർ കൊണ്ടുവന്ന കാഴ്ചകൾ സ്വീ കരിച്ചുകൊണ്ട് അവരെ സമ്മാനിച്ച് ഭരതൻ ചോദിച്ചു. 'അച്ഛന് സുഖമല്ലേ? ധർമ്മാത്മാവ് എന്റെ ജ്യേഷ്ഠനും ലക്ഷ്മണനും കൂടെയി ല്ലേ? വലിയമ്മ കൗസല്യാദേവിയും ലക്ഷ്മണ നും മാതാവായ സുമിത്രാദേവിയും സന്തു ഷ്ടരല്ലേ'.?

ഇതൊക്കെ ദാസിമാരുടേയും പരി ജനങ്ങളുടേയും വിവരണമാണ്. എന്നെപ്പറ്റി എന്റെ ഗുരുപുത്രൻ ചോദിച്ചത് ഇങ്ങനെയാ ണത്രേ.

'സ്വാർത്ഥതയും ശുണ്ഠിക്കാരിയും പ ണ്ഡിതമ്മന്യയുമായ എന്റെ അമ്മ നിമിത്തം അയോദ്ധ്യയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായോ?'

പലരിൽ നിന്നായി കേട്ടറിഞ്ഞ ഈ വാക്കുകൾ എന്റെ ധൈര്യം ക്ഷയി പ്പിക്കുന്നുണ്ടായിരുന്നു. ദൂതന്മാർ ഭരതനോട് വിനയാന്വിതനായി മറുപടി പറഞ്ഞു.

'പ്രഭോ അവിടെ എല്ലാവർക്കും ക്ഷേമം തന്നെ. ഇനി അയോദ്ധയിലെ എല്ലാ ക്ഷേമ വും അങ്ങയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. വേഗം രഥത്തിൽ ആരോഹണം ചെയ്താ ലും.'

മുത്തച്ഛനും മാതുലനും ഭരതന് യാത്രാനു മതി നൽകി. വിശേഷപ്പെട്ട് ഉപഹാരങ്ങളുമായി ഭരതശത്രുഘ്നന്മാർ അയോദ്ധ്യയിലേക്ക് തിരി ച്ചു. എത്താനുള്ള തിടുക്കത്തിൽ വഴിയിലുള്ള പുഴകളും മലകളും കാഴ്ചകളുമൊന്നും അവർ കണ്ടില്ല. അയോ ദ്ധ്യ യിലെത്താറായ പ്പോഴേക്കും ഭരതന്റെ മനസ്സിൽ ഒരു ദുസ്സൂചന യുണ്ടായത്രെ. കുമാരൻ സൂതനോടു പറഞ്ഞു.

സൂതാ എന്തോ ഒരു അനിഷ്ഠവും അമം ഗളവുമായ കാര്യം നടന്നിട്ടുണ്ട്. തലേന്ന് ഞാൻ ഒരു ദുസ്വപ്നം കണ്ടു. എന്റെ അച്ഛൻ മുഷിഞ്ഞ വേഷത്തോടെ,ക്ഷീണിച്ച് ഒരു കൊ ടുമുടിയിൽ നിൽക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം താഴെയുള്ള ഒരു കുഴിയിലേക്ക് തളർന്നുവീണു. പിന്നെ ഒരു എണ്ണത്തോണി യിൽ കിടക്കുന്നതായാണ് കണ്ടത്. ബാക്കിഭാ ഗം എനിക്ക് പറയാൻ വയ്യ. അത്രയും ഭീക രമായിരുന്നു. എനിക്ക് ഭയമാകുന്നു. എന്റെ പിതാവിനോ രാജ്യത്തിനോ എന്തോ ആപ ത്ത് സംഭവിച്ചിട്ടുണ്ട്.

എല്ലാം അറിയുന്ന സൂതൻ ഒന്നും മിണ്ടാ തെ അതിവേഗം കുതിരകളെ ഓടിച്ചുകൊണ്ടെ യിരുന്നു. കാകുൽസ്ഥന്മാരുടെ പ്രസിദ്ധമായ അയോദ്ധ്യയിലേക്ക് പ്രവേശിച്ചപ്പോൾത്തന്നെ ഉണ്ണിയുടെ മനസ്സ് വിലപിച്ചിരുന്നു....അയോ ദ്ധ്യാപുരിയുടെ മാറ്റം കണ്ടു മനസ്സാകെ തളർന്ന് ഉണ്ണി വേഗം ചെന്നത് അച്ഛന്റെ അര മനയിലേക്കാണ്. അവിടെ അച്ഛനെ കാണാ ത്തതുകൊണ്ട് എന്റെ കെട്ടിലേക്ക് ഓടിവന്നു. ഉണ്ണിയെ കണ്ടപ്പോൾ ഞാൻ സന്തോഷത്തോ ടെ ആലിംഗനം ചെയ്യാൻ എഴുന്നേറ്റു. അപ്പോ ഴേക്കും കുമാരൻ എന്നെ സാഷ്ടാംഗം നമസ്ക രിച്ചു. ഞാൻ എഴുന്നേൽപ്പിച്ച് ഗാഢാലിംഗനം ചെയ്തു. ശിരസ്സിൽ മുകർന്നു. മടിയിലിരുത്തി ചോദിച്ചു.

'ഉണ്ണീ, കേകയത്തിൽ നിന്നും പോന്നിട്ട് എത്ര ദിവസമായി. ക്ഷീണിമില്ലേ മുത്തച്ഛനും അമ്മാമന്മാർക്കും സുഖമല്ലേ? എല്ലാം വിശദ മായിപ്പറയൂ. എന്താണൊരു വല്ലായ്മ? യാത്രാ ക്ഷീണമാണോ?'

'അമ്മേ, അവിടെ എല്ലാവർക്കും സുഖം തന്നെ. എന്തിനാണെന്നെ പെട്ടെന്ന് വരുത്തി യത്? അച്ഛനെവിടെ? ജ്യോഷ്ഠനും അനു ജന്മാരും അമ്മമാരും ഒന്നും ഇവിടേയില്ലേ? അയോദ്ധ്യ ആകെ മൂകമായിരിക്കുന്നു. വേഗം പറയൂ. എനിക്ക് അച്ഛനെ കാണാൻ ധൃതിയാ കുന്നു.'

ഭരതന്റെ ആകാംക്ഷ കണ്ടപ്പോൾ ഞാൻ സന്തോഷത്തോടെ കൃതാർത്ഥതയോടെ പ റഞ്ഞു.

'ഉണ്ണീ, മഹാത്മാവും പുണ്യവാനുമായ നിന്റെ അച്ഛൻ സ്വർഗ്ഗലോകം പ്രാപിച്ചു.'

(തുടരും)

*****

# ജീവിത ചിന്തകൾ

ഇന്ദിര ഗോപിമോഹൻ - 9847022564



ഗുരുർ ബ്രഹ്മ ഗുരുർവിഷ്ണു
ഗുരുർ ദേവോ മഹേശ്വര
ഗുരു സാക്ഷാത്പരം ബ്രഹ്മ
തസ്മൈ ശ്രീ ഗുരവേ നമ

സംപൂജ്യ ചിദാനന്ദപുരി സ്വാമിജിയുടെ തൃപ്പാദങ്ങളിൽ നമസ്ക്കരിച്ചുകൊണ്ട് മനുഷ്യജീവിതം എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ച് എന്റെ ബുദ്ധിമണ്ഡലത്തിൽ രൂപം കൊണ്ട ചില ചിന്തകൾ ഞാൻ വായനക്കാരുമായി പങ്കുവെയ്ക്കുകയാണ്. അവിടുത്തെ അനുഗ്രഹത്താൽ ഇത് എല്ലാവർക്കും ഉപകാരപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്വാമിജിയുടെ പ്രഭാഷണത്തെക്കുറിച്ചാണ് ചിന്തിച്ചതും ചിന്തിച്ചുകൊണ്ടിരിക്കുന്നതും, സ്വാമിജി പ്രഭാഷണത്തിനിടയിൽ ചിന്തിക്കൂ ചിന്തിക്കൂ എന്ന് എടുത്ത് പറയുകയാണ്. എന്ത് ചിന്തിക്കണമെന്നും എങ്ങനെ ചിന്തിക്കണമെന്നും ആദ്യം മനസ്സിലായില്ല. അപ്പോഴാണ് സ്വാമിജിയുടെ പ്രഭാഷണത്തിനിടയിൽ ഒരു ഉദാഹരണം കേൾക്കുന്നത്. ഒരു മണി ചോറ് വെന്തിട്ടുണ്ടോ എന്ന് നോക്കിയിട്ടാണ് മുഴുവനും വെന്തു എന്ന് മനസ്സിലാക്കുന്നത്. ആ ഒരൊറ്റ ഉദാഹരണം മതി നമ്മളെ ചിന്തിപ്പിക്കാൻ.

**ആമുഖം**

ഈ ലേഖന പരമ്പര കൊണ്ട് ഉദ്ദേശിക്കുന്നത് സ്വപ്നലോകത്തുള്ള മനുഷ്യരെ ചിന്തിപ്പിച്ച് യഥാർത്ഥ ലോകത്തിലേക്ക് (അതായത് മനസ്സമാധാനത്തോടെയുള്ള ജീവിതത്തിലേക്ക്) കൊണ്ടുവരിക എന്നുള്ളതാണ്. അണ്ണാറക്കണ്ണന് തന്നാലായത് എന്നാണല്ലോ. ഇത് എഴുതുന്ന ഞാൻ ഒരു കൃഷ്ണഭക്തയായതു കൊണ്ട് ഈ ജീവിതചിന്തകളും ഞാൻ ആ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു. പലർക്കും പല ഇഷ്ടദേവന്മാരും ദേവതകളുമായിരിക്കും ഉണ്ടാവുക. ഏതു മതത്തിലുമുള്ള മനുഷ്യർക്കും ഇഷ്ടമുള്ള സങ്കല്പത്തിൽ വിശ്വസിച്ച് ഈ ഇത് ജീവിതചിന്തകളെക്കുറിച്ച ചിന്തിക്കാം. മനസ്സമാധാനത്തോടെയുള്ള ജീവിതം എല്ലാ മനുഷ്യർക്കും വേണം. അതിനുള്ള വഴികൾ നമ്മൾ ചിന്തിച്ചെടുക്കണം. അതുമാത്രമാണ് ഈ പരമ്പരയിലൂടെ ഉദ്ദേശിക്കുന്നതും.

ഇതിൽ എഴുതുന്നത് മുതിർന്നവർക്കെല്ലാം അറിയാവുന്ന കാര്യങ്ങളാണ്. എങ്കിലും പ്രവൃത്തിയിൽ പലതും നമ്മൾ കാണിക്കുന്നില്ല എന്നതാണ് വസ്തുത. നമ്മൾക്ക് ഈശ്വരൻ തന്ന ഈ മനുഷ്യജന്മം ആനന്ദിക്കാനുള്ളതാണ്. ദുഖിക്കാനുള്ളതല്ല. നല്ല പ്രവൃത്തികൾ ചെയ്ത് ആ ആനന്ദം നമ്മൾ അനുഭവിക്കണം. കർമ്മഫലം എല്ലാ മനുഷ്യരിലും ഒരു പോലെയാണ്. ഓരോ വ്യക്തിക്കും ഓരോ കുടുംബമുണ്ട്. കുടുംബാന്തരീക്ഷവും മാനസിക നിലയുമായി ബന്ധമുണ്ട്. മാനസിക നിലയും പ്രവൃത്തിയുമായി ബന്ധമുണ്ട്. എത്ര താഴ്ന്ന നിലയിൽ ഉള്ളവരായാലും ഉയർന്ന നിലയിൽ ഉള്ളവരായാലും ഇതെല്ലാം ഒരു പോലെ ബാധിക്കുന്നു. ഇത് ഒരു സാധാരണ മനുഷ്യനെ ബാധിക്കുന്ന കാര്യങ്ങളാണ്. സാധാരണ മനുഷ്യർ ലോകം മുഴുവനും ഉണ്ടല്ലോ അതുകൊണ്ടുതന്നെ ഇത് ലോകം മുഴുവനും ഒരു പോലെ ബാധകമാവുന്നു. ഇതിലുള്ള പല കാര്യങ്ങളും നമ്മൾ ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും പാലിക്കേണ്ടിവരും. ഏതു വൃക്ഷത്തിന്റെ വിത്താണോ നടുന്നത് അതിൽ നിന്നും മുളച്ചുവരുന്നത് മാതൃവൃക്ഷത്തിന്റെ ഗുണങ്ങളോടുകൂടിയ ഒരു വൃക്ഷമായിരിക്കും. ഇന്ന് അധികവും കാണുന്നത് തിന്മയുടെ വിത്ത് വിതയ്ക്കപ്പെടുന്നതാണ്. എന്നാൽ നാം വളർത്തേണ്ടത് നന്മയേയാണ്. മഹാത്മാക്കളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കണം. ഈശ്വരാനുഗ്രഹത്തിലൂടെ ധാർമ്മികാന്നൗത്തിലെത്തിയവരാണല്ലോ

ഈ മഹാത്മാക്കൾ. മനസ്സമാധാനം കാംക്ഷിക്കാത്തവരായി ഭൂമിയിൽ ആരുമുണ്ടാവില്ല.

ഗുരുവായൂരപ്പനേയും ആത്മീയഗുരുവായ ചിദാനന്ദപുരി സ്വാമികളെയും സർവ്വ ചരാചരങ്ങൾക്കും സ്നേഹലാളനകൾ നല്കി അനുഗ്രഹിക്കുന്ന ലോകമാതാവായ മാതാ അമൃതാനന്ദമായി ദേവിയേയും മനസ്സാ നമിച്ചുകൊണ്ട് ലോക സമാധാനം നിലനിന്നു കാണണമെന്ന ആഗ്രഹത്തോടുകൂടി അതിനായുള്ള എന്റെ ഈ എളിയ ഉദ്യമം ഞാൻ സജ്ജനസമക്ഷം സമർപ്പിക്കുന്നു.

**അദ്ധ്യായം 1**

## വ്യക്തിയും ജീവിതവും

ജീവിതത്തെപ്പറ്റി പറയുമ്പോൾ ആദ്യം തന്നെ ഓരോ വ്യക്തിയും അവനവനിലേക്കു തന്നെ നോക്കുക. നമ്മൾ എവിടെ പതറുന്നുവോ അത് ആദ്യം തിരുത്തി നമ്മെത്തന്നെ നേർവഴിയിൽ കൊണ്ടുവരണം. നമ്മൾ നന്നായാലേ മറ്റുള്ളവരെ, മക്കളെപ്പോലും നന്നാക്കുവാൻ ശ്രമിക്കാനുള്ള അർഹത നമ്മൾക്കുള്ളൂ. എല്ലാവർക്കും നല്ല വിവരം ഉണ്ടായെന്ന് വരില്ല. നമ്മൾ പൊതുവേ പറയും അത് ദൈവാനുഗ്രഹമാണെന്ന്. ദൈവത്തിന് പക്ഷഭേദമുണ്ടോ? എന്തുകൊണ്ട് ചിലർക്ക് അനുഗ്രഹം കിട്ടുന്നു.? ചിലർക്ക് കിട്ടുന്നില്ല.? അതിന് ദൈവത്തെ കുറ്റം പറയരുത്. നമ്മുടെ പ്രവൃത്തികൾ പിഴയ്ക്കുന്നതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. മനസ്സമാധാനത്തോടെ നമ്മൾക്ക് കിട്ടുന്ന ആയുസ്സ് ജീവിച്ചു തീർക്കണമെങ്കിൽ നിർബന്ധമായും നമ്മൾ ചിലതെല്ലാം പാലിക്കേണ്ടിവരും.

അതിൽ ആദ്യം വേണ്ടത് ഈശ്വരചിന്ത. നമ്മൾക്ക്, പ്രത്യേകിച്ച് ഒന്നുമാകാൻ കഴിഞ്ഞില്ലെങ്കിലും ഈശ്വരവിശ്വാസമുണ്ടെങ്കിൽ എന്താണോ നമ്മിൽ ഇല്ലാത്തത് അതായി ദൈവം കൂടെ നില്ക്കും. ഈശ്വരവിശ്വാസം ഉറപ്പിക്കുക എളുപ്പമല്ല. പല സംശയങ്ങളാലും അത് തെന്നിക്കളിക്കും. ജീവിക്കാൻ നമുക്ക് വായു അത്യാവശ്യമുള്ളതു പോലെ ഈശ്വരചിന്തയും അത്യാവശ്യമാണ്. കണ്ണില്ലാത്തവന് കാഴ്ചയായും, കേൾവി ഇല്ലാത്തവന് കേൾവിയായും ഈശ്വരൻ കൂടെ നില്ക്കുന്നു. നിരീശ്വരവാദികൾക്ക് വേണമെങ്കിൽ ചോദിക്കാം. കണ്ണ് കാണുകയും ചെവി കേൾക്കുകയും ചെയ്യാത്തവർക്ക് എങ്ങനെയാണ് ഈശ്വരൻ തുണയായി നിൽക്കുന്നതെന്ന്. ഇത്തരക്കാർ ഒരു കാര്യം മനസ്സിലാക്കണം. കണ്ണ് കാണാത്തവരെയും, ചെവി കേൾക്കാത്തവരെയുമെല്ലാം ഈശ്വരൻതന്നെയാണ് സൃഷ്ടിച്ചത്. അത് അവരുടെ മുജ്ജന്മകർമ്മഫലമാണ്. എന്നാലും എല്ലാവരേയും ദയാലുവായ ഈശ്വരൻ രക്ഷിക്കുന്നു. ഉദാ ഒരാൾ കണ്ണുകാണാതെ കഷ്ടപ്പെടുകയാണെന്ന് കരുതുക. പെട്ടെന്ന് അയാൾക്ക് രക്ഷകനായി ആരെങ്കിലും അവിടെ എത്തും.

കേൾവി ഇല്ലാത്തവനേയും ആംഗ്യഭാഷയിൽ ആരെങ്കിലും കാര്യങ്ങൾ മനസ്സിലാക്കിക്കുന്നു. ഇതെല്ലാം നമ്മൾ കാണുന്ന സത്യങ്ങളാണ്. അല്ലാതെ കാഴ്ചകിട്ടുകയും, ചെവികേൾക്കുകയുമല്ല ചെയ്യുന്നത്. ജന്മനായുള്ള വൈകല്യങ്ങൾ അങ്ങനെതന്നെ സൃഷ്ടിക്കപ്പെടുന്നതാണ് എന്നാലും അവർക്ക് കാര്യങ്ങൾ നടത്താനുള്ള കഴിവ് ദൈവം നൽകുന്നു. അനുഭവിക്കേണ്ടത് അനുഭവിക്കണമെങ്കിലും കണ്ണിൽ കൊള്ളേണ്ടത് പുരികത്താക്കി മാറ്റുന്നു ഈശ്വരൻ. ഈശ്വരവിചാരമുണ്ടെങ്കിൽ ഒന്നിലും നമ്മൾ അധികം ബുദ്ധിമുട്ടേണ്ടി വരില്ല.

ഈശ്വരൻ ആരാണ്, ആ ശക്തി എത്ര വലുതാണ്, എത്ര സത്യമാണ് എന്നൊക്കെ അറിയാൻ നമ്മുടെ കഴിഞ്ഞ കാലത്തിലേക്ക് ഒന്നു നോക്കുകയാണ് നല്ല വഴി. ഈശ്വരനെ ഓർത്ത് നിക്ഷേപമായി ചിന്തിച്ച്, ദുരാഗ്രഹമില്ലാതെ, അർഹതയുള്ള കാര്യങ്ങളാണ് നമ്മൾ ആഗ്രഹിച്ചതെങ്കിൽ തീർച്ചയായും നമ്മൾ ആഗ്രഹിച്ചതോ അതിനു തുല്യതയുള്ളതോ ദൈവം തരുന്നു. അതേസമയം അർഹതയില്ലാത്തതാണ് ആഗ്രഹിക്കുന്നതെങ്കിൽ അതു നടക്കുകയുമില്ല. ചിലപ്പോൾ നമ്മളെ പരീക്ഷിക്കാൻ വേണ്ടി അർഹതയില്ലാത്തതും നമുക്ക് തരുന്നു. നമ്മളത് സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതും ദൈവത്തിന്റെ ഒരു പരീക്ഷണമാകുന്നു. സാമ്പത്തികമായി അർഹതയുള്ളത് ഒന്നുകിൽ അച്ഛനമ്മമാർ തരുന്നത്, അല്ലെങ്കിൽ ഉള്ളവർ

മനസ്സാലെ തരുന്നത്, അതുമല്ലെങ്കിൽ കടം വാങ്ങുന്നത് (തിരിച്ചു കൊടുക്കുന്ന വ്യവസ്ഥയിൽ) ഇതൊന്നുമല്ലാതെ ഏറ്റവും ശരിയായ മാർഗ്ഗം നമ്മൾ സത്യസന്ധമായി അദ്ധ്വാനിച്ചുണ്ടാക്കുന്നത് എന്താണോ അത്. ഇത്തരം നേരായമാർഗ്ഗത്തിലൂടെയല്ലാതെ സമ്പാദ്യം വാരിക്കൂട്ടിയാൽ നശിക്കുമെന്നുള്ളത് നൂറുശതമാനം ഉറപ്പാണ്. അത് അനുഭവിക്കുവാൻ യോഗമുണ്ടാവില്ല. അത് ആ സമ്പത്തിന്റെയും നമ്മുടെയും നാശത്തിന് കാരണമാകും.

അർഹതയില്ലാത്തത് ലഭിക്കുന്നവരിൽ അഹംഭാവം ഉണ്ടാവുക സ്വാഭാവികമാണ്. അങ്ങനെ വന്നാൽ ദൈവം തിരിച്ചടിച്ച് നന്നാക്കുന്നു. ഉദാ- ഒരാൾ പത്ത് കെട്ടിടങ്ങൾ ഉണ്ടാക്കി എന്ന് ഇരിക്കട്ടെ. അർഹതയില്ലാത്തതാണെങ്കിൽ ആ പത്തും നശിക്കുന്നതായി നമുക്ക് കാണാം. അതിൽ അർഹതപ്പെട്ട ഒരെണ്ണം ഉണ്ടെങ്കിൽ അത് നശിക്കാതെ നിൽക്കുന്നതും കാണാം. ഇങ്ങനെയുള്ള സത്യങ്ങളും നമ്മൾക്ക് കാണാവുന്നതാണ്. ഈശ്വരന്റെ ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ കൊണ്ടാണ് പലരും ഒരു പാട് ഉയരങ്ങളിൽ എത്തിയിട്ടും പിന്നീട് ഒരു പാട് പ്രശ്നങ്ങളിൽപ്പെട്ട് നിലം പതിക്കുന്നത് നമ്മൾ കാണാനിടവരുന്നത്. നമ്മൾ വീട്ടിൽ എത്ര ഭക്ഷണമുണ്ടാക്കിയാലും ഒരാൾക്ക് ഒരു വയറ്റിൽ കൊള്ളുന്നത്ര മാത്രമേ കഴിക്കാൻ പറ്റൂ. എത്ര വസ്ത്രമുണ്ടെങ്കിലും ഒരു പ്രാവശ്യം ഒരു സെറ്റ് വസ്ത്രമേ ധരിക്കേണ്ട ആവശ്യമുള്ളൂ. എത്ര വലിയ വീടാണെങ്കിലും ആവശ്യമുള്ള സ്ഥലങ്ങളെ നമ്മൾ ഉപയോഗിക്കുന്നുള്ളൂ.

ഇതെല്ലാം പറഞ്ഞത് ഭക്ഷണം, വസ്ത്രം, പാർപ്പിടം എല്ലാം നമുക്ക് അത്യാവശ്യമാണെങ്കിലും ആവശ്യത്തിന് മതി എന്നോർമ്മിപ്പിക്കാനാണ്. അത്യാവശ്യങ്ങൾ ചെയ്തു ജീവിച്ചാൽ ആവശ്യങ്ങൾ എല്ലാം ചെയ്യാൻ കഴിയും. അനാവശ്യങ്ങൾ ചെയ്തു ജീവിച്ചാൽ ആവശ്യങ്ങൾ ചെയ്യാൻ പറ്റാതെവരും. അവസാനം മരിക്കുമ്പോൾ നാം ഒന്നും കൊണ്ടുപോകുന്നില്ല. എപ്പോഴാണ് നമ്മുടെ മരണമെന്ന് നമുക്ക് പറയാൻ കഴിയില്ലല്ലോ. ഈ സത്യമെങ്കിലും നമ്മൾ മനസ്സിലാക്കേണ്ടേ? ഒരു ശ്വാസം വിട്ട് അടുത്ത ശ്വാസം തരണോ എന്നതുവരെ ഈശ്വരനിശ്ചയമാണ്. ഒരു ഗ്ലാസ് ചായ കുടിക്കാൻ വെച്ചാൽ ചിലപ്പോൾ അതിന് വേറെ ആളെത്തും. അത് ആര് കുടിക്കണമെന്നുള്ളത് ഈശ്വരനിശ്ചയമാകുന്നു. വരുന്നവർക്ക് കൊടുക്കാതെ കുടിച്ചുകൂടേ ന്ന് ചോദിക്കാം. അത് മര്യാദയല്ലല്ലോ മാത്രവുമല്ല, ഈശ്വര നിഷേധവുമാണ്. ഈശ്വരവിശ്വാസമില്ലാതെ എന്തും നേരിട്ട് എങ്ങനെ വേണമെങ്കിലും ജീവിക്കാം, ലക്ഷ്യത്തിലെത്തിയാൽ മതി, മാർഗ്ഗം പ്രശ്നമല്ല എന്നൊക്കെ ചിന്തിച്ചാലും ജീവിക്കാം. സ്വർഗ്ഗതുല്യമായി ജീവിക്കാം, ഭൂമിയിൽതന്നെ നല്ല സുഖസൗകര്യങ്ങളുാക്കി ഒരു സ്വർഗ്ഗം ഉണ്ടാക്കി അതിൽ ആനന്ദിക്കാം. പക്ഷേ ഒന്നുണ്ട്. സത്യസന്ധതയി ല്ലാതെയാ നരകജീവിതം അവർക്ക് നോക്കിയാൽ കാണുന്ന ദൂരത്തു തന്നെ ഉണ്ടാകും.

ചിലർ തെറ്റദ്ധരിച്ച് പറയുന്നതാണ്. മാർഗ്ഗം പ്രശ്നമല്ല, ലക്ഷ്യമാണ് പ്രശ്നമെന്ന്. ഇതിലെ തത്ത്വം ഇവർ മനസ്സിലാക്കുന്നില്ല. മാർഗ്ഗം പ്രശ്നമല്ല എന്നത് ശരിതന്നെ. പക്ഷേ അതുകൊണ്ട് ഉദ്ദേശിക്കുന്നത് ശരിയായ മാർഗ്ഗം തന്നെയാണ്. ദുർമാർഗ്ഗമല്ല. ഉദാ കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേക്ക് പോക ണമെന്ന് കരുതുക. ലക്ഷ്യം കോഴിക്കോട് എത്തുക എന്നുള്ളതാണ്. അതിന് പല മാർഗ്ഗങ്ങൾ ഉണ്ട്. കാറിൽപോകാം, ബസ്സിൽപോകാം, തീവണ്ടിയിൽപോകാം, പക്ഷേ ടിക്കറ്റ് എടുക്കാതെ കള്ളവണ്ടി കയറരുത്. ഇങ്ങനെ പല വാക്കുകളിലെ തത്ത്വം മനസ്സിലാക്കാതെ പ്രവർത്തിക്കുന്നവരുണ്ട്. പി ന്നെ സ്വന്തം കാര്യത്തിനുവേണ്ടി മാത്രം പ്രാർത്ഥിക്കുന്നവരുണ്ട്. ഒരിക്കലും അങ്ങനെ ചെയ്യരുത്. ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കണം. കൂട്ടത്തിൽ നമ്മുടെ സങ്കടങ്ങളും പറയാം. ദേവാലയങ്ങളിൽ പോയാൽപോലും അവിടെ നമുക്കുള്ളതിനേക്കാൾ സങ്കടങ്ങൾ കാണാനിടയായാൽ അവരുടെ സങ്കടങ്ങൾ തീർത്തുകൊടുക്കാൻ പ്രാർത്ഥിക്കണം. യഥാർത്ഥ ഭക്തി എന്നാൽ ഈശ്വരനോടുള്ള സ്നേഹമാണ്. ഈശ്വരൻ സ്നേഹവും സത്യവുമാണ്. അതുകൊണ്ട് എന്തല്ലാമോ അറിയാൻ ഓടുമ്പോൾ ഈശ്വരനെ അറിയാനും കുറച്ചു സമ

യം കാണണം. അടുക്കും ചിട്ടയും വീടിനു മാത്രം പോരാ. നമ്മുടെ മനസ്സിനും വേണം. നിഷ്പക്ഷമായി ചിന്തിക്കാനും, പ്രവർത്തിക്കാനും നമ്മൾ തയ്യാറാവണം. എങ്കിലേ ഈശ്വരകൃപ ഉണ്ടാകൂ.

മനസ്സിന്റെ നന്മയാണ്, മനുഷ്യന്റെ നന്മ. ബാഹ്യസൗന്ദര്യത്തിൽ വീഴാതെ ആന്തരിക സൗന്ദര്യത്തിന് വില കൽപിക്കണം. നമ്മൾ രാവിലെ കുളിച്ച് പുരാണഗ്രന്ഥങ്ങൾ വായിച്ചാൽ മാത്രം പോരാ അതിലെ തത്ത്വങ്ങൾ ഉൾക്കൊള്ളുകയും വേണം. വായിച്ച് എഴുന്നേൽക്കുമ്പോൾ, അല്ലെങ്കിൽ പ്രാർത്ഥിച്ചു മടങ്ങുമ്പോൾ എല്ലാം മറന്നാൽ അത് ഭക്തിയല്ല, ഭക്തിമാർഗ്ഗമാണ്. നമ്മുടെ ചിന്തയിലും, വാക്കിലും പ്രവർത്തിയിലും സത്യവും സ്നേഹവും വേണം. നേരായ മാർഗ്ഗത്തിലൂടെയല്ലാതെയുള്ള ഒരു പ്രവൃത്തിയിലൂടെയും നമ്മൾ നമ്മളെ നശിപ്പിക്കരുത്. കാരണം, നമ്മൾ നമ്മുടെ പിടിവിട്ട് കളിച്ചാൽ കുത്തനെ നിലംപതിക്കും.

നമ്മൾ എന്തെങ്കിലും ഒന്ന് കൃഷിചെയ്താൽ മുഴുവനും തീർക്കാതെ വിത്തിന് കുറച്ച് വെക്കുന്നതുപോലെ എല്ലാ കാര്യവും തുടർന്നുകൊണ്ടുപോകാൻ ഒരു വിത്ത് സൂക്ഷിക്കണം. നല്ല മനസ്സാണെന്നും പറഞ്ഞ് ഉള്ളതെല്ലാം ഒന്നും ശ്രദ്ധിക്കാതെ ദാനം ചെയ്താൽ അയാൾക്ക് പിന്നെ എന്താണ് ഉണ്ടാവുക. നമുക്ക് നന്നാവാനുള്ള അവസരം ദൈവം തന്നെയാണ് തരുന്നത്. അത് ദുർവിനിയോഗം ചെയ്താൽ ഈശ്വരൻ അറിയുന്നു. നമ്മൾ അത് വേണ്ടവിധത്തിൽ കൈകാര്യം ചെയ്തില്ലെങ്കിൽ നിനക്കിത് കൊള്ളില്ല എന്ന മട്ടിൽ ദൈവം തിരിച്ചെടുക്കുന്നു അതുകൊണ്ട് ദാനം ചെയ്യുമ്പോഴും ശ്രദ്ധിക്കണം. ഒന്നും കയ്യിലില്ലെങ്കിൽ നല്ല മനസ്സ് ഉണ്ടായിട്ടും അത് പ്രവൃത്തിയിൽ കൊണ്ടുവരുവാൻ കഴിയാതെ വരും. നമ്മുടെ കഴിവിന്റെ പരമാവധി മറ്റുള്ളവർക്ക് ഉപകാരങ്ങൾ ചെയ്യണം. നശിപ്പിക്കുന്ന പ്രവൃത്തിക്ക് കൂട്ടുനിൽക്കരുത്.

*(തുടരും)*

****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2022 ഒക്ടോബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ജസ്റ്റിസ്. മുരളീപുരുഷോത്തമൻ, ഗോകുലം, 68/2278, കെ.ആർ. പങ്കജാക്ഷൻ റോഡ്, എറണാകുളം, കൊച്ചി - 18 | 20,000/- |

# താപവർദ്ധനവും ആരോഗ്യപ്രശ്നങ്ങളും

എൻ. രാജശേഖരൻ

*(തുടർച്ച)*

## ജന്തുജന്യ രോഗങ്ങൾ

**ക**ഴിഞ്ഞ കുറെ വർഷങ്ങളായി പകർച്ച വ്യാധികൾ അഭൂതമാം വണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. കോവിഡ് മഹാമാരിയെ ഏതാണ്ടൊന്ന് അമർച്ച ചെയ്തപ്പോഴേക്കും ഇതാ വന്നുകൊണ്ടിരിക്കുന്നു അതിന്റെ പുതിയ വകഭേദങ്ങൾ. കൊറോണായുടെ ഉത്ഭവം ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുകയാണ്. ചൈനയിലെ വവ്വാലുകളിൽ നിന്നോ, അതോ വുഹാനിലെ ലാബിൽ കൃത്രിമമായി ഉണ്ടാക്കിയെടുത്തതോ ആർക്കും കൃത്യമായി ഉത്തരം നൽകാനാവുന്നില്ല. കാരണം രണ്ടിനും സാധ്യതയേറെയാണ് എന്നത് തന്നെ. മനുഷ്യൻ ഇന്ന് നേരിടുന്ന പല ആപത്തുകൾക്കും കാരണം കുറെയൊക്കെ ജന്തുക്കളിൽ നിന്നാണ്. കൂടാതെ പാരിസ്ഥിതി പ്രശ്നങ്ങളിൽ മനുഷ്യൻ നടത്തുന്ന അമിതമായ ഇടപെടലുകൾ ലോകത്തിന്റെ നിലനിൽപ്പ് തന്നെ പ്രവചനാതീതമായി തീർന്നിട്ടുണ്ട്. കാലാവസ്ഥാ മാറ്റങ്ങൾ കാർഷിക വിളകളെ വല്ലാതെ തന്നെ ബാധിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി ഉണ്ടായത് മനുഷ്യന്റെ ആരോഗ്യം ക്ഷയിച്ച് തുടങ്ങിയിരിക്കുന്നു എന്നതാണ്. ജന്തുക്കളുടെ ആരോഗ്യവും സസ്യങ്ങളുടെ ആരോഗ്യവും മനുഷ്യന്റെ നിലനിൽപ്പുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം.

മനുഷ്യൻ നടത്തിയ പാരിസ്ഥിതി ലംഘനങ്ങൾ കുറച്ചൊന്നുമല്ല എന്ന് ഓർക്കേണ്ടതുണ്ട്. ഇത്തരം പാരിസ്ഥിതി ലംഘനങ്ങൾ മനുഷ്യനെ മാത്രമല്ല ദോഷകരമായി ബാധിച്ചിട്ടുള്ളത്. മൃഗങ്ങൾക്ക് പിടിപെടുന്ന രോഗങ്ങൾ മനുഷ്യനിലേക്കും വ്യാപിക്കുമെന്ന സത്യം കണ്ടെത്തിയത് റുഡോൾഫ് വിർച്ചോ എന്ന വെറ്റിനറി ഡോക്ടറാണ്. അതും 1800കളുടെ മധ്യത്തിൽ പൊതുജനാരോഗ്യത്തിൽ ഏറെ പ്രാവീണ്യം നേടിയ മൃഗഡോക്ടർമാരായ ജയിംസ് എച്ച്, സ്റ്റീൽ, കാൽവിൻ ഷാബേ എന്നിവർ ഈ വിഷയത്തിൽ ഏറെ മുന്നോട്ട് പോകുകയും മൃഗങ്ങളുടെയും മനുഷ്യരുടെയും പ്രശ്നങ്ങൾക്ക് സമാനതകളുണ്ടെന്നും, അവ പരിഹരിക്കപ്പെടാൻ മൃഗഡോക്ടർമാരും, മനുഷ്യനെ ചികിത്സിക്കുന്ന ഡോക്ടർമാരും തമ്മിൽ സഹകരിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് ചെന്നെത്തിച്ചത്.

പഴയ കാലങ്ങളിൽ വ്യത്യസ്ഥമായ മനുഷ്യൻ ഇന്ന് മൃഗങ്ങളുമായി കൂടുതൽ അടുത്ത് ബന്ധം പുലർത്താനിടയായിട്ടുള്ളതാണ്. മൃഗങ്ങൾ ഇന്ന് മനുഷ്യന്റെ നിരവധി മേഖലകളിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അതിന്റെ ഫലമായി മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ മനുഷ്യനിലേക്ക് വ്യാപിക്കുവാനുള്ള സാദ്ധ്യതകൾ വർദ്ധിച്ചുവരുന്നു. ഉദാഹരണമായി പേവിഷബാധ, സാൽമൊണല്ല, വെസ്റ്റ്നൈൽ വൈറസ്, ക്യൂപനി, ആന്ത്രാക്സ്, ബ്രൂസെല്ലോസിഡ് എന്നീ രോഗങ്ങൾ ഭീഷണിയുയർത്തി രംഗത്തുണ്ടു താനും.

വൈൽഡ് ലൈഫ് കൺസർവേഷൻ സൊസൈറ്റി ന്യൂയോർക്കിലെ റോക്ക് ഫെല്ലർ യൂണിവേഴ്സിറ്റിയിൽ വച്ചാണ് വൺ വേൾഡ്, വൺ ഹെൽത്ത് എന്ന സമ്മേളനം 2004ൽ നടന്നത്. പ്രസ്തുത സമ്മേളനത്തിൽ വച്ചാണ് മൻഹാട്ടൻ തത്വങ്ങൾ ഉരുത്തിരിഞ്ഞ

ത്. മനുഷ്യനും, മൃഗങ്ങളും, പരിസ്ഥിതിയും തമ്മിലുള്ള അഭേദ്യമായ ബന്ധങ്ങൾ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട് ഇതിൽ. മൻഹാട്ടർ തത്ത്വവും നമുക്ക് ഒന്ന് പരിശോധിക്കാം.

1) മനുഷ്യൻ, വളർത്തുമൃഗങ്ങൾ, വന്യജീവികൾ ഈ മൂന്ന് ഘടകങ്ങളുടെയും ആരോഗ്യം പരസ്പരം ബന്ധപ്പെട്ടിരിക്കുകയാണ്. ഇത് തിരിച്ചറിഞ്ഞ് ഭക്ഷ്യസുരക്ഷയും ജൈവവൈവിധ്യത്തിനും ഭീഷണിയാകാതെയിരിക്കാൻ എന്തെല്ലാം നടപടികൾ വേണ്ടി വരുമെന്ന് മനസ്സിലാക്കാം.

2) ഭൂമി, ജലം എന്നിവയുടെ ഉപയോഗം ആരോഗ്യപ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നു കണ്ടു മനസ്സിലാക്കേണ്ടതാണ്.

3) രോഗപ്രതിരോധം, നിരീക്ഷണം, നിയന്ത്രണം എന്നിവയുടെ കാര്യത്തിൽ വന്യജീവി ആരോഗ്യ ശാസ്ത്രത്തെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

4) മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ പരിസ്ഥിതി സംരക്ഷണ നിയമങ്ങൾക്ക് വേണ്ട ഉത്തേജനം നൽകുകയും ചെയ്യും.

5) ജീവികൾക്കിടയിലുള്ള പരസ്പര ബന്ധത്തെ കണക്കിലെടുത്ത് വേണം പുതുതായി ഉണ്ടാവുന്ന രോഗങ്ങൾ നിരീക്ഷിക്കുന്നതിനും, അവയെ പ്രതിരോധിക്കുന്നതിന് വേണ്ട നടപടികൾ രൂപപ്പെടുത്തേണ്ടതും.

6) പകർച്ച വ്യാധികൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ തേടുമ്പോൾ ജൈവവൈവിധ്യ സംരക്ഷണവും മനുഷ്യന്റെ ആവശ്യങ്ങൾ തമ്മിൽ സമന്വയിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തണം.

7) വന്യജീവി വ്യാപാരം കർശനമായി നിയന്ത്രിക്കണം.

8) വളരെ അത്യാവശ്യസാഹചര്യങ്ങളില്ലാതെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന നടപടി അവസാനിപ്പിക്കണം.

9) മനുഷ്യർക്കും, വളർത്തുമൃഗങ്ങൾക്കും രോഗഭീഷണിക്ക് ആനുപാതികമായി ആരോഗ്യരംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കണം.

10.) ആരോഗ്യ, ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ വെല്ലുവിളികൾ നേരിടാൻ ഗവൺമെന്റുകൾ, സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവക്കിടയിൽ സഹകരണം വർധിപ്പിക്കണം.

11) പുതിയ രോഗങ്ങൾ, വീണ്ടും മടങ്ങിയെത്തുന്ന രോഗങ്ങൾ എന്നിവയെ കുറിച്ചുള്ള അറിയിപ്പ് സമയാസമയങ്ങളിൽ നൽകണം.

12) ആരോഗ്യം, പരിസ്ഥിതി എന്നിവ തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് ഏർപ്പെടുത്തേണ്ടതാണ്.

കോവിഡ് മഹാമാരിയുടെ തീവ്രതയിലാണ് ലോകമൊടുക്കും 'വൺ ഹെൽത്ത്' എന്ന ആശയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയത്. കേന്ദ്രബയോടെക്നോളജി വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടപടികൾ സ്വീകരിക്കാനാരംഭിച്ചത്. ഇതിനായി രാജ്യത്തെ ആദ്യത്തെ വൺഹെൽത്ത് കൺസോർഷ്യാ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ആനിമൽ ബയോടെക്നോളജി, AIIMS, ICMR കൂടാതെ വിവിധ ആഗ്രികൾച്ചറൽ, വെററർനറി സർവ്വകലാശാലകൾ എന്നിവയടങ്ങുന്നതാണ് കൺസോർഷ്യം.

മനുഷ്യരിൽ രോഗങ്ങൾ ഉണ്ടാകുന്നതെങ്ങനെയെന്നും, അവയിൽ ബാക്ടീരിയ, വൈറസ് പരാദങ്ങൾ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങളെപ്പറ്റിയും മുകളിൽ പരാമർശിച്ചു കഴിഞ്ഞു. ആഗോളതാപനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് പെറ്റുപെരുകുന്ന ഷഡ്പദങ്ങളും, കാർഷക വിളകൾ നശിപ്പിക്കുന്ന മറ്റ് കീടങ്ങളും, സാമ്പത്തിക മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമായിരിക്കും. ആരോഗ്യ മേഖലയിൽ

സൃഷ്ടിക്കാൻ പോകുന്ന വിപത്തുകളെപ്പറ്റി നോക്കാം.

കാലാവസ്ഥാ മാറ്റങ്ങളുടെ ഫലമായി ആരോഗ്യരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഭവിഷ്യത്തുകൾ ഓരോരോന്നോരോന്നായി പുറത്തു വന്ന് തുടങ്ങിയിരിക്കുന്നു. നേരത്തേ പരാമർശിച്ച് ബാക്ടീരിയകൾ, വൈറസുകൾ എന്നിവയുണ്ടാക്കുന്ന രോഗങ്ങൾ പതിന്മടങ്ങ് വർദ്ധിക്കാൻ പോകുകയാണ്.

ബാക്ടീരിയകളെ നശിപ്പിക്കാൻ ഉപയോഗിച്ച്കൊണ്ടിരിക്കുന്ന ആന്റിബയോട്ടിക്കുകളെ, ബാക്ടീരിയകൾ അതിജീവിച്ച് തുടങ്ങിയിരിക്കുന്നു. ഇതുമൂലം 2019-ൽ അരകോടിയോളം മരണങ്ങൾ ഉണ്ടായി. 1950-1970 നും മദ്ധ്യ കണ്ടുപിടിക്കപ്പെട്ട ആന്റിബയോട്ടിക്കുകൾക്ക് ശേഷം പുതിയ വിഭാഗം ആന്റിബയോട്ടിക്കുകൾ ശാസ്ത്രലോകത്തിനു കഴിഞ്ഞിട്ടില്ല എന്നോർക്കേണ്ടതുണ്ട്.

പേമാരി, മണ്ണിടിച്ചിൽ, ജലദൗർലഭ്യം, സമുദ്രത്തിൽ നിന്നുള്ള ജലത്തിന്റെ കരയിലേക്കുള്ള കടന്നുകയററം, കൃഷിനാശം എന്നിവ ലോകത്ത് ഭയാനകമായ അന്തരീക്ഷമാണ് സൃഷ്ടിക്കാൻ പോകുന്നത്. പ്രത്യേകിച്ച് ദരിദ്രരാജ്യങ്ങളിൽ. ഇവ കൂടുതലും അനുഭവിക്കാൻ വിധേയരാകുന്നത് വളർച്ചയെത്താത്ത കുട്ടികളും, പ്രായമേറിയ ആളുകളുമാണ്. ആഗോള താപവർദ്ധനയുടെ ഫലമായി മൂത്രത്തിൽ കല്ലുണ്ടാകാനുള്ള സാദ്ധ്യത പതിന്മടങ്ങ് വർദ്ധിക്കുകയാണ്.

വർദ്ധിച്ചു വരുന്ന രാസവസ്തുക്കൾ അന്തരീക്ഷം വായുവിൽ കലരുന്നതിന്റെ ഫലമായി ശ്വാസകോശരോഗങ്ങൾ സീമാതീതമായി വർദ്ധിക്കുന്നതാണ്. വാഹനങ്ങൾ പുറം തള്ളുന്ന നൈട്രെസ്റ്റ് ഒറെക്സഡുകളും, കാർബണും അന്തരീക്ഷീത്തിൽ തങ്ങിനിൽക്കുന്നത് നിരവധി വർഷങ്ങളാണ്.

ഈച്ചകളും ഷഡ്പദങ്ങളും പരത്തുന്ന രോഗങ്ങൾ ഇപ്പോൾ തന്നെ മുന്നൂറിൽപ്പരമുണ്ട്. അഴുക്ക് നിറഞ്ഞ് അഴുക്കു ചാലു കളിൽ പെറ്റുപെരുകുന്നു. രോഗകാരികളായ വൈറസുകളെ വഹിക്കുന്ന ക്യൂലക്സ് പിപ്പിലിയാൻസ് എന്ന കൊതുകുകൾ അവിശ്വസനീയമാം വിധമാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. രോഗവാഹിനി കളായ ഷഡ്പദങ്ങളും മുഖേന മലമ്പനി, ഡെങ്കിപ്പനി എന്നിവ ഉണ്ടാകുന്നു. ഇക്കാലത്ത് അസാധാരണമാം വിധം വളരുന്ന ആൾഗകൾ കോളറ വർധിക്കകുന്നതിന് കാരണമാകും. പകർച്ച വ്യാധികൾ പൊട്ടിപ്പുറപെടാൻ പ്രധാന കാരണം കാലാവസ്ഥാ മാറ്റങ്ങളുമാണ് താപം സഹിക്കാനാവാതെ ഉരഗങ്ങളും, മൂങ്ങ എന്നീ ജീവികളും ചത്തൊടുങ്ങും. തൽഫലമായി എലികളും രോഗങ്ങൾ പരത്തുന്ന ചെള്ളുകളും പെറ്റുപെരുകുന്നത് ആ സമയത്തെ പ്രത്യേകതയാണ്. ഭൂമിയിൽ ചൂട് വർദ്ധിക്കുമ്പോൾ കാലാവസ്ഥാമാറ്റങ്ങൾ തീവ്രമായ അവസ്ഥയിലേക്ക് മാറുന്നു.

കാർഷിക വിളകളെ നശിപ്പിക്കുന്ന ഷഡ്പദങ്ങളുടെ ക്രമാതീതമായ വർദ്ധനവ് ഈ രംഗത്തെ മറ്റൊരു ഭീഷണയാണ്. 1990 ന് ശേഷം പടർന്ന പിടിച്ച പകർച്ച വ്യാധികളെപ്പറ്റി നോക്കാം.

| | |
|---|---|
| 1991 | ഗ്വാനിറ്റോ വൈറസ് (ബ്രസീൽ) |
| 1992 | ഡെങ്കിപ്പനി (ആസ്ത്രേലിയ)<br>ടോക്സിക്ക് ഇ. കോളി |
| 1993 | ഡെങ്കിപ്പനി (ബ്രസീൽ) |
| | പെർടുസിസ് |
| | ആന്ത്രാക്സ് |
| | എബോളാ വൈറസ് (ആഫിക്ക) |
| | സംബിയ വൈറസ് (ബ്രസീൽ) |
| | മഞ്ഞപ്പനി (ആഫ്രിക്ക) |
| | റിഫ്റ്റ് വാലിപ്പനി |
| | ഹാന്റാ വൈറസ് |
| | ഡിഫ്തീരിയ |
| 1994 | കോളറാ |

| | |
|---|---|
| 1996 | പാൻഡെമിക്കോളറ (ബ്രസീൽ) |
| | ഹാന്റാ വൈറസി (ബ്രസീൽ) |
| | മസ്തിഷകപ്പനി (മെനിറെഞ്ചറ്റിസ്) |
| | ടോക്സിക്. ഇ. കോളി |
| 1997 | ഹാന്റാ വൈറസ് (ബ്രസീൽ) |
| | ലാസ്സാപനി (ആഫ്രിക്ക) |
| | ടോക്സിക് ഇ. കോളി |
| 1999 | വെസ്റ്റ് നൈൽ വൈറസ് |
| 2003 | സാഴ്സ് വൈറസ് |
| | പക്ഷിപ്പനി |
| 2009 | H1N1 വൈറസ് (പന്നിപ്പനി) |

2002ൽ മാത്രം 1,11,22000 പേരാണ് സംക്രമിക രോഗങ്ങൾ നിമിത്തം മരണമടഞ്ഞത്. ശുദ്ധജലത്തിന്റെ ദൗർലഭ്യത കാലാവസ്ഥാ വ്യതിയാനങ്ങളുടെ മറ്റൊരു കാരണമാണ്. വർഷം തോറും 15 ലക്ഷം കുട്ടികളാണ് വയറിളക്കം മൂലം മരിക്കുന്നത്. ജലജന്യരോഗങ്ങളുടെ കാരണം കാലാവസ്ഥാ മാറ്റങ്ങൾ തന്നെ. അന്തരീക്ഷത്തിലെ ഉയർന്ന താപനത്തിന്റെ ഫലമായി 2003-ൽ കോംഗോയിൽ 30 ലക്ഷം ജനങ്ങളാണ് മരണമടഞ്ഞത്. ഐക്യരാഷ്ട്രസംഘടനയുടെ റിപ്പോർട്ടുകൾ പ്രകാരം ഓരോ ഇരുപത് സെക്കൻഡിലും ഒരു കുട്ടി വീതം ജലത്തിലൂടെ പകരുന്ന രോഗങ്ങൾ നിമിത്തം മരണമടയുന്നു. വേനൽക്കാല രോഗങ്ങളിൽ പ്രധാനം ശരീരത്തിലുണ്ടാകുന്ന ജലനഷ്ടവും, ശ്വാസകോശരോഗ ശരീരത്തിലുണ്ടാകുന്ന ജലനഷ്ടവും, ശ്വാസകോശ രോഗങ്ങളുമാണ്. ഭൂമിയിൽ നിന്ന് തുടച്ചു നീക്കിയിരുന്നു എന്ന് കരുതപ്പെട്ടിരുന്ന മലമ്പനിയുടെ തിരിച്ച് വരവ് വലിയ ഭയാശങ്കകളാണ് ആരോഗ്യരംഗത്ത് ഉണ്ടാക്കിയിരിക്കുന്നത്. ജലദൗർലഭ്യം കൊണ്ട് വയറിളക്കം, ഛർദ്ദി എന്നിവ വർദ്ധിക്കും. ഇന്ത്യൻ ജനതയുടെ ഇരുപത് ശതമാനവും ആസ്മ രോഗികളാണ്. മലമ്പനി മൂലം പത്ത് ലക്ഷം കുട്ടികളാണ് മരിക്കുന്നത്. ഇതിൽ കൂടുതലും ആഫ്രിക്കയിലുള്ളവരാണ്. മനുഷ്യരക്തത്തിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ആരോഗ്യ രംഗത്തെ മറ്റൊരു ഭയാനകമായ സത്യം മനുഷ്യരക്തത്തിൽ മൈക്രോപ്ലാസ്റ്റിക്ക് ധൂളികൾ കലർന്നു കഴിഞ്ഞിരിക്കുന്നു എന്നതാണ്. ആസ്റ്റർ ഡാമിലെ വി.ജെ. സർവ്വകലാശാലയിലെ ഇക്കോടോക്സിക്കോളജിസ്റ്റായ പ്രൊഫ. ഡിക്ക് വിതാക്കും സംഘവുമാണ് മനുഷ്യരാശിയെ ഞെട്ടിപ്പിക്കുന്ന വിവരം പുറത്തെത്തിച്ചിരിക്കുന്നത്. അവർ പരിശോധിച്ച 22 പേരിൽ, 17 പേരുടെ രക്തത്തിലും മൈക്രോപ്ലാസ്റ്റിക്ക് സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. ഫുഡ് പാക്കേജുകൾ, കുടിവെള്ളകുപ്പികൾ, കാരിബാഗുകൾ എന്നീ വസ്തുക്കളിൽ നിന്നുള്ള കണങ്ങളാണ് ഇവ. മനുഷ്യന്റെ ശ്വാസകോശം മുതൽ പ്ലാസന്റ വരെയുള്ള ഭാഗങ്ങളിൽ നേരത്തേ തന്നെ മൈക്രോപ്ലാസ്റ്റിക്കുകൾ കണ്ടെത്തിയിട്ടുള്ളതാണ്.

ഇതിന് പുറമേ മറ്റൊരു ഞെട്ടിപ്പിക്കുന്ന കാര്യം പ്ലാസ്റ്റിക്ക് ഉൽപ്പാദനം സകലകാല റിക്കാർഡുകളും കവച്ച് വച്ച് ഉയരുന്നു എന്നതാണ്. സമീപഭാവിയിൽ ഉത്പാദനം. ഇരട്ടിയോ അതിലധികമോ വർദ്ധിച്ചാലുള്ള ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് ചിന്തിക്കേതുണ്ട്. മനുഷ്യശരീരത്തിൽ, പ്രത്യേകിച്ച് രക്തത്തിൽ കടന്നിട്ടുള്ള മൈക്രോപ്ലാസ്റ്റിക്കുകൾ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് പഠനവിഷയമാക്കേതുണ്ട്.

കാര്യങ്ങൾ ഇങ്ങനെ തുടർന്നാൽ മുഴുവൻ ജീവജാലങ്ങളുടെയും സർവ്വനാശമായിരിക്കും അന്തിമ ഫലം. വ്യാപകമായതോതിൽ പ്രത്യയാഘാതങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുന്ന കാർബൺഡൈഓക്സൈഡിന്റെ അളവിനെ കുറയ്ക്കുന്ന ഹരിതവൽക്കരണം പോലുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങേണ്ടിയിരിക്കുന്നു. ഒരു ഹെക്ടർ വനം 750 ടൺ കാർബൺ ഡൈഓക്സൈഡ് അന്തരീക്ഷത്തിൽ നിന്നും നീക്കം ചെയ്യും. ഗവൺമെന്റിനെ ആശ്രയിക്കാതെ വ്യക്തികൾക്ക് വരെ പണച്ചിലവില്ലാതെ നടപ്പാക്കാവുന്ന പ്രവർത്തിയാണ് ഹരിതവൽക്കരണം. ഭൂമിയും, പ്രകൃതി വിഭവങ്ങളും തനിക്ക് മാത്രമു

*(ശേഷം പേജ് 40)*

# ത്വക്ക് രോഗങ്ങൾ

## ഡോ. പാർവ്വതി. കെ.എസ്

മനുഷ്യരിൽ പ്രത്യേകിച്ച് കുട്ടികളിൽ ത്വക്കിലോ ത്വക്കിനോടു ചേർന്ന ശ്ലേഷ്മ സ്തരത്തിലോ ഉണ്ടാകുന്ന നിരുപദ്രവകാരിയായതും ചെറിയ മുഴപോലെ തോന്നിക്കുന്നതുമായ പരുപരുത്ത വളർച്ചയാണ് അരിമ്പാറ.

ഹ്യുമൻപാപിലോമ വൈറസുകളാണ് ഇതിനു ഹേതു. രോഗമുള്ള മനുഷ്യനുമായുള്ള സമ്പർക്കത്താൽ (സ്പർശനത്താൽ) ഇതു പകരാനിടയുണ്ട്. സാധാരണ കൈകാലുകളിലും കാൽമുട്ടുകളിലുമാണ് അരിമ്പാറ ഉണ്ടാകുന്നത്. അരിമ്പാറ ഉണ്ടാകുന്ന ഭാഗം, ആകൃതി, രോഗഹേതുവാകുന്ന വൈറസിന്റെ ഇനം എന്നിവയനുസരിച്ച് ആറു വിധത്തിലുള്ള അരിമ്പാറകളുണ്ട്.

**തരങ്ങൾ**

**1. സാധാരണ അരിമ്പാറ** - വെറുക്ക വൽഗാരിസ് എന്ന ഇനം വൈറസുകളാണ് സാധാരണ അരിമ്പാറയ്ക്കു കാരണമാകുന്നത്. കൈകളിലും കാൽമുട്ടുകളിലും മാത്രമല്ല ശരീരത്തിന്റെ ഏതു ഭാഗത്തും ഇത്തരത്തിലുള്ള അരിമ്പാറ ഉണ്ടാകുന്നു. ത്വക്കിൽ നിന്നുയർന്നു കാണുന്ന ചെറിയ മുഴകളുടെ ഉപരിതലം പരുപരുത്തതായിരിക്കും.

**2. പരന്ന അരിമ്പാറ**

മുഖം, കഴുത്ത്, കണങ്കൈ, കാൽമുട്ട് തുടങ്ങിയ ശരീരഭാഗങ്ങളിൽ ഉണ്ടാകുന്നത് ചെറുതും മൃദുലവും ചർമ്മത്തേക്കാൾ നിറം കൂടിയതുമായ പരന്ന അരിമ്പാറ വെരുക്കപ്ലാന എന്ന വൈറസ് മൂലമാണുണ്ടാകുന്നത്.

**3. അംഗുലിത അരിമ്പാറ**

മുഖത്തും കൺപോളകൾക്കടുത്തും, ചുണ്ടുകളിലും നൂലുപോലെയോ വിരലുകൾ പോലെയോ ഉണ്ടാകുന്ന അരിമ്പാറയാണിത്.

**4. ആണി അഥവാ പാദതല അരിമ്പാറ**

വെരുക്കാപെഡിസ് എന്ന ഇനം വൈറസുമൂലമുണ്ടാകുന്ന ഈ രോഗം വേദന ഉളവാക്കുന്നതാണ്. ഉള്ളങ്കാലിൽ ഉണ്ടാകുന്ന ഈ അരിമ്പാറയുടെ മധ്യഭാഗത്ത് നിരവധി കറുത്ത പുള്ളിക്കുത്തുകളുണ്ടായിരിക്കും. ഇത് ത്വക്കിന്റെ പ്രതലത്തിൽ നിന്ന് ഉയർന്നു കാണുന്നില്ല. ചെരിപ്പുകൾ ഉപയോഗിച്ച് നടക്കുന്നതുമൂലം ഈ രോഗം പകരാതെ സൂക്ഷിക്കാം.

**5. മൊസേയ്ക്ക് അരിമ്പാറ**

കൈകളിലും ഉള്ളങ്കാലിലും കൂട്ടമായി വളരുന്ന ആണി (പാദതല അരിമ്പാറ) യോടു സാദൃശ്യമുള്ളതാണ് മൊസേയ്ക്ക് അരിമ്പാറ

**6. ഗുഹ്യ അരിമ്പാറ** - വെരുക്ക അക്യുമിനേറ്റ അഥവാ കോൺഡൈലോമ അക്യുമിനേറ്റം) വൈറസ് മനുഷ്യന്റെ ഗുഹ്യഭാഗങ്ങളാൽ അരിമ്പാറ ഉണ്ടാകുന്നതിനും കാരണമാകുന്നു.

**ആണിരോഗം**

മനുഷ്യരുടെ കാൽവെള്ളയിലുണ്ടാകുന്ന ഒരു രോഗമാണ് ആണിരോഗം. വെരുക്കപെഡിസ് വൈറസാണ് രോഗഹേതു. ഈ വൈറസുകൾ ചർമ്മത്തിനുള്ളിലേയ്ക്കു വളരുന്നതോടെ കട്ടിയേറിയ ആണ് രൂപം ആകുന്നു. നടക്കുമ്പോഴും നിൽക്കുമ്പോഴും ആണി. ചർമ്മത്തിനുള്ളിലേക്കു തള്ളപ്പെടുന്നതിനാൽ വേദന അനുഭവപ്പെടുന്നു. അമർത്തുമ്പോൾ വളർന്നു മുറ്റിയ ഭൃഢികൃത ശരീരകല (ആണി) നാഡികളുടെ അഗ്രങ്ങളെ സ്പർശിക്കുന്നതിനാലാണ് വേദന അനുഭവപ്പെടുന്നത്.

**രോഗകാരണം**

ഏതാണ്ട് പത്തുശതമാനം യുവാക്കൾക്കും ആണി രോഗമുള്ളതായാതാണ് കണക്കാക്ക

പ്പെടുന്നത്. നഗ്നപാദരായി നടക്കുന്നതും വൃത്തിഹീനമായ പൊതു കുളിമുറികളുടെ ഉപയോഗവുമാണ് ഈ രോഗമുണ്ടാകാൻ പലപ്പോഴും കാരണമാകുന്നത്. കാൽവെള്ളയിലുണ്ടാകുന്ന പോറലുകൾ, ചെറിയ മുറിവുകൾ എന്നിവയിലൂടെ വൈറസ് ചർമ്മത്തിനുള്ളിൽ പ്രവേശിക്കുന്നു. വൈറസുകൾ ചൂടും തണുപ്പുള്ള സാഹചര്യങ്ങളിൽ വളർച്ചാശേഷിയുള്ളവയാണ്. ഇവ ചെരുപ്പുകളിൽ തങ്ങി നിൽക്കുന്നത് ഇത്തരം വൈറസുകൾ വളരാനുള്ള അനുകൂല സാഹചര്യമൊരുക്കുന്നു.

കാൽവെള്ളയിലെ ആണിരോഗം പാദങ്ങളുടെ ഏതു ഭാഗത്തേക്കും വ്യാപിക്കാം. ഇവയിൽ ചിലത് വലിപ്പം കൂടുകയും ഇതിനു ചുറ്റുമായി ചെറിയ ധാരാളം ആണികൾ ഉണ്ടായി ഒരു മൊസേക്ക് പ്രതീതി ഉളവാക്കുകയും ചെയ്യുന്നു.

കാലിലുണ്ടാകുന്ന സാധാരണ വടുക്കളിൽ നിന്നും ആണികളെ തിരിച്ചറിയാൻ പ്രയാസമാണ്. ആണിയുടെ ഉപരിതലത്തിലായി വളരെ ചെറിയ കറുത്ത പൊട്ടുകൾ കാണാൻ കഴിയും. കാപ്പിലറി രക്തക്കുഴലുകളുടെ ആഗ്രഭാഗമാണ് കറുത്തപൊട്ടുകളായി തോന്നിക്കുന്നത് എന്നാൽ വടുക്കളിൽ രക്തക്കുഴലുകളിലില്ല, ഇവ മെഴുകു പോലെ ഇരിക്കും. അധിക ബാഹ്യസമ്മർദ്ദം മൂലമാണ് തഴമ്പ് ഉണ്ടാകുന്നത്.

*****

*(പേജ് 38ന്റെ തുടർച്ച)*

ള്ളതല്ലെന്നും വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണെന്നും ഓർക്കേണ്ടതാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കണം. ജലം പാഴാക്കാതിരിക്കുക. മാലിന്യമുക്തമായ അന്തരീക്ഷവും, ജലവും, പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഏവരും ശ്രദ്ധിക്കേണ്ടതാണ്. കൽക്കരി നിലയങ്ങൾ പാടേ ഉപേക്ഷിക്കണം. കാറ്റ്, സൂര്യപ്രകാശം, തിരമാല എന്നീ ഊർജ്ജസ്രോതസുകളിൽ നിന്ന് വേണം ഊർജ്ജം ഉൽപ്പാദിപ്പിക്കേണ്ടത്. പെട്രോൾ, ഡീസൽ വാഹനങ്ങൾ ഘട്ടംഘട്ടമായി ഉപേക്ഷിക്കണം. പകരം ഹൈഡ്രജൻ വാഹനങ്ങളും ഇ വാഹനങ്ങളും ഉപയോഗിക്കണം. വൃക്ഷങ്ങൾ തക്കതായ കാരണമില്ലാതെ വെട്ടിനശിപ്പിക്കുന്നവരെ ശിക്ഷിക്കുവാനുള്ള നിയമം നിർമ്മിക്കണം. അന്തരീക്ഷത്തിൽ ജലാംശം പ്രദാനം ചെയ്യുന്ന ഉറവിടമാണ് വൃക്ഷങ്ങൾ നശിപ്പിക്കുമ്പോൾ ഇല്ലാതാകുന്നത്.

*****

മിനിക്കഥ

# ഇരു ഭാവങ്ങൾ

ഉണ്ണിവാരിയത്ത്

നടന്നു തീരാത്ത വഴികളെപ്പറ്റി അവൻ പറയുമായിരുന്നു. പ്രണയിക്കുന്നവർക്കേ അതു മനസ്സിലാകൂ എന്നും.

പിന്നീട്, നടന്നു തീരും മുമ്പെ അപ്രത്യക്ഷമായ വഴികളെപ്പറ്റിയും അവൻ തന്നെയാണ് പറഞ്ഞത്.

പ്രണയത്തിന് ഇരു ഭാവങ്ങളുണ്ടെന്ന് അവൻ അറിഞ്ഞില്ലത്രെ ലോല വിലോലഭാവവും ക്രൂര വിരൂപഭാവവും.

ഇവിടെ പുരുഷനാണ് വഞ്ചിതനായതെങ്കിൽ മറ്റൊരിടത്ത് സ്ത്രീയായിരിക്കാം ചതിക്കപ്പെടുന്നത് എന്ന വ്യത്യാസമേയുള്ളൂ എന്നും അവനു ബോധ്യമായിരിക്കുന്നു പോലും

17/11/22 മുതൽ 15/12/22 വരെ

# മാസഫലം

വൃശ്ചികമാസഫലം

## ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**


മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) ധനലാഭം വിദ്യാലാഭം, റിയൽ എസ്റ്റേറ്റ് രംഗത്ത് പ്രവൃത്തിക്കുന്നവർക്ക് ഗുണപ്രദമാകും. വാക്ക് തർക്കം മൂലം കലഹത്തിന് ഇടവരും. തൊഴിൽ രംഗത്ത് ക്ലേശതയും ഭയവും അനുഭവപ്പെടും. ദേഹത്തിന് ക്ഷീണവും തളർച്ചയും അനുഭവപ്പെടാം. സർപ്പ പ്രീതിയും ശിവ ക്ഷേത്ര ദർശ്ശനവും നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. നവംബർ 24, 25 ദിവസങ്ങളിൽ പ്രധാന കാര്യങ്ങൾ ഒഴിവാക്കുക.


ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം ആദ്യപകുതി) ധലനാഭം ഉണ്ടാകും. വിദ്യാരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം ലഭിക്കും. വിവാഹവിഷയത്തിൽ അനുകൂല ഫലങ്ങൾ ഉണ്ടാകും. ചില ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. തലവേദന ഉദരവ്യാധി പനി തുടങ്ങിയ രോഗങ്ങൾ മൂർച്ഛിക്കും. ദേവി പ്രീതികരമായ നാമജപവും ക്ഷേത്രദർശനവും നടത്തുക നവംബർ 26, 27 തീയതികൾ നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.


മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന മൂന്ന് പാദം) സ്ഥാനപ്രാപ്തി ധലനാഭം, കർമ്മരംഗത്ത് മത്സരം മൂലം മാനസിക സംഘർഷത്തിന് സാധ്യത. ആദ്യം ശത്രു പീഢ അനുഭവിക്കുമെങ്കിലും പിന്നീട് ശത്രുവിജയം നേടുകയും ചെയ്യും. രോഗഭയം മൂലം ദുസ്വപ്നം കാണും. ദേവീ പ്രീതി വരുത്തുക. നവംബർ 28, 29 തീയതികൾ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റ് നല്ല കാര്യങ്ങൾക്കും ഒഴിവാക്കുന്നത് നല്ലതാണ്.


കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) പല വിധേന അർത്ഥലാഭം സന്താന വിഷയത്തിൽ അനുകൂലമായ ഫലം ലഭിക്കും. പിതൃഗുണം പ്രതീക്ഷിക്കാം. ദാമ്പത്യ ജീവിതത്തിൽ അലസതയും അകൽച്ചയും അനുഭവപ്പെടാം. വിഘ്നേശ്വര നാമജപം ക്ഷേത്ര ദർശ്ശനം എന്നിവ നടത്തുക. ദഹന പ്രക്രിയ സംബന്ധമായ പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചേക്കാം. നവംബർ 30 ഡിസംബർ 1 തീയതികളിൽ ശുഭകാര്യങ്ങൾ വർജ്ജിക്കേണ്ടതാണ്.


ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) പുതിയ വീട് വാഹനം എന്നിവ വാങ്ങാനോ പുതുക്കാനോ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സാധിക്കും. വിദ്യാർത്ഥികൾക്ക് പഠനകാര്യങ്ങളിൽ അലസത ഉണ്ടാകും. മുതിർന്നവർക്ക് മദ്യാസക്തി കൂടുവാനുള്ള സാധ്യത മനസ്സിലാക്കി അത്തരം സാഹചര്യങ്ങളിൽ നിന്നും വിട്ടു നിൽക്കുക. ദേവീ പ്രീതി വരുത്തുക. ഡിസംബർ 1,2,3 ദിവസങ്ങൾ നല്ല കാര്യങ്ങൾക്ക് ഒഴിവാക്കുന്നത് നല്ലതാണ്.


കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപകുതി) പങ്കാളികളിൽ നിന്നും ഗുണകരമായ ഫലങ്ങൾ പ്രതീക്ഷിക്കാം. വീട്ടിൽ മംഗളകരമായ കർമ്മങ്ങൾ നടക്കും. സ്വയം കൃതാർത്ഥമായ പ്രശ്നങ്ങളിൽ നിന്നും ഈശ്വരാനുകൂല്യം കൊണ്ട് രക്ഷപ്പെടും. വിദ്യാർത്ഥികൾക്ക് പഠന വിഷയത്തിൽ തടസ്സം നേരിടാം. മലമൂത്ര സംബന്ധമായ പ്രശ്നങ്ങൾ അലട്ടാം. ശിവ നാമജപം നടത്തണം ഡിസംബർ 4,5,6 ദിവസങ്ങൾ അത്ര അനുകൂലമായിരിക്കില്ല.


തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം അവസാന മൂന്ന് പാദം) ധനപരമായ കാര്യങ്ങളിൽ അപ്രതീക്ഷിതമായ നേട്ടങ്ങൾ പ്രതീക്ഷിക്കാം. ഭൂമി ഇടപാടുകളിൽ നിന്നും വരുമാന സാധ്യത കാണുന്നു. റിയൽ എസ്റ്റേറ്റ് രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക നേട്ടം ഉണ്ടാകും. പങ്കാളികളുമായി അഭിപ്രായ വ്യത്യാസം ഉണ്ടാകാം. ശിരോരോഗം മൂർച്ഛിക്കും. വൈഷ്ണവ നാമജപവും ക്ഷേത്ര ദർശ്ശനവും നടത്തുക. ഡിസംബർ 7,8,9 ദിവസങ്ങൾക്ക് നല്ല കാര്യങ്ങൾക്ക് വർജ്ജ്യമാണ്.


വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) മാസം പൊതുവേ ഗുണദോഷ സമ്മിശ്രമായിരിക്കും. സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസമാകും. ബുദ്ധിപരമായ പ്രവൃത്തികളിൽ മികവ് പുലർത്തും ഉന്നത വിദ്യാഭ്യാ,ത്തിന് ശ്രമിക്കുന്നവർക്കു നേട്ടം പ്രതീക്ഷിക്കാം. അലർജി സംബന്ധമായ പ്രശ്നങ്ങൾ ഉദര രോഗത്തിന് ഇടവരുത്തിയേക്കാം. ദേവീ നാമജപം നടത്തുക. ഡിസംബർ 10, 11, തീയതികൾ പുതു സംരംഭങ്ങൾ തുടങ്ങാൻ അനുകൂലമല്ല.


ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) വീട് വാഹനം എന്നിവക്ക് വേണ്ടി ശ്രമിക്കുന്നവർക്ക് ആഗ്രഹസാഫല്യം ഉണ്ടാകും. വിദ്യാർത്ഥികൾക്ക് ഗുണകരമാകും. ദേവീക്ഷേത്രം ദർശനം നടത്തണം. ഉദരരോഗം മൂലം മാനസിക സമ്മർദ്ദത്തിന് ഇടവന്നേക്കാം. പൈതൃകമായി ലഭിക്കേണ്ട സ്വത്ത് ഭാഗികമായെങ്കിലും ലഭിക്കും. പല കാര്യങ്ങളിലും വിജയിക്കുമെങ്കിലും കടുത്ത മത്സരത്തെ അഭിമുഖീകരിക്കേണ്ടിവരും. ഡിസംബർ 12, 13 ദിവസങ്ങൾ പ്രതീക്ഷിക്കുന്ന ഗുണങ്ങൾ നൽകില്ല.


മകരക്കൂർ ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപകുതി) സഹോദര സ്ഥാനീയരിൽ നിന്നും സഹായം പ്രതീക്ഷിക്കാം സ്വയാർജിതമായ ധനത്തിന് അഭിവൃദ്ധി പ്രതീക്ഷിക്കാം. വിദ്യാർത്ഥികൾക്ക് അലസത ഉണ്ടാകുമെങ്കിലും നേട്ടങ്ങൾക്ക് വേണ്ടിയുള്ള പരിശ്രമം വിജയിക്കും. പലകാരണങ്ങളാൽ മനസമാധാനം നഷ്ടമാകും. സന്തിതക്കളുമായി കലഹിക്കാം. കർമ്മ പരമായി പ്രതിസന്ധികൾ ഉണ്ടാകാം. ഡിസംബർ 14, 15 തീയതികൾ അനുകൂലമാകാൻ പ്രയാസമാണ്.


കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന് പാദം) സാമ്പത്തികമായ നേട്ടം ലഭിക്കും. പൂർവ്വിക സ്വത്ത് കൈവശം വന്ന് ചേരും. വിദ്യാർത്ഥികൾക്ക് പരിശ്രമത്തിന് ഫലം കിട്ടും. അതിർത്തി തർക്കങ്ങൾ രൂക്ഷമാകാതെ നോക്കണം കുടുംബ കലഹത്തിന് സാധ്യത ഉള്ളതിനാൽ പ്രശ്നങ്ങൾ രൂക്ഷമാകാതിരിക്കാൻ ശ്രമിക്കണം. മാതാവിന് ഉഷ്ണ സംബന്ധമായ രോഗങ്ങൾ മൂർച്ഛിക്കാം. നവംബർ 20, 21 തീയതികൾ ഗുണം കുറയും.


മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) കടുത്ത മത്സരങ്ങൾ നേരിടേണ്ടിവരുമെങ്കിലും എല്ലാം കാരങ്ങളിലും മികവ് പുലർത്താൻ സാധിക്കും. സാമ്പത്തിക വിഷയങ്ങളിൽ ചില പ്രശ്നങ്ങൾ നേരിടുമെങ്കിലും ഈശ്വരാനുകൂല്യം കൊണ്ട് അതിനെ അതിജീവിക്കും. തൊണ്ട കഴുത്ത് എന്നി ഭാഗങ്ങളിൽ രോഗസാധ്യത ഉണ്ട്. നവംബർ 22, 23 തീയതികൾ നല്ല കായങ്ങൾക്ക് വർജിക്കുന്നത് നല്ലതാണ്.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy,29/ 178 cm, Pooruruttathi, Fair,B.Tech,Clerk,Canara Bank,Pref: Permanent Job,Mob:9745672014


Email:naveenkrishnan33@gmail.com
Date of Birth:26-01-1993(9.35pm)
Sishta Dasa:




Contact Address:
MR.RADHAKRISHNAN S
INDEEVARAM
AIYERKULANGARA
VAIKOM
KOTTAYAM - 686141

Nair Boy, 26/5’10”, Moolam, White, B.Com, PG in Canada, employed in Canada, Mob:9947588963, 9847102687


Email:anithakripa1971@gmail.com
Date of Birth:10-4-1996(11.44pm)
Sishta Dasa:




Contact Address:
MR.KRIPA MENON
DEVI KRIPA
INDIRA NAGAR
KADAVANTHRA
ERNAKULAM - 682020

Nair Boy, 27/158cm,Pooram, Wheatish, B.Tech in Electronics and Communication, Working as Senior Service Engineer,Pref: Graduate, Mob:8547732034

Email:ashwinachu49@gmail.com
Date of Birth:20-10-1995(13.22pm)
Sishta Dasa:





Contact Address:
SMT.GIRIJA VISWANATH
VRINDAVAN
MICROWAVE STATION ROAD,1ST
MILE P.O KUMILI,
IDUKKI - 685509

# വരനെ ആവശ്യമുണ്ട്


Nair Boy, 34/177cm, Punartham 1/4 (Karkitakam),BE, BASE, Petroleum System Engineering,Quality Control Engineer,Pref: Professional Degree, Fair,Mob:9074367846, 9447519910

Email:gopigas1234@gmail.com
Date of Birth:23-4-1988(10.26am)
Sishta Dasa:Jupiter:2-3-24




Contact Address:
MR.GOVINDAN M N
6A, ALUKKAS NEST
NEAR VIVEKODAYAM BOYS H S SCHOOL,
THRISSUR

Nair Girl, 30/154cm,Punartham, Whitish, Slim,B.Tech Computer Science, Asst Manager,KPMG Bangalore ,Pref: B.Tech Software Engineer/Similar profession, except north end & south end of Kerala,Mob:9847062648/ 9388732648
Email:paratmukund@gmail.com
Date of Birth:7-5-1992(11.04am)
Sishta Dasa:Guru:14-6-17




Contact Address:
MR.P.G. MUKUNDA KUMAR
ANIZHAM PARAT
ULIYANNOOR P O
ALUVA
ERNAKULAM 683108

## THOTTEKKATT DIWAN'S MEMMORIAL HALL

### ERNAKULAM KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# എറണാകുളം കരയോഗം
## 2022



# ഉപനിഷദ് വിചാരയജ്ഞം

**2022 ഡിസംബർ 1 വ്യാഴം മുതൽ 7 ബുധൻ വരെ**

**യഞ്ജാചാര്യൻ**

# സംപൂജ്യ സ്വാമി ചിദാനന്ദപുരി

(അദ്വൈതാശ്രമം, കൊളത്തൂർ, കോഴിക്കോട്)

ഏവർക്കും സ്വാഗതം

**യജ്ഞവേദി**

ടി.ഡി.എം. ഹാൾ ഗംഗ, എറണാകുളം

**വൈകുന്നേരം 6 മുതൽ 8 വരെ**

*വായനാദിനത്തിടോനുബന്ധിച്ച് എറണാകുളം കരയോഗം ചാരിറ്റബിൾട്രസ്റ്റ് ശ്രീരുദ്രവിലാസം യു.പി. സ്കൂളിൽ നടന്ന ചടങ്ങിൽ നിന്ന്*







*എറണാകുളം കരയോഗത്തിന്റെ വൈകാരിക പിന്തുണനാകേന്ദ്രമായ ചൈത്രത്തിന്റെ 15-ാമത് വാർഷികാഘോഷ പരിപാടിയിൽ നിന്ന്*





DATE OF PUBLICATION: 10-11-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 14 November 2022 Issue No. 11



എറണാകുളം കരയോഗം ആയുഷ്യം പോളിക്ലിനിക്കിൽ രാവിലെ 10 മണി മുതൽ 11.30 വരെ ഡോ. മാലതി മെഡിക്കൽ ചെക്കപ്പും കോവിഡാനന്തര രോഗപരിശോധനയും ചികിത്സയും ആരംഭിച്ചിരിക്കുന്നു.



എറണാകുളം കരയോഗം സാംസ്കാരിക വിഭാഗം

## വയലാർ അനുസ്മരണം

13-11-2022 ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് ടി.ഡി.എം. യമുന ഹാളിൽ

ബീം നവംബർ മാസ പരിപാടി

## മിഴാവ് ഡബിൾ തായമ്പക

കലാമണ്ഡലം രാജീവ് ആന്റ് പാർട്ടി

26-11-2022 ശനിയാഴ്ച വൈകുന്നേരം 6.15 ന് ടി.ഡി.എം. ഹാളിൽ

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം